# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെല്ലനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ/റ്റിവിഎം/ജി പി-13/1551/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 09/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-14 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/റ്റിവിഎം/ജി പി-13/1551/2023 തീയ്യതി: 09/11/2023

## തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 67 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ ( ഹ ഗ്രേ) | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ലിഷ.കെ.വി (ഓഡിററ് ഓഫീസർ)

ശാലിനി. വി.കെ ( അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

സ്വപ്ന. എസ്(സീനീയർ ഗ്രേഡ് ഓഡിറ്റർ)

റീന.ആർ (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീന രാജേന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ബിജി ജോസഫ് | സെക്രട്ടറി | 01-04-2022 | 28-12-2022 |
| ഒഴിവ് | സെക്രട്ടറി | 29-12-2022 | 03-01-2023 |
| രാജീവ്.ടി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-01-2023 | 06-01-2023 |
| രവീന്ദ്രൻ പിള്ള | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-01-2023 | 01-02-2023 |
| ജോയ് കുമാർ.വി | സെക്രട്ടറി | 01-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഗോകുൽ. കെ എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 15-09-2022 |
| രശ്മി. കെ.നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-09-2022 | 23-09-2022 |
| ലോറൻസ്. എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-09-2022 | 21-11-2022 |
| രശ്മി. കെ.നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 21-11-2022 | 23-11-2022 |
| സുജ.കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-11-2022 | 31-03-2023 |
| സുമ റോസ് സുന്ദരൻ | കൃഷി ഓഫീസർ | 01-04-2022 | 30-08-2022 |
| ബിനി ജോസ് | കൃഷി ഓഫീസർ | 30-08-2022 | 26-02-2023 |
| സുമ റോസ് സുന്ദരൻ | കൃഷി ഓഫീസർ | 27-02-2023 | 31-03-2023 |
| ഡോ. രജീഷ് ചന്ദ്രൻ | വെറ്റിനറി സർജൻ | 01-04-2022 | 27-12-2022 |
| ഡോ.രഞ്ജിത്ത് | വെറ്റിനറി സർജൻ | 27-12-2022 | 11-01-2023 |
| ഡോ. ഇന്ദു ലേഖ.വി.എം | വെറ്റിനറി സർജൻ | 12-01-2023 | 31-03-2023 |
| ഡോ.സജി കുമാർ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2022 | 31-03-2023 |
| ആതിര. പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 24-06-2022 |
| സാവിത്രി.എ | ഐ സി ഡി എസ് സൂപ്പർവൈസർ | 24-06-2022 | 31-03-2023 |
| പുഷ്പകുമാരി. വി | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| പ്രദീപ് കുമാർ വി.ആർ | വി ഇ ഒ സർക്കിൾ 2 | 01-04-2022 | 31-03-2023 |
| വിനീഷ്. വി | വി ഇ ഒ സർക്കിൾ 1 | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| സരിത വിജയൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ആൻസി എ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ സ്മിത എൻ | മെഡിക്കൽ ഓഫീസർആയുർവേദം | 01-04-2022 | 31-03-2023 |
| പ്രസാദ് എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 18-10-2022 |
| ഹുസൈൻ. കെ | അസിസ്റ്റന്റ് സെക്രട്ടറി | 18-10-2022 | 31-12-2022 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-01-2023 | 06-01-2023 |
| രാജീവ്. ടി. കെ | അസിസ്റ്റന്റ് സെക്രട്ടറി | 07-01-2023 | 31-03-2023 |

..

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂകൾ സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | കഴിഞ്ഞവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി/ബാധ്യതകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-5 |
| 7 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നതിന് മുൻപായി തുക പിൻവലിച്ചു | 1-1-6 |
| 8 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-7 |
| 9 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-9 |
| 11 | ലഡ്ജർ ബാലൻസുകളും ആ ശീർഷകവുമായ ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-10 |
| 12 | നിക്ഷേപസർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-11 |
| 13 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റ് ആയി നൽകിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല | 1-1-13 |
| 15 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-15 |
| 17 | വാർഷിക കണക്കുകളിലെ തുകകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-16 |

| | | |
|---|---|---|
| 18 | ഒഡവാർഷികധനകാര്യപത്രിക-മറ്റ് പരാമർശങ്ങൾ | 1-1-17 |
| 19 | ILGMS അക്കൗണ്ടിംഗ് -നിലവിലെ അപാകതകൾ | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-6 |
| 25 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി | 1-6-1 |
| 26 | മരണം റിപ്പോർട്ട് ചെയ്യുന്നില്ല | 1-6-2 |
| 27 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 29 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 30 | ആലന്തറ മണ്ഡപം ദീപനഗർ റോഡ് കോൺക്രീറ്റിംഗ് - സ്റ്റാക്ക് ചെയ്തതിനേക്കാൾ കൂടുതൽ അളവിന് കരാറുകാരന് തുക നൽകി | 1-9-1 |
| 31 | സിംഗിൾ ടെണ്ടറുകൾ അംഗീകരിച്ചു- പ്രവൃത്തികൾ റീടെണ്ടർ ചെയ്തില്ല | 1-9-2 |
| 32 | മണ്ണടിക്കടവ് നെല്ലനാട് യു.പി.എസിന് സമീപം റോഡ് കോൺക്രീറ്റിംഗ്- എല്ലാ മെറ്റീരിയൽ ഇനങ്ങളും ടെണ്ടറിൽ ഉൾപ്പെടുത്തിയില്ല | 1-9-3 |
| 33 | കോട്ടുകുന്നം ഏലാ പരപ്പാറ മാടൻനട റോഡ് നിർമ്മാണവും കോൺക്രീറ്റിംഗും - ക്വാട്ട് ചെയ്തതിനേക്കാൾ കൂടുതൽ നിരക്ക് കരാറുകാരന് നൽകി | 1-9-4 |
| 34 | ടെണ്ടർ നിരക്ക് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരന് തുക നൽകി | 1-9-5 |
| 35 | പോർട്ട് ലാൻഡ് സിമന്റിന് -മിഷൻ ഡയറക്ടറുടെ ഉത്തരവ് പ്രകാരമുള്ള തുകയേക്കാൾ കൂടുതൽ തുക നൽകി | 1-9-6 |
| 36 | മെറ്റീരിയൽ പ്രവൃത്തികളിൽ-തൊഴിലുറപ്പ് തൊഴിലാളികളുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടില്ല | 1-9-7 |
| 37 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 38 | നികുതി വരുമാന ശേഖരണം - അവലോകനം | 1-11 |
| 39 | വസ്തു നികുതി- 443920/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-11-1 |
| 40 | മൊബൈൽ ഫോൺ ടവറിന്റെ നികുതി ഈടാക്കിയിട്ടില്ല | 1-11-2 |
| 41 | ഒറ്റത്തവണ കെട്ടിട നികുതി - വിശദാംശം ലഭ്യമാക്കിയില്ല | 1-11-3 |
| 42 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് | 1-11-4 |
| 43 | കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-11-5 |
| 44 | വാടക ഒടുക്കു വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-12 |

| | | |
|---|---|---|
| 45 | FTAEOS ലൈസൻസ് അപാകതകൾ | 1-13 |
| 46 | ലേലം അപാകതകൾ | 1-14 |
| 47 | പെർമിറ്റ് രജിസ്റ്ററുകൾ യഥാവിധം പരിപാലിക്കുന്നില്ല. | 1-15 |
| 48 | അങ്കണവാടി കേന്ദ്രങ്ങളിലെ അനുപൂരക പോഷകാഹാര പരിപാടി- 2656430/- രൂപ തടസ്സപ്പെടുത്തുന്നു | 1-16 |
| 49 | അങ്കണവാടി കേന്ദ്രങ്ങളിലെ അനുപൂരക പോഷകാഹാര പരിപാടി- 480912/- രൂപ തടസ്സപ്പെടുത്തുന്നു | 1-17 |
| 50 | സ്നേഹസ്പർശം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-18 |
| 51 | ചെലവ് രേഖകൾ ഹാജരാക്കിയില്ല 95000/- രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 52 | ആശ്രയ അഗതി രഹിത കേരളം പദ്ധതി നിർവഹണത്തിൽ അപാകത 100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-20 |
| 53 | ബഡ്സ് സ്കൂൾ വാഹന സൗകര്യം ഏർപ്പെടുത്തൽ ചെലവ് രേഖകൾ ഹാജരാക്കിയില്ല 102600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-21 |
| 54 | ആവശ്യകതാ നിർണ്ണയം നടത്താതെ ലാപ് ടോപ്പ് വാങ്ങി 36,553 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-22 |
| 55 | പാഥേയം പദ്ധതി -വിനിയോഗ വിവരം ലഭ്യമാക്കിയില്ല-1,57,248 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-23 |
| 56 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമാണം പൂർത്തിയാക്കിയില്ല. | 1-24 |
| 57 | എസ് എസ് കെ വിഹിതം ഒടുക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -10,75,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-25 |
| 58 | വിദ്യാവെളിച്ചം പദ്ധതി നിർവ്വഹണത്തിൽ അപാകം - 219480 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-26 |
| 59 | അധികമായി പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കി | 1-27 |
| 60 | രംഗപ്രഭാത് റോഡിലെ പാലത്തിന്റെ അപകടാവസ്ഥ-തുടർനടപടി വിവരം ലഭ്യമാക്കിയിട്ടില്ല | 1-28 |
| 61 | മുൻകൂറായി നൽകിയ തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-29 |
| 62 | പേമെന്റ് ഓർഡർ ലഭ്യമാകുന്നതിനുമുൻപ് തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിക്കുന്നു. | 1-30 |
| 63 | കുടുംബശ്രീ സരസ് മേള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-31 |
| 64 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ | 1-32 |
| 65 | ഗുണഭോക്താക്കളെ ഗ്രാമസഭാ സാധൂകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-33 |

| | | |
|---|---|---|
| 66 | കന്നുകുട്ടി പരിപാലന പദ്ധതി 4,05,936 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 4,05,936 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-34 |
| 67 | വെഞ്ഞാറമൂട് മാർക്കറ്റിൽ ക്യാമറ സ്ഥാപിക്കൽ - 183026/- രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 68 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - 2080000/-രൂപ തടസ്സപ്പെടുത്തുന്നു | 1-36 |
| 69 | ഗ്രന്ഥശാലയ്ക്ക് ഭൂമി വാങ്ങൽ - ആസ്തിയിൽ ഉൾപ്പെടുത്തിയില്ല | 1-37 |
| 70 | വ്യവഹാര രഹിത പഞ്ചായത്ത് - തുടർ നടപടി വിവരം ലഭ്യമാക്കിയില്ല | 1-38 |
| 71 | കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വാർഷിക അറ്റകുറ്റപ്പണി | 1-39 |
| 72 | തെരുവ് വിളക്ക് മെയിന്റനൻസ് - അപാകങ്ങൾ | 1-40 |
| 73 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -₹457266 തടസ്സപ്പെടുത്തുന്നു | 1-41 |
| 74 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - 67469/- രൂപയുടെ മരുന്ന് ലഭിച്ചില്ല | 1-42 |
| 75 | പ്ളാസ്റ്റിക് മാലിന്യങ്ങൾ തരം തിരിക്കാതെ നൽകി- വരവിനത്തിൽ തുക ലഭിക്കാതെ പഞ്ചായത്തിന്റെ ചെലവിൽ കരാറെടുത്ത സ്ഥാപനത്തിന് മാലിന്യ നീക്കം ചെയ്യുന്നതിന് തുക അനുവദിച്ച | 1-43 |
| 76 | എറിപാറ കോളനി റോഡ് കരാറുകാരൻ നഷ്ട തുക അടവാക്കിയിട്ടില്ല. | 1-44 |
| 77 | ആസ്തി സംരക്ഷണം, ആസ്തി രജിസ്റ്റർ കാലികമാക്കൽ എന്നിവ പൂർണ്ണമായും നടപ്പിലായില്ല | 1-45 |
| 78 | ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചില്ല- കമ്മറ്റി തീരുമാന പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-46 |
| 79 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-47 |
| 80 | എം സി എഫുകളുടെ പ്രവർത്തനം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-48 |
| 81 | ടേക്ക് എ ബ്രേക്ക് ശൌചാലയ സമുച്ചയം- ഉദ്ഘാടനം കഴിഞ്ഞ് ആഴ്ചകൾക്കുള്ളിൽ കേടു പാടുകൾ വരുത്തി- ഉത്തരവാദികൾക്കെതിരെ സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കിയില്ല | 1-49 |
| 82 | ഇ - ടെണ്ടർ ഇനത്തിൽ ലഭിച്ച തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് കൈമാറാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ കറന്റ് അക്കൌണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. | 1-50 |
| 83 | കമ്മറ്റി തീരുമാനം നടപ്പിലായില്ല | 1-51 |
| 84 | ഭവന പുനരുദ്ധാരണം (ജനറൽ)- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-52 |
| ഭാഗം **2** | | |
| --- No Records Found --- | | |

| ഭാഗം **3** | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.07.2023ലെ 1(5) -ാം നമ്പർ ജനറൽ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.07.23 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെല്ലനാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെല്ലനാട് ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഉദാ റേഷ്യോസ്, നോട്ട്സ് ഓൺ അക്കൗണ്ടുകളടൊപ്പം ഉള്ള പത്രികകൾ

### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂകൾ സമർപ്പിച്ചിട്ടില്ല

വാർഷിക കണക്കുകളുടെ ഷെഡ്യൂകൾ സമർപ്പിച്ചിട്ടില്ല

ഉദാഹരണം- തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 ഷെഡ്യൂളിന്റെ വിശദാംശങ്ങൾ ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-3 കഴിഞ്ഞവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി/ബാധ്യതകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം.

കഴിഞ്ഞവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി/ബാധ്യതകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം. വിശദാംശം ചുവടെ

| ഹെഡ്സ് കോഡ് | 2021-22 വർഷത്തെ എ.എഫ്.എസ് പ്രകാരം നീക്കിയിരിപ്പ് | 2022-23 വർഷത്തെ എ.എഫ്.എസ് പ്രകാരമുള്ള മുന്നിരിപ്പ് |
|---|---|---|
| 320200104 | 0 | 438061 |

| | | |
|---|---|---|
| 350300112 | 0 | 5 |
| 415110001 | 0 | 3069159 |
| 415120008 | 0 | 4868033 |
| 450210101 | 30795630 | 50674405 |
| 450210102 | 1030582 | 18654 |
| 450210103 | 14933784 | ൦ |
| 450250102 | 1000000 | 0 |
| 450410101 | 66393 | 0 |
| 450420101 | 425523 | 0 |
| 450430101 | 18654 | 0 |
| 450610102 | 30710 | 0 |
| 450610103 | 696418 | 0 |
| 450610104 | 34088 | 0 |
| 450610105 | 2661272 | 0 |
| 450650109 | 1000000 | 0 |
| 320200112 | 438061 | 0 |
| 340200102 | 615510 | 0 |
| 350200116 | 18528 | 0 |
| 410300101 | 2533191 | 0 |
| 410710101 | 2478673 | 0 |
| 410710103 | 1957311 | 0 |
| 410710199 | 432049 | 0 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 3 ന് ILGMSൽ ലഭ്യമായ ഹെഡ്ഡുകളാണ് ചെയ്തിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ILGMS ലേക്ക് മാറിയപ്പോൾ ഹെഡുകൾ മാറിയതിന്റെ ആധികാരികത, തുകയുടെ ക്രമീകരണം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കി അപാകം പരിഹരിക്കേണ്ടതാണ്.

## 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 3 ന് ആയത് കമ്പ്യൂട്ടർ ജനറേറ്റഡ് റിപ്പോർട്ട് ആണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്

## 1-1-5 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

രസീത് പ്രകാരമുള്ള വരവുകൾ തെറ്റായ ശീർഷകത്തിൽ നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം. തീയതി | തുക | രസീത് പ്രകാരം ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | രസീത് ചെയ്തിരിക്കുന്ന ശീർഷകം |
|---|---|---|---|
| 1220103312/26.9.22 | 1500 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരം പ്രൊഫഷൻ ടാക്സ് ഇനത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നത് | Renewal Of Registration |
| 1220100018/5.4.2022 | 500 | Licence Fee Of FACTEOS | Registration Fee For Paramedical Institutions |
| 1220100475/27.4.22 | 3500 | Profession Tax&renewal Of Licence Fees | Renewal Of Licence Fee |
| 1220101844/27.6.22 | 2700 | Profession Tax -Traders | Renewal Of Registration |
| 1220102415/1.8.22 | 1000+1500 | Licence Fee Of FACTEOS-1000<br>Profession Tax-1500 | Renewal Of Licence Fee |

## 1-1-6 ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നതിന് മുൻപായി തുക പിൻവലിച്ചു

ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തുന്നതിനു മുൻപുതന്നെ ചെക്ക് മുഖേന തുകകൾ പിൻവലിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 34 ന് ദിവസവേതന ജീവനക്കാർ, എം.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർ എന്നിവരുടെ ശമ്പളവും സ്ഥിരജീവനക്കാരുടെ ശമ്പളവും ഒരുമിച്ച് നൽകിയതിനാൽ പേമെന്റ് ഓർഡർ അപ്രൂവ് ആകുന്നതിന് മുൻപ് ചെക്ക് മുഖേന തുകകൾ പിൻവലിച്ചിട്ടുണ്ടെന്നും ഇലക്ട്രിസിറ്റി ചാർജ്ജ് പിഴ കൂടാതെ അടയ്ക്കേണ്ടതിനാൽ പേമെന്റ് ഓർഡർ അപ്രൂവ് ആകുന്നതിനു മുൻപ് ചെക്ക് തുകകൾ പിൻവലിച്ചിട്ടുണ്ടെന്നും മേലിൽ

ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയതിന ശേഷം മാത്രം തുകകൾ പിൻവലിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-7 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. വിശദാംശം ചുവടെ ചേർക്കുന്നു

I. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം വാട്ടർ അതോറിറ്റിയിൽ ആകെ 2080000/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽത്തുക Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. 460500201 എന്ന ജേണലിന്റെ ലഡ്ജർ പ്രകാരം മുന്നിരിപ്പായ 5870336/- ൽ നിന്ന് വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിച്ച 1107728/- കുറവ് ചെയ്ത് 4762608/- രൂപയാണ് നീക്കിയിരിപ്പായി ഡെപ്പോസിറ്റ് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

Ii. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം കെ.എസ്.ഇ.ബിയിൽ ആകെ 281386/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ മേൽത്തുക Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. 460500202 എന്ന ജേണലിന്റെ ലഡ്ജർ പ്രകാരം മുന്നിരിപ്പായ 423308/- രൂപ തന്നെയാണ് ഡെപ്പോസിറ്റ് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 34 ന് പ്രസ്തുത ഡെപ്പോസിറ്റ് വർക്കുകളുടെ തുകകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങളുണ്ടാകാതിക്കാൻ ശ്രദ്ധിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

III) RP-49 പ്രകാരം Advance To Implementing Agencies -Deposit With Kerala Water Authority പ്രകാരം 1107728/- രൂപ വരവിനത്തിൽ ബുക്ക് ചെയ്തിട്ടുണ്ട്. ഇത് ഏത് പദ്ധതിയ്ക്കായി വാട്ടർഅതോറിറ്റിയിൽ നിക്ഷേപിച്ച തുകയാണെന്നും ആകെ എത്ര തുകയാണ് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതെന്നും വ്യക്തമല്ല വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാനും വിനിയോഗസാക്ഷ്യപത്രം പ്രകാരം ചെലവഴിച്ച തുക ആസ്തിശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34 ന് ഇ-ഗ്രാം സ്വരാജ് സപ്പോർട്ടിംഗ് ടിം നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഹെഡ്ഡിൽ തുക രേഖപ്പെടുത്തിയതെന്നും ജേണൽ മുഖേന അപാകത പരിഹരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

IV) RP-49 പ്രകാരം Advance To Implementing Agencies -Deposit With Kerala Water Authority പ്രകാരം 1107728/- രൂപ വരവിനത്തിൽ ബുക്ക് ചെയ്തിട്ടുണ്ട്. മേൽത്തുക ലഡ്ജർ പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് -ടൈഡ് ഇനത്തിലെ തുക വാട്ടർഅതോറിറ്റിയിൽ നിക്ഷേപിച്ചതിൽ ചെലവഴിക്കാതെ അവശേഷിച്ച തുക തിരികെ ലഭിച്ചതാണ്. മേൽത്തുക ശീർഷകം മാറി രസീത് ചെയ്തതിനാലും ജേണൽ മുഖേന ക്രമീകരിക്കാത്തതിനാലും B-4 ഷെഡ്യൂൾ പ്രകാരമുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റ് Liability Head ൽ ആയത് പ്രതിഫലിച്ചിട്ടില്ല.

### 1-1-8 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ഉദാഹരണം കേന്ദ്രാവിഷ്കൃതഫണ്ടുകൾ, സംസ്ഥാനാവിഷ്കൃതഫണ്ടുകൾ എന്നിവയുടെ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ. വരും വർഷങ്ങളിൽ അവ പരിപാലിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 34 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ- വസ്തുനികുതി ലഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. 31.3. 2023 ൽ മാത്രമാണ് എൻട്രി വരുത്തിയിട്ടുള്ളത്.

വസ്തു നികുതി അതാത് മാസം ഡിമാന്റ് ചെയ്യുന്നത് പ്രായോഗികമല്ലായെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം, 34 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്

### 1-1-10 ലഡ്ജർ ബാലൻസുകളും ആ ശീർഷകവുമായ ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ലഡ്ജർ ബാലൻസുകളും ആ ശീർഷകവുമായ ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

## 1-1-11 നിക്ഷേപസർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

B-12 Schedule പ്രകാരമുള്ള ആകെ ഇൻവെസ്റ്റ്മെന്റ് ആയ 6779728 ൽ 1779728/- രൂപയുടെ F.D രസീത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 1284600/- രൂപയുടെ രസീത് OS No. 03/2007 നമ്പർ കേസിൽ കോടതിയിൽ ഹാജരാക്കിയിട്ടുണ്ടെന്നും F.D രസീതിന്റെ കോപ്പി മാത്രമേ ലഭ്യമായിട്ടുള്ളൂവെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2023 ന് 1779728/- രൂപ നീക്കിയിരിപ്പുണ്ട്.

## 1-1-12 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

I. B-4 Schedule പ്രകാരം SSA എന്ന ശീർഷകത്തിൽ 181076/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B-17 പ്രകാരം പ്രസ്തുത അക്കൌണ്ടിലെ നീക്കിയിരിപ്പ് 716666/- രൂപയാണ്.

Ii. B-4 Schedule പ്രകാരം Literacy Scheme Grant എന്ന ശീർഷകത്തിൽ 97541/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B-17 പ്രകാരം പ്രസ്തുത അക്കൌണ്ടിലെ നീക്കിയിരിപ്പ് 35019/- രൂപയാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 34 ന് മുൻവർഷങ്ങളിൽ ഗ്രാന്റ് തുകകൾ തനത് ഫണ്ട് അക്കൌണ്ടിലാണ് വരവ് വന്നിട്ടുള്ളതെന്നും എസ്.എസ്.എ, സാക്ഷരത എന്നിവയ്ക്ക് പ്രത്യേകം അക്കൌണ്ട് തുടങ്ങിയതിനുശേഷം വന്ന ഗ്രാന്റുകൾ മാത്രമാണ് ടി അക്കൌണ്ടുകളിലെ നീക്കിയിരിപ്പെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ക്രമീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-1-13 സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റ് ആയി നൽകിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

ചുവടെ ചേർക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനായി സി.എഫ്.സി Tide ഗ്രാന്റ് ഉപയോഗിച്ച് ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| പ്രോജക്ട് | തുക | റിമാർക്സ് |
|---|---|---|
| 31, വെഞ്ഞാറമൂട് മാർക്കറ്റ് നവീകരണം | 874658 | മാർക്കറ്റിൽ ടോയ്ലറ്റ്, ഡ്രസ്സിംഗ് റൂം എന്നിവ നിർമ്മിച്ചിട്ടുണ്ട്. |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 63 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-1-14 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഇനം | ഡിമാന്റ് (രജിസ്റ്റർ പ്രകാരം)/ സഞ്ചയ പ്രകാരം | ഡിമാന്റ് (എ.എഫ്. എസ് പ്രകാരം) | കളക്ഷൻ (രജിസ്റ്റർ പ്രകാരം)/ സഞ്ചയ പ്രകാരം | കളക്ഷൻ (എ.എഫ്. എസ് പ്രകാരം) | ബാലൻസ് (രജിസ്റ്റർ പ്രകാരം)/ സഞ്ചയ പ്രകാരം | ബാലൻസ് (എ.എഫ്. എസ് പ്രകാരം) |
|---|---|---|---|---|---|---|
| കെട്ടിട നികുതി Residential (തൻവർഷം) Arrear+current | 3974514 | 4003270 | 3911288 | 3903534 | 62532 | 66078 |

| | | | | | | |
|---|---|---|---|---|---|---|
| കെട്ടിട നികുതി Non Residential(തൻവർഷം) Arrear+current | 7202397 | 7062412 | 6806317 | 6796921 | 359828 | 377842 |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 4075166 | 5260492 | 3963316 | 4504957 | 111850 | 755535 |

ലേലം, ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം, എന്നിവയുടെ ഡി.സി.ബി പത്രിക രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ ലഭ്യമാക്കിയിട്ടില്ല. കെട്ടിട നികുതി തന്നാണ്, കുടിശ്ശിക എന്നീ തുകകളിൽ ലൈബ്രറി സെസ് തുക കൂടി ഉൾപ്പെട്ടിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി നം. 34 ന്റെ മറുപടി

## 1-1-15 കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

മുൻവർഷ എ.എഫ്.എസ് RP 40(b) പ്രകാരം State Bank Of India-e-payment നീക്കിയിരിപ്പ് 1030582/- രൂപയാണ്. എന്നാൽ തൻവർഷ എ.എഫ്.എസ് പ്രകാരം ഈയിനത്തിലെ മുന്നിരിപ്പ് 1030587/-രൂപയാണ്. 2021-22 സാമ്പത്തിക വർഷം ഇ-പേമെന്റ് അക്കൌണ്ടിൽ 5/- രൂപ തെറ്റായി വരവ് വന്നിട്ടുണ്ടെന്നും അത് സോഫ്റ്റ് വെയറിൽ വന്ന അപാകതയാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

## 1-1-16 വാർഷിക കണക്കുകളിലെ തുകകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ലേലം, ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം, എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ ലഭ്യമാക്കിയിട്ടില്ല.

## 1-1-17 ഒവാർഷികധനകാര്യപത്രിക-മറ്റ് പരാമർശങ്ങൾ

1. രസീത് പ്രകാരം താഴെപ്പറയുന്ന ഡി.ഡികൾ വരവ് വെച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ തുകകൾ ചെക്ക്/ഡിഡി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

| രസീത് നം. | ഇനം | തുക |
|---|---|---|
| 1220109698/4.3.2023 | Professiontax (Employees) | 16250(D.Dno. 666940) |
| 1220109699/4.3.2023 | Professiontax (Traders Institutions) | 1250(D.D No.666940) |

2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വരവ് 190782441/- രൂപയും ആകെ ചെലവ് 194014829/- രൂപയുമാണ്. വരവിനേക്കാൾ കൂടുതലായി ചെലവ് ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 34 ന് ജനറൽ പർപ്പസ് ഫണ്ട് 1300500/- രൂപ മാത്രമാണ് ലഭിച്ചതെന്നും തനത്ഫണ്ട്, പ്ലാൻ പ്രോജക്ടുകൾക്ക് ഒന്നരക്കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഡിപ്രീസിയേഷന്റെ തുക കൂടി വരുന്നതുകൊണ്ടാണ് വരവിനെ അധികരിച്ച് ചെലവ് നിൽക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അക്കൗണ്ടിംഗിലെ അപാകം പരിഹരിച്ച് അറിയിക്കേണ്ടതാണ്.

3. മുൻവർഷ എ.എഫ്.എസ് പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പ് 2661272/- രൂപയും (B-4 പ്രകാരം) തൻവർഷ എ.എഫ്.എസ് പ്രകാരം വരവ് 8324231/- (RP-30 പ്രകാരം) രൂപയും സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലെ ആകെ ചെലവ് 6133404/- രൂപയുമാണ്. അതായത് ആകെ നീക്കിയിരിപ്പ് 4852099/-രൂപ. എന്നാൽ തൻവർഷ B-4 ഷെഡ്യൂൾ പ്രകാരം ആയത് 5616809/ രൂപയും B-17 പ്രകാരം ആയത് 6724466/- രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. അഡ്വാൻസ് ഹെഡ്ഡിൽ വരവെടുത്തതിനാലാണ് ആയത് പൊരുത്തപ്പെടാത്തതെന്നും ജേണൽ മുഖേന അപാകത പരിഹരിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറി 34 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

4. കാനറ ബാങ്ക് ( KURDFC) അക്കൌണ്ട് നം. 110044667244ന്റെ ബാങ്ക് ബുക്കിൽ 5.3.2023, 27.3.2023 എന്നീ തീയതികളിൽ ക്രെഡിറ്റ് ബാലന്സ് രേഖപ്പെടുത്തിയിരിക്കുന്നു. കാനറ ബാങ്കിൽ വരവ് വന്ന തുക 31.03.2023 ന് മാത്രമാണ് ഐ.എൽ.ജി.എം.എസിൽ വരവെടുത്തതെന്നാണ് ഓഡിറ്റ് എൻക്വയറി 34 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും ILGMS ൽ കൃത്യമായി വരവ് വന്ന ദിവസം തന്നെ Update ചെയ്യേണ്ടതാണ്.

5. മുൻവർഷ എ.എഫ്.എസിന്റെ B-4 ഷെഡ്യൂൾ പ്രകാരം Recoveries Payable-Covid എന്ന ശീർഷകത്തിൽ 139100/- രൂപ നീക്കിയിരിപ്പുണ്ട്. തൻവർഷം ഈയിനത്തിൽ ചെലവുകളോ വരവോ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ തൻവർഷത്തെ എ.എഫ്.എസ് B-4 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ ലയബിലിറ്റി രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 34 ന് സാംഖ്യയിൽ 350200119 എന്ന ശീർഷകം B-4 ലാണെന്നും എന്നാൽ തൻവർഷം *ILGMS* ൽ പ്രസ്തുത ശീർഷകം ബി-9 ലാണ് ഉൾപ്പെട്ടിരിക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

6. AFS പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ MNREGS ന്റെ Administrative Expense ഇനത്തിലെ ആകെ വരവ് 1225595/- രൂപയാണ്. എന്നാൽ എം.എൻ.ആർ.ഇ.ജി.എസിന്റെ ക്യാഷ്ബുക്ക് പ്രകാരം ആയത് 1225630.7 രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. B-9 ഷെഡ്യൂൾ ഹെഡ്കോഡ് 350300102 പ്രകാരം 20/- രൂപയും ഹെഡ്കോഡ് 350300111 പ്രകാരം 6356/- രൂപയും അവശേഷിക്കുന്നുണ്ട്. ഈ തുകകൾ ഇപ്രകാരം പ്രസ്തുത ഹെഡ്ഡിൽ അവശേഷിക്കുന്നതിന്റെ കാരണവും തുക സർക്കാരിലേയ്ക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34 ന് 20 രൂപ തെറ്റായ ശീർഷകത്തിൽ വരവെടുത്തിട്ടുള്ളതാണെന്നും 350300111 പ്രകാരമുള്ള തുക ഫ്ലഡ് സെസ് ഇനത്തിൽ വരവെടുത്തിട്ടുള്ളതാണെന്നും 2022 ജൂലൈ മാസം വരെ മാത്രം ഫ്ലഡ് സെസ് എടുക്കാനാണ് സർക്കാർ ഉത്തരവുണ്ടായിരുന്നതെന്നും എന്നാൽ 6356/- രൂപ ജൂലൈ 2022 ന് ശേഷം വരവെടുത്തിട്ടുള്ളതാണെന്നും മേൽ തുക സർക്കാരിലേയ്ക്ക് അടവാക്കാൻ കഴിയില്ലായെന്നമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത തുകകൾ ക്രമീകരിച്ച് അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. B-9 ഷെഡ്യൂൾ പ്രകാരം 350400107 പ്രകാരം 23700/- രൂപയും 350400999 പ്രകാരം 105000/- രൂപയും അവശേഷിക്കുന്നുണ്ട്. ഈ തുകകൾ ഇപ്രകാരം പ്രസ്തുത ഹെഡ്ഡിൽ അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമല്ല

9. . B-18 ഷെഡ്യൂൾ പ്രകാരം ഫെസ്ററിവൽ അഡ്വാൻസിനത്തിൽ 12000/- രൂപയും Other Advances ഇനത്തിൽ 31500/- രൂപയും അവശേഷിക്കുന്നുണ്ട്. അവ മുൻവർഷങ്ങളിലും B-18 പ്രകാരം അവശേഷിച്ച തുകയാണ്. ഇപ്രകാരം മേൽത്തുകകൾ ക്രമീകരിച്ച് തുടർനടപടി സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

10. 2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) ൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഷെഡ്യൂളിൽ 235180/- രൂപയാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത്. മേൽത്തുക 2021-22 വർഷത്തെ എ.എഫ്.എസ് പ്രകാരമുള്ള നീക്കിയിരിപ്പാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം, 63 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

11. 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ 350800101-Liability In Respect Of Stale Cheque എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരുന്ന 5747240/- രൂപ ഉൾപ്പെടെ 2022-23 വർഷം പ്രസ്തുത ഹെഡ്ഡിൽ നീക്കിയിരിപ്പുള്ള 580120/- രൂപയിൽ നിയമാനുസൃത സമയപരിധി കഴിഞ്ഞവ ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

## 1-1-18 ILGMS അക്കൗണ്ടിംഗ് -നിലവിലെ അപാകതകൾ

### ILGMS അക്കൌണ്ടിംഗ്

01.04.2022 ൽ പഞ്ചായത്ത് ILGMS എന്ന പുതിയ Software യിലേയ്ക്ക് മാറിയ സാഹചര്യത്തിൽ അതിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. Account Head കളിലെ വ്യത്യാസം

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ Trial Balance, 2022-23 ലെ ILGMS Trial Balance എന്നിവ പരിശോധിച്ചതിൽ ഇനങ്ങളുടെ അക്കൗണ്ട് ഹെഡുകളിൽ വ്യത്യാസം വന്നിരിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Item | Headcode As Per Sankya AFS | Headcode As Per ILGMS AFS |
|---|---|---|
| NREGA | 320100101 | 320100128 |
| ICDS | 320100121 | 320100196 |
| Fee For Issue Of Death Certificate | 140130102 | 140130106 |

| | | |
|---|---|---|
| Fee For Issue Of Marriage Certificate | 140130103 | 140130112 |
| Fee For Extracts Ofas Per RTI | 140130104 | 140130119 |
| Government And Other Dues Payable-CGST | 350300110 | 350200205 |
| Government And Other Dues Payable-SGST | 350300111 | 350200206 |
| Property Tax Non -Residential Buildings | 110100103 | 1110100102 |
| Election Deposit | 340200107 | 340100303 |
| Waste Management- Sewage Treatment Plant | 410800101 | 410700199 |

ഇപ്രകാരം അക്കൗണ്ട് ഹെഡുകളിൽ മാറ്റം വരുത്തിയതിന്റെ ആധികാരികത വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3 ന് ഓപ്പണിംഗ് ബാലൻസ് രേഖപ്പെടുത്തിയ സമയം ILGMS ൽ ലഭ്യമായ ഹെഡ്ഡുകളാണ് ചെയ്തിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവുകളിലൂടെ ഓരോ ഇനങ്ങൾക്കും ലഭ്യമായ ഹെഡ് കോഡ് പരിശോധിച്ച് അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. ഒരേ അക്കൗണ്ട് ഹെഡിന് സാംഖ്യയിലും ഐ എൽ ജി എം എസ്-ലും വെവ്വേറെ ഇനം രേഖപ്പെടുത്തിയിരിക്കുന്നു.

| Account Head | Sankhya | ILGMS |
|---|---|---|
| 140130104 | Fees For Extracts As Per RTI Act | Fee For Name Inclusion After School Admission |
| 140130105 | Fee For Non Availability Certificate | Fee Fro Name Inclusion Of Those Who Didn"t Join School+certificate |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 3 ന് ILGMSൽ ലഭ്യമായ ഹെഡ്ഡുകളാണ് ചെയ്തിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

3. സാംഖ്യയിലെ B-11 എന്ന ഷെഡ്യൂളിന് പകരം ഐ എൽ ജി എം എസ്-ൽ B-11, B-11 (A), B-11 (B), B-11 (C), B-11 (D), B-11 (E) എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ സാംഖ്യയിലെ B-11 (A) യിൽ ഉൾപ്പെടുത്തിയിരുന്ന Capital Work In Progress എന്ന ഇനം ഐ എൽ ജി എം എസ്-ൽ B-11 (B) ആയി ചേർത്തിരിക്കുന്നു.

4. സാംഖ്യയിലേയും ഐ എൽ ജി എം എസ്-ലേയും RP ഷെഡ്യൂളുകളിൽ വ്യത്യാസം കാണുന്നു.

| Schedule | Sankhya | ILGMS |
|---|---|---|
| Grants, Funds & Contributions For Specific Purposes | RP- 31 | RP- 30 |
| Secured Loans | RP- 32 | RP- 31 |
| Deposits Received | RP- 34 | RP- 33 |
| Other Liabilities | RP- 36 | RP- 35 |
| Sundry Debtors (Receivables) | RP- 43 | RP- 45 |
| Establishment Expenses | RP- 11 | RP- 12 |
| Administrative Expenses | RP- 12 | RP- 13 |
| Operations & Maintenance | RP- 13 | RP- 14 |
| Loans, Advances & Deposits | RP- 47 | RP- 49 |

ക്രമ നം, 3,4 എന്നിവയിലെ പരാമർശത്തിന് സോഫ്റ്റ് വെയർ ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകളാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

4. ഹെഡുകൾ പലതായി തരംതിരിക്കപ്പെട്ടിരിക്കുന്നു.

ഉദാ :- 2019-20 ലെ AFS പ്രകാരം B11 Fixed Assets എന്നത് -

B11 (C) Capital Expenses Production Sector

B11 (D) Capital Expenses Service Sector

B11 (E) Capital Expenses Infrastructure Sector

എന്നിങ്ങനെ മൂന്ന് സബ് ഷെഡ്യൂളുകളായി തിരിച്ചിരിക്കുന്നു. തുകകൾ പൊരുത്തപ്പെടുത്തുന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അക്കൗണ്ട് ഹെഡുകളുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പൊരുത്തക്കേടുകൾ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ കൃത്യവും പൂർണവുമായ ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. ഇ-സബ്മിറ്റ് ചെയ്യപ്പെട്ട അക്കൗണ്ട്സും ILGMS-ന്റെ Auditor Login-ൽ ലഭ്യമായ അക്കൗണ്ട്സും മുൻ വർഷത്തെ സാംഖ്യ അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ IKM, ഭരണ വകുപ്പ് എന്നിവരിൽ നിന്നും നിർദ്ദേശങ്ങൾ തേടി പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-2 ബജറ്റ്

ബജറ്റ് 25.3.2022ലെ 1/1 നം. തീരുമാനപ്രകാരവും റിവൈസ്ഡ് ബജറ്റ് 20.03.2023 തീയതിയിലെ 4/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 24638332 |
| വരവ് | 410670500 |
| ആകെ | 435308832 |
| ചെലവ് | 429690000 |
| നീക്കിയിരിപ്പ് | 5618832 |

റിവൈസ്ഡ് ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 24661332 |
| വരവ് | 355375522 |
| ആകെ | 380036854 |
| ചെലവ് | 368477908 |
| നീക്കിയിരിപ്പ് | 11558946 |

1. ബജറ്റ് രൂപീകരണം

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ബജറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമല്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും

അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214, ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 42 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

I) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയോ കുറവായോ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 12100000 | 11789104 | 9550200 |
| 2 | 1102001 | തൊഴിൽ നികുതി | 6030000 | 6030000 | 6463600 |
| 3 | 1104001 | വിനോദനികുതി | 0 | 30000 | 16187 |
| 4 | 1301001 | സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക | 3750000 | 4109568 | 4075166 |

ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതുമാണ്.

പ്രതീക്ഷിത വരവും യഥാർത്ഥ വരുമാനവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി സജീവ ഇടപെടൽ നടത്തേണ്ടതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ തനത് വരുമാനത്തിന്റെ വർധനവ് ഉറപ്പ് വരുത്തുക ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. നികുതി -നികുതിയേതര വരുമാനം ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും, വരുമാന വർധനവിന് ക്രിയാത്മകമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും വരും വർഷങ്ങളിൽ പ്രാധാന്യം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

Receipt &Payment Schedule പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 52693059 |
| വരവ് | 65835083 |
| ആകെ | 118528142 |
| ചെലവ് | 66554466 |
| നീക്കിയിരിപ്പ് | 51973676 |

## 1-4 ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15712639 | 15712639 | 14077148 | 1635491 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6530495 | 6530495 | 7227621 | -697126 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 0 | 23653000 | 23653000 | 18749514 | 4903486 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) | 0 | 6133000 | 6133000 | 5747914 | 385086 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | ० * | 7101005 | 7101005 | 3914804 | 3186201 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ബേസിക് ഗ്രാന്റ്) | 0 ** | 3483861 | 3483861 | 2218600 | 1265261 |
| CSS | 0 | 0 | 0 | 1601180 | -1601180 |
| SSS | 0 | 0 | 0 | 456081 | -456081 |

* ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) എ.എഫ്.എസ് പ്രകാരം മുന്നിരിപ്പുണ്ട്

** ധനകാര്യകമ്മീഷൻ ഗ്രാന്റ് ( ബേസിക് ഗ്രാന്റ്) എ.എഫ്.എസ് പ്രകാരം മുന്നിരിപ്പുണ്ട്

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | എ.സി.ആർ പ്രകാരം ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം ( I 6+ Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 14077148 | 11463141 | 14077148 |
| വികസന ഫണ്ട് ( എസ്.സി.പി) | 7227621 | 5865116 | 7227621 |
| വികസന ഫണ്ട് ( CFC Tied) | 3914804 | 4111728 | 3922704 |

2) സി എഫ് സി ഗ്രാന്റ് ഇനത്തിൽ സുലേഖ പ്രകാരം ആകെ ചെലവ് 6133404/- രൂപയും എ സി ആർ പ്രകാരം 6330328/- രൂപയുമാണ്.

3) കേന്ദ്രാവിഷ്കൃത പദ്ധതി , സംസ്ഥാനാവിഷ്കൃത പദ്ധതി എന്നിവയുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ പ്രകാരമുള്ള മുന്നിരിപ്പ് , വരവ് , നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

3)ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ ( മറ്റുള്ളവ ഒഴികെ) | ചെലവ് ( മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 7379545 | 5020464 | 68 |
| | പട്ടിക ജാതി | 456000 | 427050 | 93.65 |
| സേവനം | പൊതുവിഭാഗം | 67034977 | 32898056 | 49.08 |
| | പട്ടിക ജാതി | 14174133 | 6800571 | 47.97 |
| പശ്ചാത്തലം | പൊതുവിഭാഗം | 39172225 | 24847701 | 63.43 |

ചെലവു ശതമാനം കുറയാനിടയായ സാഹചര്യം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

4. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

A) വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ 2021-22മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കുകയോ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. വിശദാംശം ചുവടെ.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320200304 | 200000 |
| 320200399 | 66000 |
| 320500100 | 45 |
| 320700104 | 1500000 |
| 320700204 | 899559 |
| 320800199 | 39 |
| 320900102 | 15000 |

B) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തൻവർഷംവിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320100160 | 412573 |
| 320100181 | 1178026 |
| 320100182 | 9135 |
| 320100196 | 2728247 |
| 320100197 | 97541 |
| 320100198 | 1439425 |
| 320100202 | 84544 |
| 320100204 | 73948 |
| 320200104 | 1832707 |
| 320200113 | 3784102 |
| 320300199 | 54294 |
| 320400199 | 50804 |
| 320800101 | 374236 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനാൽ നീക്കിയിരിപ്പുകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. . തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയ്ക്ക് കാരണവും മേൽ പ്രോജക്ടുകൾ സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

5. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2022-23 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ)നം.86/2022/lsgd Dated 19.4.2022 ഖണ്ഡിക 3.4.1.3(ii) പ്രകാരം (15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന യുടെ അടിസ്ഥാനത്തിൽ)പട്ടികജാതി ഉപപദ്ധതി വിഹിതത്തിലേയും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിലേയും വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ മേല്പറഞ്ഞ ക്യാരി ഓവർ ആയി സർക്കാർ അനുവദിക്കുന്നത് കഴിച്ചുള്ള സംഖ്യ തൻവർഷത്തെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ വികസനഫണ്ട്(ജനറൽ) , സംരക്ഷണഫണ്ട് (റോഡ്, ) എന്നിവയിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവ് തുക (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് തുക | ചെലവ് ശതമാനം | 2022-23 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 18755000 | 14077148 | 4677852 | 75 | 3751000 | 926852 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 23653000 | 18749514 | 4903486 | 79.26 | 4730600 | 172886 |

ഇപ്രകാരം പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് വിനിയോഗിക്കാമായിരുന്ന തുക പാഴാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

6)സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട തുക | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|---|
| വനിത ഘടക പദ്ധതി | 2289700 | 3385772 | 2711166 | 80.07 |
| കുട്ടികൾ | 1144850 | 2720596 | 652370 | 23.97 |
| വൃദ്ധർ((പാലിയേറ്റീവ് കെയർ ഉൾപ്പെടെ) | 1144850 | 4574503 | 1716494 | 37.52 |
| അതിദാരിദ്ര്യർക്ക് വേണ്ടിയുള്ള മൈക്രോ പ്ളാനുകൾ | 450000 | 0 | 0 | 0 |

7) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെടിക് ഉപകരണങ്ങൾ , അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിയ്ക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിനായി ബാങ്ക് അക്കൌണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

8. ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് ജി.ഒ (എം.എസ്)നം. 179/2022/ഫിൻ തീ. 18/10/2022 ൽ തീരുമാനം എടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് 2022-23 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 1049/2023/ ധന തീ. 13-02-2023 പ്രകാരം ലഭ്യമാക്കിയതിൽ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 187550 രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. ഇപ്രകാരം ഫണ്ട് ലാപ്സാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്,

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല


പഞ്ചായത്തിന്റെ നിരവധി വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുമായിരുന്ന തുക ഇപ്രകാരം ചെലവഴിക്കാതെ പാഴാക്കിയത് ന്യായീകരിക്കത്തക്കതല്ല. പാർശ്വവത്ക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹികനീതി ഉറപ്പു വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതിരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനും, ഗ്രാന്റുകൾ പാഴാകാതിരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം


1ഫണ്ട് വിനിയോഗം

(എ) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ വിവിധ ഗവ.ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | ക്യാരി ഓവറായി ലഭിച്ചത് കുറച്ച് നീക്കിയിരിപ്പ്/ ലാപ്സ് തുക |
|---|---|---|---|
| വികസനഫണ്ട് സാധാരണ വിഹിതം | 18755000 | 14077148 | 4677852 |
| പട്ടിക ജാതി ഉപപദ്ധതി | 7893000 | 7227621 | 665379 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 6133000 | 5747914 | 385086 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 23653000 | 18749514 | 4903486 |
| ആകെ | 56434000 | 45802197 | 1063180 |




ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.




(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഉ.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സെക്രട്ടറി | 51 | 31 | 20 | 23394704 | 11418895 | 48.80 |
| കൃഷി ഓഫീസർ | 11 | 10 | 1 | 2738605 | 2130409 | 77.79 |
| ഫിഷറീസ് ഇൻസ്പെക്ടർ | 2 | 2 | - | 60000 | 60000 | 100 |
| വെറ്റിനറി സർജൻ | 10 | 9 | 1 | 3711978 | 2031028 | 54.71 |
| മെഡിക്കൽ ഓഫീസർ FHC | 7 | 6 | 1 | 3086447 | 2566944 | 83.16 |
| മെഡിക്കൽ ഓഫീസർ ആയുർ വേദം | 5 | 5 | - | 1754303 | 1754303 | 100 |
| വി ഇ ഒ | 18 | 17 | 1 | 23582640 | 8614732 | 36.50 |
| ICDS | 15 | 11 | 4 | 7527012 | 5152289 | 68.45 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 94 | 67 | 27 | 52233974 | 30352598 | 58.10 |
| ഹെഡ് മാസ്റ്റർ | 8 | 4 | 4 | 4775596 | 3094480 | 64.79 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 10 | 4 | 4868068 | 2201479 | 45.22 |

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 21543959 | 14077148 | 65.34 |
| എസ്.സി.പി. | 9862101 | 7227621 | 73.28 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 13558858 | 6133404 | 45.23 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2855000 | 1601180 | 56.08 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2459432 | 456081 | 18.54 |
| തനത് ഫണ്ട് | 32159206 | 14975523 | 46.56 |
| മറ്റ് | 3171025 | 573558 | 18.08 |

| | | | |
|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | | | |
| മറ്റ് ജില്ലാ പഞ്ചായത്ത് | 6547297 | 451899 | 6.99 |
| മെയിന്റനൻസ് നോൺ റോഡ് | 7430626 | 5747914 | 77.35 |
| മെയിന്റനൻസ് റോഡ് | 28629376 | 18749514 | 65.49 |
| മറ്റുള്ളവ | 32262895 | 7350350 | 22.78 |
| ആകെ | 160796222 | 77506964 | 48.20 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 236 | 193 | 43 | 128533327 | 70156614 | 54.58 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 30.11.2022ലെ 1(15)-ാം നമ്പർ തീരുമാനപ്രകാരം 19 അംഗങ്ങളെ ഉൾപ്പെടുത്തി പുനഃ സംഘടിപ്പിച്ചു.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതുണ്ട്. 30.11.2022 തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(15) നം തീരുമാന പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുന.സംഘടിപ്പിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. പദ്ധതി രൂപീകരണത്തിനു ശേഷം നിർവ്വഹണ ഘട്ടത്തിൽ ഓരോ വർക്കിംഗ് ഗ്രൂപ്പുകളും മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് പ്രോജക്ട്കളുടെ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട് എന്നറിയിച്ചുവെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സിൽ ഇപ്രകാരം മോണിറ്ററിംഗ് നടന്നതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ഭാഗികമായ മറുപടിയാണ് ലഭ്യമാക്കിയത് (ഓഡിറ്റ് എൻക്വയറി നമ്പർ 017/14.09.2023ന്റെ മറുപടി)

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | അഭിപ്രായം |
|---|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും | 9-12.2022 | 1. മാർക്കറ്റിലെ കടമുറികൾ ലേലം ചെയ്യുക<br>2.തെരുവ് വിളക്ക് | 1.മറുപടി ലഭ്യമാക്കിയില്ല<br>2. പ്രോജക്റ്റ് വെച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | മീറ്റർ റീഡിംഗ് ഏർപ്പെടുത്തുക 3.കെട്ടിടങ്ങൾക്ക് നമ്പർ ഇട്ടതിനു ശേഷം ധാരാളം കെട്ടിടങ്ങൾക്ക് എക്സ്റ്റെൻഷൻ നടത്തിയിട്ടുണ്ട്. ആയത് സർവ്വെ നടത്തി അസസ്ചെയ്ത് നികുതി ഈടാക്കുക | 3. ആയത് സർവ്വെ നടത്തുന്നതിന് 7-9-23 ൽ കെട്ടിടം അസസ് ചെയ്യുന്നതിന് ഡാറ്റാ എന്ട്രി ഓപ്പറേറ്ററെ നിയമിച്ചിട്ടുണ്ട്. |
| | | | | 4.ജന സേവന കേന്ദ്രങ്ങൾ, റേഷൻ കടകൾ, അക്ഷയ സെന്റർ എന്നിവക്ക് ലൈസൻസ് നൽകുക, ടി സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രൊഫഷൻ ടാക്സ് ഈടാക്കുക. | 4.മറുപടി ലഭ്യമാക്കിയില്ല |

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. എന്നാൽ ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8(എ) പ്രകാരം ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും സംയുക്ത യോഗത്തിൽ തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് പ്രവർത്തന മേഖലയുള്ള ബാങ്ക് പ്രതിനിധികളുമായി പ്രോജക്ടുകൾ പ്രകാരമുള്ള വായ്പാ ആവശ്യങ്ങൾ ചർച്ച ചെയ്ത് നിലവിലുള്ള സാദ്ധ്യതകൾ സംബന്ധിച്ച് വ്യക്തത വരുത്തണമെന്നുണ്ട്. . ഓഡിറ്റ് എൻക്വയറി നമ്പർ 17/14.09.2023ന്റെ മറുപടിയിൽ ഇക്കാര്യത്തിലുള്ള മറുപടി ലഭ്യമാക്കിയില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. തൻവർഷം അപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

ആസ്തി സംരക്ഷണ പദ്ധതി

മാർഗ്ഗരേഖ ഖണ്ഡിക 6.8 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്നുണ്ട്.

ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും എല്ലാ ആസ്തികളും പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
ലഭ്യമാകുന്ന പദ്ധതിപ്പണം മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി വികസനത്തിനുതകുന്ന വിധം ആവശ്യകതാ നിർണ്ണയം നടത്തി തുക പാഴാക്കാതെ ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2880 | 2 |
| കർഷക തൊഴിലാളി പെൻഷൻ | 2939200 | 226 |
| വിധവാപെൻഷൻ | 17563200 | 1594 |
| വാർദ്ധക്യകാല പെൻഷൻ | 28946400 | 2753 |
| വികലാംഗ പെൻഷൻ | 4095600 | 373 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 508200 | 46 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-6-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും (ഡെത്ത് രജിസ്റ്റർ പാർട്ട് II രജി നം. 301/22 - 450/22 വരെ) ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരു വിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും ഓഡിറ്റ് തീയതി വരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു . വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 20/2022-23, 15.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | തുക |
|---|---|---|---|---|---|
| 1 | ബേബിഅമ്മ പി, പൊങ്ങൻവിള വീട് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 102480202042 | 17.7.2022 | 8/2022 മുതൽ 6/2023-വരെയുള്ള 1600*11 രൂപ ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു | 17600/- |
| 2 | ഉദയൻ എസ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 102480203111 | 23.7.2022 | 8/2022 മുതൽ 6/2023-വരെയുള്ള 1600*11 രൂപ ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു | 17600/- |
| 3 | ഗീത. കെ, തൊഴുണ്ണൂർ ഹൌസ് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം 102480601452 | 1.9.2022 | 10/2022 മുതൽ 6/2023-വരെയുള്ള 1600*9 രൂപ ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു | 14400/- |
| 4 | ഷൈലജ. എസ്, വലിയവിള വീട് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം 102480601392 | 8.9.2022 | 10/2022 മുതൽ 6/2023-വരെയുള്ള 1600*9 രൂപ ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു | 14400/- |

## 1-6-2 മരണം റിപ്പോർട്ട് ചെയ്യുന്നില്ല

02.08.2021 ലെ 63/2021/ധന സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ

ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യുന്ന പ്രാദേശിക സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10 ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2022-23 വർഷം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മരണറിപ്പോർട്ടിൽ (ഡെത്ത് രജിസ്റ്റർ പാർട്ട് II രജി നം. 301/22-450/22 വരെ) ഉള്ളടക്കം ചെയ്തിട്ടുള്ള ആധാർ നമ്പർ, സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം എന്നിവ ഉപയോഗിച്ച് പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽ നിലവിലും ആക്ടീവ് ആയി നിലനില്ക്കുന്നതായി കാണുന്നു. മേൽ പരാമർശിച്ചിരിക്കുന്ന നിബന്ധന പാലിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്ന് താത്പര്യപ്പെടുന്നു.

| ക്രമ നം | പേര്/വിലാസം | പെൻഷൻ നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ | അനർഹമായ കാലയളവ്/ |
|---|---|---|---|---|---|
| 1 | ശാന്ത,കൈമുണ്ടൻവിളാകം, നെടുങ്ങണ്ടം പി ഒ | അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം 102410600673 | 08.07.2022 | 8/2022മുതൽ 6/2023വരെയുള്ള തുക ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 2 | എം.മത്തീൻ (ഡെത്ത് റിപ്പോർട്ട് പ്രകാരം), എം.അബ്ദുൾമത്തീൻ (സേവന പ്രകാരം) | ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) 102430202409 | 20.07.2022 | 8/2022മുതൽ 6/2023വരെ യുള്ള തുക ബാങ്ക് അക്കൌ ണ്ടിൽ നിക്ഷേപിച്ചു |
| 3 | രാജഗുപ്തൻ എസ്, റോഡുവിള വീട് | മാണിക്കൽ ഗ്രാമ പഞ്ചായത്ത് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 21.07.2022 | 8/2022 മുതൽ 6/2023- വരെ യുള്ള തുക ബാങ്ക് അക്കൌ ണ്ടിൽ നിക്ഷേപിച്ചു |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 20/2022-23, 15.09.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-09-2023 തീയതിയിൽ 3.00 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8546/-(എണ്ണായിരത്തി അഞ്ഞൂറ്റി നാൽപത്താറ് )രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിലൂടെ താഴെ പറയുന്ന വിഷയങ്ങളിലെ അപാകം പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

1.പഞ്ചായത്തിന്റെ അധീനതയിലുള്ള പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ അനധികൃതമായി മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നതായും പഞ്ചായത്തിന്റെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ആസ്തി ലേലം ചെയ്ത് നൽകിയിട്ടുള്ളതായും കണ്ടില്ല.പ്രസ്തുത സ്ഥലം ലേലം ചെയ്യുന്നതിനും അനധികൃത പ്രവർത്തനങ്ങൾ നിർത്തലാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തുന്നതിന് മുൻപുതന്നെ ചെക്ക് മുഖേന തുകകൾ പിൻവലിച്ചിരിക്കുന്നു.

3. മരണശേഷവും സാമൂഹ്യസുരക്ഷാ പെൻഷൻ നൽകിയിട്ടുണ്ട്.

4..വസ്തു നികുതി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകതങ്ങൾ കണ്ടെത്തിയിട്ടുണ്ട്.തനത് വരുമാനം പൂർണമായി പിരിച്ചെടുത്ത് വരുമാന വർദ്ധനവുണ്ടാക്കുന്ന നടപടികളുണ്ടാകണം. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.തൊഴിൽ നികുതി എന്നിവ യുടെ പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

5.പഞ്ചായത്ത് പരിധിയിൽ റേഷൻകടകൾ, വ്യാപാര സ്ഥാപനങ്ങൾ , എന്നിവ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച് വരുന്നു.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (AFS പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 30710 | 1194885 | 1225595 | 1225577**ശ് | * 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 41829339 | 41829339 | 41829339 | 0 |
| ആകെ | 30710 | 43024224** | 43054934 | 43054934 | 0 |

* വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് 0 ആണ്. എന്നാൽ വരവ് ചെലവ് കണക്ക് പ്രകാരം 18/- രൂപയാണ്.

** I6 പ്രകാരമുള്ള ആകെ വരവ് 43054934/- രൂപയാണ്.

MNREGS ന്റെ കാഷ് ബുക്ക് പ്രകാരം ആകെ ഭരണനിർവഹണച്ചെലവുകൾക്കുള്ള വരവ് 1194920.7 രൂപയാണ്. I14(F) പ്രകാരം ഭരണനിർവ്വഹണചെലവ് 1225577/- രൂപയാണ്.

### 1-9-1 ആലന്തറ മണ്ഡപം ദീപനഗർ റോഡ് കോൺക്രീറ്റിംഗ് - സ്റ്റാക്ക് ചെയ്തതിനേക്കാൾ കൂടുതൽ അളവിന് കരാറുകാരന് തുക നൽകി

പ്രവൃത്തിയുടെ പേര്- ആലന്തറ മണ്ഡപം ദീപനഗർ റോഡ് കോൺക്രീറ്റിംഗ്

എം.ബുക്ക് നം. -രേഖപ്പെടുത്തിയിട്ടില്ല

കരാറുകാരൻ- രത്നാകരൻ

പ്രവൃത്തിയുടെ കോഡ്- RC/351099

പദ്ധതി അടങ്കൽ തുക-1138510

പ്രസ്തുത പ്രവൃത്തിയിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി കരാറിലേർപ്പെട്ടിട്ടുള്ള കരാറുകാരൻ ഐറ്റം 1.03 M Sand 54.06 M3 ന് 3175.20 /- രൂപ നിരക്കിൽ 171651.31 രൂപയാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എം.ബുക്ക് പേജ് നം. 2 പ്രകാരം സ്റ്റാക്ക് ചെയ്ത എം.സാൻഡിന്റെ അളവ് മെഷർ ചെയ്ത് രേഖപ്പെടുത്തിയിരിക്കുന്നത് 53.06 $M^3$ ആണ്. എന്നാൽ കരാറുകാരന് 54. M3 Msand നുള്ള തുക നൽകി .

നൽകേണ്ട തുക 53.06$M^3$X3175.20=168476.112

നൽകിയ തുക- 3175.20 X 54.06 = 171651.31

വ്യത്യാസം- 3175.20

ഇപ്രകാരം കരാറുകാരന് സ്റ്റാക്ക് ചെയ്തതിനേക്കാൾ കൂടുതൽ അളവ് M-sand ന് തുക നൽകിയതിന് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 58 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം

ലഭ്യമാക്കേണ്ടതാണ്.

1-9-2 സിംഗിൾ ടെണ്ടറുകൾ അംഗീകരിച്ചു- പ്രവൃത്തികൾ റീടെണ്ടർ ചെയ്തില്ല

1.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അനുപമ ആശുപത്രി കൊട്ടാരവിളാകം നടപ്പാത നിർമ്മാണവും കോൺക്രീറ്റിംഗും |
| എം.ബുക്ക് നം. | രേഖപ്പെടുത്തിയിട്ടില്ല |
| പ്രവൃത്തിയുടെ കോഡ് നം. | RC/351017 |
| കരാറുകാരൻ | സുരേന്ദ്രൻനായർ |
| പദ്ധതിയുടെ അടങ്കൽ തുക | 128569 |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രീ, ജി. സുരേന്ദ്രൻനായരുടെ ടെണ്ടർ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. മേൽ കരാറുകാരൻ 0.5% ടെണ്ടർ കുറവ് രേഖപ്പെടുത്തുകയും 19.04.2022 ൽ 1592627/2017 /0/0/minister Of Lsgd നം. കരാറിലേർപ്പെട്ട് പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുതപ്രവൃത്തിയിൽ സിംഗിൾ ടെണ്ടറായിരുന്നിട്ടും ആയത് അംഗീകരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. എം.ബുക്ക് പേജ് നം. 1 ൽ സപ്ലൈ ആന്റ് സ്റ്റാക്കിംഗ് ഓഫ് മെറ്റീരിയൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിൽ പോർട്ട് ലാന്റ് സിമന്റ് സ്റ്റാക്ക് ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 58 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ചെക്ക് ബ്യക്ക് പുളിറോഡ് കോൺക്രീറ്റിംഗ് |
| എം.ബുക്ക് നം. | 22/2022-23 |
| പ്രവൃത്തിയുടെ കോഡ് നം. | RC/351019 |
| കരാറുകാരൻ | സുരേന്ദ്രൻനായർ |
| പദ്ധതിയുടെ അടങ്കൽ തുക | 148444 |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രീ, ജി. സുരേന്ദ്രൻനായരുടെ ടെണ്ടർ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. മേൽ കരാറുകാരൻ 0.5% ടെണ്ടർ കുറവ് രേഖപ്പെടുത്തുകയും 19.04.2022 ൽ കരാറിലേർപ്പെട്ട് പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുതപ്രവൃത്തിയിൽ സിംഗിൾ ടെണ്ടറായിരുന്നിട്ടും ആയത് അംഗീകരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. എം.ബുക്ക് പേജ് നം. 1 ൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. സാധനങ്ങൾ സ്റ്റാക്ക് ചെയ്തതിന്റെ വിവരം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 58 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്

1-9-3 മണ്ണടിക്കടവ് നെല്ലനാട് യു.പി.എസിന് സമീപം റോഡ് കോൺക്രീറ്റിംഗ്-എല്ലാ മെറ്റീരിയൽ ഇനങ്ങളും ടെണ്ടറിൽ ഉൾപ്പെടുത്തിയില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മണ്ണടിക്കടവ് നെല്ലനാട് യു.പി.എസിന് സമീപം റോഡ് കോൺക്രീറ്റിംഗ് |
| എം.ബുക്ക് നം. | 348/2022-23 |
| പ്രവൃത്തിയുടെ | RC/350989 |

| | |
|---|---|
| കോഡ് നം. | |
| കരാറുകാരൻ | മനോഹരൻ നായർ |
| പദ്ധതിയുടെ അടങ്കൽ തുക | 815700 |

പ്രസ്തുത പദ്ധതിയുടെ പ്രവൃത്തിയിൽ കോഡ് നം. 1005 പ്രകാരം Twisted Steel Deformed Bars 0.8127 Quintal ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇ-ടെണ്ടർ ചെയ്തതിൽ പ്രസ്തുത ഐറ്റം ഉൾപ്പെട്ടിട്ടില്ല. കരാറുകാരന് 17.2.2023 ൽ ബിൽ നം. 308 പ്രകാരം 0.8 Quintal ന് എസ്റ്റിമേറ്റ് നിരക്കിലുള്ള തുക നൽകിയിട്ടുണ്ട്. ബാക്കിയുള്ള മെറ്റീരിയൽ ഇനങ്ങൾക്ക് ടെണ്ടർനിരക്കിനേക്കാൾ കുറഞ്ഞ തുകയാണ് കരാറുകാരൻ ക്വാട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത ഇനം കൂടി ഇ-ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ ലഭിക്കാമായിരുന്ന ടെണ്ടർ കിഴിവ് പ്രസ്തുത ഇനം ഇ-ടെണ്ടറിൽ ഉൾപ്പെടുത്താതിരുന്നതിനാൽ നഷ്ടമായി , മേൽ ഐറ്റം ഇ-ടെണ്ടറിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 58 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9-4 കോട്ടുകുന്നം ഏലാ പരപ്പാറ മാടൻനട റോഡ് നിർമ്മാണവും കോൺക്രീറ്റിംഗും - ക്വാട്ട് ചെയ്തതിനേക്കാൾ കൂടുതൽ നിരക്ക് കരാറുകാരന് നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കോട്ടുകുന്നം ഏലാ പരപ്പാറ മാടൻനട റോഡ് നിർമ്മാണവും കോൺക്രീറ്റിംഗും |
| എം.ബുക്ക് നം. | രേഖപ്പെടുത്തിയിട്ടില്ല. |
| പ്രവൃത്തിയുടെ കോഡ് നം. | RC/351053 |
| കരാറുകാരൻ | സലാഹുദ്ദീൻ |
| പദ്ധതിയുടെ അടങ്കൽ തുക | 653534 |

പ്രസ്തുത പദ്ധതി ഇ-ടെണ്ടർ ചെയ്യുകയും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ശ്രീ. എം. സലാഹുദ്ദീൻ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. ഐറ്റം നം. 1.05 Quarry Waste ന് 23 $M^3$ ന് ടിയാൻ 1135/ - രൂപ നിരക്കിലാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എം.ബുക്കിൽ മറ്റ് മെറ്റീരിയലുകൾ സ്റ്റോക്ക് ചെയ്തത് സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ടെങ്കിലും ക്വാറി വേസ്റ്റ് സ്റ്റോക്ക് ചെയ്തത് സംബന്ധിച്ച് രേഖപ്പെടുത്തലില്ല. 20.6.2022 ലെ ബിൽ നം. 152/20.06.2022 പ്രകാരം 15.6$M^3$ ന് 1144/- രൂപ നിരക്കിലാണ് തുക നൽകിയിരിക്കുന്നത്.

നൽകേണ്ടിയിരുന്ന തുക 15.6 X1144=17846.4

നൽകിയ തുക 15.6X 1135= 17706

അധികമായി നൽകിയ തുക = 140.4

ഇപ്രകാരം ടെണ്ടർ നിരക്കിനേക്കാൾ അധികമായി കരാറുകാരന് തുക നൽകിയതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 58 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-9-5 ടെണ്ടർ നിരക്ക് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരന് തുക നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | നെല്ലനാട് വാർഡിൽ നഴ്സറി നിർമ്മാണം |
| എം.ബുക്ക് നം. | 535/21-22 |
| പ്രവൃത്തിയുടെ കോഡ് നം. | IF/324770 |
| കരാറുകാരൻ | സുരേന്ദ്രൻനായർ |

| | |
|---|---|
| പദ്ധതിയുടെ അടങ്കൽ തുക | 299209 |

വനംവന്യജിവി വകുപ്പിന്റെ 16.02.2022 ലെ സ.ഉ(സാധാ) നം. 52/2022/F&WLD പ്രകാരം വൃക്ഷസമൃദ്ധി പദ്ധതിയിൽ നഴ്സറി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും തൊഴിലുറപ്പ് തൊഴിലാളികൾക്കും പരിശീലനം നൽകുണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്, പ്രസ്തുത പദ്ധതിയിൽ നടീൽ വസ്തുക്കൾ , പോളിത്തീൻ ബാഗ്, മണ്ണ് മുതലായവ ടെണ്ടർ ക്ഷണിച്ചാണ് വാങ്ങിയിട്ടുള്ളത്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.5% കുറവായാണ് കരാറുകാരൻ ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ടെണ്ടർ നിരക്കിനെക്കാൾ അധികം തുക കരാറുകാരന് നൽകിയതായി കാണുന്നു.

| കോഡ് | ഇനം | എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് | അംഗീകരിച്ച ടെണ്ടർ പ്രകാരം നൽകേണ്ട നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| 0305 | Bamboo 25mm Dia 2.5 Meter Long | 498.75 | 486.26 | 498.75x6=2992.5 | 486.26x6=2917.56 |
| MR 184 | Green Net 75% Shade | 60 | 59.7 | 60x211=12660 | 59.7x211=12596.7 |
| MR149 | Cost Of Poovalli 5ltr | 290 | 288.55 | 290x2=580 | 288.55x2=577.1 |
| 0303 | Cow Dung | 275/bag | 273.625/kg | 275x6=1650 | 273.625x6=1641.75 |
| MR120 | Polyurethene Bag | 210 | 208.95 | 210x42=8820 | 208.95x42=8775.9 |
| MR140 | Coir With Compost | 15 | 14.925 | 15x1000=15000 | 14.925x1000=14925 |

ഇപ്രകാരം ടെണ്ടർ നിരക്ക് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരന് തുക നൽകിയതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 58 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ നടപടിയിലൂടെ മെറ്റീരിയലുകൾക്കായി ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ പ്രസക്തി തന്നെ നഷ്ടമായി. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-9-6 പോർട്ട് ലാൻഡ് സിമന്റിന് -മിഷൻ ഡയറക്ടറുടെ ഉത്തരവ് പ്രകാരമുള്ള തുകയേക്കാൾ കൂടുതൽ തുക നൽകി

എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 17.8.2022 ലെ കത്ത് പ്രകാരം SECURE Software- ൽ സിമന്റിന് ഉള്ള LMR നിരക്ക് 614/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ യഥാർത്ഥ മാർക്കറ്റ് റേറ്റ് പരമാവധി 430 /- ൽ താഴെയാണെന്നും പരാതി ലഭിച്ചതിനെ തുടർന്ന് ആലപ്പുഴ ഓംബുഡ്സമാൻ, SECURE Software – ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ്നിരക്ക് നൽകാൻ പാടില്ലായെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂയെന്നും ഇതിനു കർശന നിർദ്ദേശം നൽകണമെന്നും നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു ആസ്തികൾക്കും വ്യകതിഗത ആസ്തികൾക്കും ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO Generate ചെയ്യാൻ പാടുള്ളൂവെന്ന് 8.7.22 ലെ OMB/ALP/AW/20/2022 നം. അവാർഡിൽ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

26.07.2021 ലെ 957/E.G.S/16/REGS നം. സർക്കുലർ പ്രകാരം ആസ്തി നിർമ്മാണ പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയ്ക്കും ആവശ്യം ഉള്ള സാധനസാമഗ്രികൾ സൈറ്റിൽ എത്തിയാലുടൻ ബന്ധപ്പെട്ട എഞ്ചിനീയർ/ ഓവർസിയർ അവ സ്റ്റാക്ക് ചെയ്യുന്നതിനും സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ അളവുകൾ കൃത്യമായി എംബുക്കിൽ രേഖപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ അളവുകൾ എംബുക്കിൽ രേഖപ്പെടുത്തി കഴിഞ്ഞാൽ അവ വിതരണം ചെയ്ത വിതരണക്കാരനെ അളവുകൾ കാണിച്ച് ബോധ്യപ്പെടുത്തുകയും ടിയാന്റെ ഒപ്പ് എം.ബുക്കിൽ രേഖപ്പെടുത്തുകയും വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷനിലും ഗുണനിലവാരത്തിലുമുള്ള സാധനങ്ങളാണോ ഉപയോഗിച്ചിട്ടുള്ളതെന്ന് ഉറപ്പ് വരുത്തിയതിനു ശേഷം ഓരോ സാധനവും എത്രഅളവിൽ ചെലവായി എന്ന വിവരം എം.ബുക്കിൽ

രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | എഗ്രിമെന്റ് പ്രകാരം പോർട്ട് ലാന്റ് സിമന്റ് ഒരു ചാക്കിന് നൽകിയ തുക , തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ആലന്തറ മണ്ഡപം ദീപനഗർ റോഡ് കോൺക്രീറ്റിംഗ് | രേഖപ്പെടുത്തിയിട്ടില്ല | രത്നാകരൻ | 544.3<br>തീയതി 30.03.2023 | ഐറ്റം റേറ്റ് BOQ പ്രകാരം 38.88 ടൺ സിമന്റിന് 10886/- രൂപ നിരക്കിൽ ആകെ 423263.23 രൂപയാണ് ടിയാൻ ക്വാട്ട് ചെയ്തിട്ടുള്ളത്. Mbook ൽ പ്രസ്തുത ഐറ്റം സ്റ്റാക്ക് ചെയ്തതിന്റെ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. |
| 2 | രംഗപ്രഭാത് ആലന്തറ മണ്ഡപം റോഡ് കോൺക്രീറ്റിംഗ് | രേഖപ്പെടുത്തിയിട്ടില്ല | രത്നാകരൻ | 535.65<br>തീയതി 30.03.2023 | ഐറ്റം റേറ്റ് BOQ പ്രകാരം 30..24 ടൺ സിമന്റിന് 10713- രൂപ നിരക്കിൽ ആകെ 323979.25 രൂപയാണ് ടിയാൻ ക്വാട്ട് ചെയ്തിട്ടുള്ളത്. Mbook ൽ 605 ബാഗാണ് സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത്. ക്വാറിവേസ്റ്റ് 19.5 M3 ന് 1069.5 രൂപ നിരക്കിൽ 20895.25 രൂപ നൽകിയിട്ടുണ്ടെങ്കിലും M-bookൽ പ്രസ്തുത ഇനം സ്റ്റാക്ക് ചെയ്തതിന്റെ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടില്ല. |
| 3 | ആനൂർ തോട്ടത്തിൽ റോഡ് കോൺക്രീറ്റിംഗ് | രേഖപ്പെടുത്തിയിട്ടില്ല | സുരേന്ദ്രൻ നായർ.ജി | 573.1<br>തീയതി 13.2.2023 | 16.56 ടണ്ണിന് 11462.4 രൂപ നിരക്കിലാണ് 'ടിയാൻ ക്വാട്ട് ചെയ്തിട്ടുള്ളത്. 16.55 ടണ്ണിന് 11462 രൂപ നിരക്കിലാണ് ടിയാന് നൽകിയിട്ടുള്ളത്. |
| 4. | ചെറുവോട്ട് കാവ് റോഡ് കോൺക്രീറ്റിംഗ് | രേഖപ്പെടുത്തിയിട്ടില്ല | മനോജ്. കെ.ബി | 573.25<br>തീയതി 22.8.22 | മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതിന്റെ അളവ് M-book ൽ രേഖപ്പെടുത്തിയിട്ടില്ല. 16.56 ടണ്ണിന് 11465 രൂപ നിരക്കിലാണ് ടിയാന് നൽകിയിട്ടുള്ളത്, |
| 5. | മണ്ണടികടവ് നെല്ലനാട് യു.പി.എസിന് | 348/22-23 | മനോഹരൻ നായർ | 545.45<br>തീയതി 17.02.2023 | മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതിന്റെ അളവ് M-book ൽ രേഖപ്പെടുത്തിയിട്ടില്ല. 18.3 ടണ്ണിന് |

| | | | | | |
|---|---|---|---|---|---|
| | സമീപം റോഡ് കോൺക്രീറ്റിംഗ് | | | | 10909.44 രൂപ നിരക്കിലാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നത്. |
| 6. | വെഞ്ഞാറമൂട് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് കെയർഹോമിൽ കാലിത്തൊഴുത്ത് നിർമ്മാണം | 340/22-23 | സുരേന്ദ്രൻ നായർ | 573.1 തീയതി 17.2.2023 | മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതിന്റെ അളവ് M-book ൽ രേഖപ്പെടുത്തിയിട്ടില്ല. 2.9 ടണ്ണിന് 111462 രൂപ നിരക്കിലാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നത്. |
| 7. | ചെക്ക് മുക്ക് പുളി റോഡ് കോൺക്രീറ്റ്ംഗ് | 22/22-23 | സുരേന്ദ്രൻനായർ | 573.1 തീയതി 13.2.2023 | മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതിന്റെ അളവ് M-book ൽ രേഖപ്പെടുത്തിയിട്ടില്ല. 4.8 ടണ്ണിന് 111462 രൂപ നിരക്കിലാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നത്. |
| 8 | കുറിച്ചൽ റോഡ് കോൺക്രീറ്റ് | രേഖപ്പെടുത്തിയിട്ടില്ല | സുരേന്ദ്രൻ നായർ | 573.1 തീയതി 13.2.2023 | 10.45 ടണ്ണിന് 11462 രൂപ നിരക്കിലാണ് കരാറുകാരൻ ടെണ്ടർ രേഖപ്പെടുത്തിയിരിക്കുന്നത്. |
| 9 | വിളയിൽ റോഡ് നിർമ്മാണവും കോൺക്രീറ്റിംഗും | രേഖപ്പെടുത്തിയിട്ടില്ല | സുരേന്ദ്രൻ നായർ | 573.1 തീയതി 13.2.2023 | 8.6ടണ്ണിന് 11462 രൂപ നിരക്കിലാണ് കരാറുകാരൻ ടെണ്ടർ രേഖപ്പെടുത്തിയിരിക്കുന്നത്. |

മേൽ നിർദ്ദേശങ്ങൾ പാലിച്ച് പോർട്ട് ലാന്റ് സിമന്റിന്റെ തുക കരാറുകാർക്ക് നൽകാത്തതിനും നിർദ്ദേശം പാലിച്ച് മെറ്റീരിയലുകൾ സ്റ്റാക്ക് ചെയ്തത് എം.ബുക്കിൽ രേഖപ്പെടുത്തൽ വരുത്താത്തതിനും കാരണം വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 57 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ നടപടികളിലൂടെ പോർട്ട് ലാൻഡ് സിമന്റിന് മിഷൻ ഡയറക്ടറുടെ നിർദ്ദേശാനുസരണം അല്ലാതെ മെറ്റീരിയൽ കോസ്റ്റ് അനുവദിച്ചതു വഴി പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-9-7 മെറ്റീരിയൽ പ്രവൃത്തികളിൽ-തൊഴിലുറപ്പ് തൊഴിലാളികളുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടില്ല

റോഡ് കോൺക്രീറ്റ് പോലുള്ള മെറ്റീരിയൽ പ്രവൃത്തികളിൽ Labourers ന്റെ Daily Attentendance, Total Attentendance എന്നിവ രേഖപ്പെടുത്തിയിട്ടില്ല. റോഡ് കോൺക്രീറ്റ് പോലുള്ള മരാമത്ത് പ്രവൃത്തികളിൽ സൈറ്റ് ഡയറി സൂക്ഷിച്ചിട്ടില്ല. മറ്റ് പ്രവൃത്തികളിൽ സൈറ്റ് ഡയറി സൂക്ഷിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകളൊന്നും തന്നെ വരുത്തിയിട്ടില്ല.

ഉദാ. ഇടയാവണത്തുമടം കുറിച്ചൽ റോഡ് കോൺക്രീറ്റിംഗ്

വിളയിൽ റോഡ് നിർമ്മാണവും കോൺക്രീറ്റിംഗും

മേൽ പ്രവൃത്തികളിൽ അവിദഗ്ധ തൊഴിലാളികൾക്കുള്ള വേതനം നൽകിയിട്ടുണ്ട്. ഇപ്രകാരം തൊഴിലുറപ്പ്

തൊഴിലാളികളുടെ അറ്റൻഡൻസ് രേഖപ്പെടുത്താതെ എപ്രകാരമാണ് വേതനം നൽകിയതെന്ന് വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 57 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.05.22 | 8/21 മുതൽ 3/22 വരെ | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.10.22 | 4/17 മുതൽ 8/22 വരെ | 30.11.22 |

## 1-11 നികുതി വരുമാന ശേഖരണം - അവലോകനം

നെല്ലനാട് ഗ്രാമ പഞ്ചായത്തിലെ നികുതി- നികുതിയേതര വരവിന്റെ സമാഹരണത്തിലെ കാര്യക്ഷമതാ വിശകലനത്തിനായി ഗ്രാമ പഞ്ചായത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവസ്ഥാ വിശകലനം ചുവടെ ചേർക്കുന്നു.

| A | തനത് വരുമാനം. | | |
|---|---|---|---|
| ക്രമനം. | വിഷയം | തദ്ദേശസ്ഥാപനത്തിന്റെ മറുപടി | ഓഡിറ്ററുടെ അഭിപ്രായം/ നിർദ്ദേശം |
| 1 | A.സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുക.<br>B.കണ്ടെത്തിയ സ്രോതസ്സുകൾ ബജറ്റിൽ ഉൾപ്പെടുത്തുകയും സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക. | A. ഇല്ല<br>Bപുതിയ സ്രോതസ്സുകൾ കണ്ടെത്താത്തതിനാൽ ബാധകമല്ല എന്ന മറുപടിയാണ് നൽകിയത്. | പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തി അധിക തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണ്. |
| 2 | തനതുവരുമാനങ്ങൾ (നിലവിൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്) പിരിച്ചെടുക്കാൻ ധനകാര്യസ്റ്റാൻഡിംഗ് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നികുതി കുടിശ്ശിക | കുടിശ്ശിക പിരിച്ചെടുക്കുന്നതിനാ വശ്യമായ നടപടി സ്വീകരിക്കേ ണ്ടതാണ്. |

| | | | |
|---|---|---|---|
| | | വരുത്തിയവർക്കെതിരെ ജപ്തി, പ്രോസിക്യൂഷൻ നടപടികൾ എന്നിവ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. | |
| 3 | തനത് വരുമാനമായി ലഭിക്കുന്ന ഇനങ്ങളിൽ മാർച്ച് 31-ന് ലഭിക്കേണ്ട കുടിശ്ശികയായ തുകയുടെ വിവരം ഇനം, വർഷം തിരിച്ച് ലഭ്യമാക്കേണ്ടതാണ്. | 2022-23 വർഷത്തിൽ 100 % നികുതി പിരിച്ചെടുത്തിട്ടുണ്ട്. ആയതിനാൽ കുടിശ്ശിക ഇല്ല | ഗ്രാമ പഞ്ചായത്തിന്റെ ബാലൻ സ്ഷീറ്റിൽ B-15 Sundry Debtors (Receivables) എന്ന ഹെഡിൽ അവശേഷിക്കുന്ന തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. |
| 4 | 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക | ഉണ്ട്. | നികുതി പരിഷ്കരിച്ച് തീരുമാനം എടുത്തിട്ടുണ്ട്. പരിഷ്കരിച്ച വസ്തു നികുതി നിരക്ക് പ്രകാരമുള്ള തുക സമയബന്ധിതമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്ത് തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. |
| 5 | നികുതി, നികുതിയേതര വരവുകളുടെ ഡിമാൻഡ്, പിരിവ് പുരോഗതി ധനകാര്യസ്റ്റാൻഡിംഗ്കമ്മിറ്റി വിലയിരുത്തിയ യോഗങ്ങളുടെ തിയതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുക? | നികുതി നികുതിയേതര വരവുകളുടെ ഡിമാന്റ്, പിരിവ്, പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ Receipt And Payment പ്രകാരം അവതരിപ്പിച്ച് ചർച്ച ചെയ്തിട്ടുണ്ട്. | |
| 6 | തനത് വരവ് രജിസ്റ്ററുകൾ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച തിയതികൾ ഏതെല്ലാം. | തനത് വരവ് രജിസ്റ്ററുകൾ തുടർന്നുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളിൽ സമർപ്പിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. | കൃത്യമായ ഇടവേളകളിൽ തനത് വരുമാനം സംബന്ധിച്ച രജിസ്റ്റർ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേ ണ്ടതാണ്. |
| | B. വസ്തുനികുതി.(വാസ/വാസേതര കെട്ടിട നികുതികൾ ഉൾപ്പടെ) | | |
| 1 | ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ് ,ILGMS (വാർഷികധനകാര്യപത്രിക) വരവ്,സഞ്ചയ പ്രകാരമുള്ള വരവ് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ടോ.?<br>ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുക | ഉണ്ട് | വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്. |
| 2 | 1-4-2023-ലെ പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പാക്കിയിട്ടുണ്ടോ? ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കുക? | ഉണ്ട്. നെല്ലനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.07.2023 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. അന്തിമ വിജ്ഞാപനം ചെയ്യുന്ന തിനുള്ള നടപടി സ്വീകരിച്ച് വരുന്നു. | പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 3 | 1-4-2022-ലെ ആകെ കെട്ടിട നികുതി ഡിമാൻഡ് എത്രയായിരുന്നുവെന്നും<br>പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിലായപ്പോഴുള്ള ഡിമാൻഡ് എത്രയായിരുന്നെന്നും വ്യക്തമാക്കുക? | A.പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിന് ആകുന്നതിന് മുമ്പുള്ള ഡിമാൻഡ് തുക-11239084<br>B.പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ ആയപ്പോഴുള്ള ഡിമാൻഡ് തുക - 11741579 | പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രകാരമുള്ള മുഴുവൻ തുകയും പിരിച്ചെടുത്ത് ആയത് തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. |
| 4 | സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തിയതി,തീരുമാനം നമ്പർ. | സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശ സ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. | സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശ സ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | 27-07-2023 ലെ 1 (1) തീരുമാനം | |
| 5 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തികരിച്ച് ഡാറ്റാ ലോക്ക് ചെയ്തിട്ടുണ്ടോ.? | ഉണ്ട് | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തികരിച്ച് ഡാറ്റാ ലോക്ക് ചെയ്തിട്ടുണ്ട് |
| 6 | തദ്ദേശസ്ഥാപനം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും ചട്ടങ്ങൾ ) ചട്ടം 7 പ്രകാരം മേഖലാ വിഭജനം നടത്തി വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ തിയതി ,തീരുമാന നമ്പർ. | ഉണ്ട്. കരട് വിജ്ഞാപനം അന്തിമമാക്കിയിട്ടുണ്ട്. | മേഖലാ വിഭജനം സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തേണ്ട താണ് . തുടർ നടപടി വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 7 | റോഡ് മാപ്പ് പ്രസിദ്ധീകരിച്ചതിന്റെയും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ടാക്സ് നിർണയിക്കുന്നതിന്റെ നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കുക | - | മേഖലാ വിഭജനവുമായി ബന്ധപ്പെട്ട മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ ഓരോ ഗ്രാമപഞ്ചായത്തും അടിസ്ഥാന വസ്തു നികുതിയിന്മേൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കുമായി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം മുഴവൻ പ്രഥമ മേഖലകൾ ദ്വിതീയ മേഖലകൾ , തൃതീയ മേഖലകൾ എന്നിങ്ങനെ തരം തിരിക്കേണ്ടതും മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. മേഖലാ വിഭജനവുമായി ബന്ധപ്പെട്ട മാപ്പ് തയ്യാറാക്കി അറിയിക്കേണ്ടതാണ്. |
| 8 | തദ്ദേശസ്ഥാപനത്തിന്റെ അനുമതിയില്ലാതെയും,അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന കെട്ടിടങ്ങളുടെ നികുതി ചോർച്ച കണ്ടെത്തിയ ഫീൽഡ് തല അന്വേഷണവിവരങ്ങൾ. | നടപടി സ്വീകരിച്ചു വരുന്നു | നികുതി ചോർച്ച കണ്ടെത്താൻ ഫീൽഡ് തല അന്വേഷണം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്. |
| 9 | എല്ലാ വാണിജ്യാവശ്യകെട്ടിടങ്ങൾക്കും സർക്കാർ വിജ്ഞാപനപ്രകാരമുള്ള നികുതി ചുമത്തിയിട്ടുണ്ടോ.? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുക? | നടപടി സ്വീകരിച്ചു വരുന്നു | എല്ലാ വാണിജ്യാവശ്യകെട്ടിടങ്ങൾക്കും സർക്കാർ വിജ്ഞാപനപ്രകാരമുള്ള നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. |
| 10 | A.അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ യഥാവിധി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത് ഹാജരാക്കുക.<br>B.അപ്രകാരമുള്ള കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കുന്നുണ്ടോ.? വിശദാംശങ്ങൾ ലഭ്യമാക്കുക (തൻവർഷം) | ഉണ്ട്<br>ഉണ്ട് | സഞ്ചയയിൽ നിന്നുള്ള രജിസ്റ്ററാണ് ലഭ്യമാക്കിയത് . ആയത് കൃത്യമായി സാക്ഷ്യപ്പെടുത്തി ലോക്ക് ചെയ്ത് സൂക്ഷക്കേണ്ടതാണ്. |
| 11 | തദ്ദേശ സ്ഥാപന പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും 02.02.2022 ലെ RD3/94/2020/ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള നികുതി കുടിശ്ശികയില്ലാതെ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ.. | പഞ്ചായത്ത് പരിധിയിലെ എല്ലാ മൊബൈൽ ടവറുകളിൽ നിന്നും സർക്കുലർ പ്രകാരമുള്ള നികുതി കുടിശ്ശിക ഇല്ലാതെ ഈടാക്കിയിട്ടുണ്ട്. | മൊബൈൽ ടവറുകളിൽ നിന്നും സർക്കുലർ പ്രകാരമുള്ള നികുതി കുടിശ്ശിക ഉള്ളതായി ശ്രദ്ധയിൽ പെട്ടു. ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. |
| 12 | തദ്ദേശ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവനഉപനികുതി (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 26 പ്രകാരം ചുമത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക? പ്രസ്തുത നികുതിയിനത്തിൽ കുടിശ്ശികയില്ല എന്ന് ഉറപ്പ് വരുത്താറുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കുക? | ഉണ്ട് എന്ന മറുപടി നൽകി | 2011 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27,28 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിങ്ങനെയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. തനത് വരുമാനം വർധിപ്പിക്കുന്നതിന് സേവന ഉപനികുതിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്. ധനകാര്യ |

| | | | |
|---|---|---|---|
| | | | സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു. |
| 13 | കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 31 പ്രകാരം വസ്തുനികുതിയിന്മേൽ സർചാർജ് ചുമത്തേണ്ട സാഹചര്യം നിലവിലുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക | ഇല്ല | |
| 14 | നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടോ.? | വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാണ്. | നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക രജിസ്റ്ററുകൾ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കേണ്ടതാണ്. |
| 15 | A.തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ടോ?<br>B.കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് (കേരള പഞ്ചായത്ത് രാജ് സേവനഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം ) ഈടാക്കുന്നുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കുക | A. - ഉണ്ട്<br>B. - ഇല്ല | സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതാണ്. |
| 16 | പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ ? | ഇല്ല | പുതിയ വരുമാന മാർഗ്ഗങ്ങൾ ലഭ്യമാക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. |
| 17 | ILGMS-ൽ ക്യാൻസൽ ചെയ്ത എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്തതായി ഉറപ്പുവരുത്തിട്ടുണ്ടോ.? | ഉണ്ട് | |
| 18 | എല്ലാ മാനവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തിയതായി സെക്രട്ടറി ഉറപ്പുവരുത്തിയിട്ടുണ്ടോ.? | ഉണ്ട് | |
| 19 | തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ ,സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ.? | ഉണ്ട് | |
| C. | തൊഴിൽ നികുതി | | |
| 1. | തദ്ദേശസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ,അർദ്ധ സർക്കാർ,പൊതുമേഖല സ്ഥാപനങ്ങൾ ,മറ്റ് സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ.? | തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ , അർദ്ധ സർക്കാർ , പൊതുമേഖല സ്ഥാപനങ്ങൾ മറ്റ് സ്ഥാപനങ്ങളുടെയും രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. വാർഡ് തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല | നികുതി പിരിവ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതാണ്. |
| 2 | അപ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി,(സ്ഥാപന തൊഴിൽ നികുതി ഉൾപ്പടെ) ഡിമാൻഡ് ചെയ്തുകൊണ്ടുള്ള ഡിമാൻഡ് നോട്ടീസുകൾ സമയബന്ധിതമായി നൽകിയിട്ടുണ്ടോ.? | ഉണ്ട് | ഡിമാൻഡ് നോട്ടീസുകൾ സമയബന്ധിതമായി നൽകിയിട്ടുണ്ട് |
| 3 | A.തൻവർഷം തൊഴിൽ നികുതിയിൽ കുടിശ്ശിക ലഭ്യമാകാനുണ്ടോ.?<br>B.ഉണ്ടെങ്കിൽ തുക എത്ര.? | തൊഴിൽ നികുതി കുടിശ്ശിക ഇല്ല | |
| 4 | A.സ്വകാര്യ സ്ഥാപനങ്ങൾ,അഭിഭാഷകർ,സ്വകാര്യ ഡോക്ടർമാർ പ്രൊഫഷണലുകൾ,ഹെവി വാഹന ഉടമകൾ,റേഷൻ വ്യാപാരികൾ,സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുക<br>(B) മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ച കരാറുകാർ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുക | A. ഉണ്ട്. രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നു.<br>B. ഇല്ല<br>C. ഇല്ല | നടപടി സ്വീകരിക്കേണ്ടതാണ് |

| | | | |
|---|---|---|---|
| | C. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നുണ്ടോ? | | |
| 5 | തൊഴിൽ നികുതി പത്രികയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടോ.? | ഉണ്ട് | പത്രികയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ട്. |
| 6. | വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നുണ്ടോ.? | ഉണ്ട് | വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നുണ്ട് |
| 7 | വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലേയും തൊഴിൽ നികുതി ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ.? | ഉണ്ട് | വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലേയും തൊഴിൽ നികുതി ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട് |
| 8 | തൊഴിൽ നികുതി കുടിശ്ശികയുണ്ടെങ്കിൽ ഈടാക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിച്ച നടപടികൾ | കുടിശ്ശിക ഇല്ല | |
| 9 | വാർഡ് തല ടയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടോ.? | ഉണ്ട് | വാർഡ് തല ടയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട് |
| D. | വിനോദ നികുതി | | |
| 1 | തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സിനിമാ തിയേറ്ററുകളുടെ വിവരം ലഭ്യമാക്കുക. | ഒരെണ്ണം | |
| 2 | അമ്യൂസ്മെന്റ് പാർക്ക്,ടർഫ് കോർട്ട്,ഇൻഡോർ ക്ലബ് ./സ്റ്റേഡിയം,നീന്തൽക്കുളങ്ങൾ,കേബിൾ ,ടി.വി നെറ്റ് വർക്ക്,ഹൌസ് ബോട്ടുകൾ,പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യസ്റ്റൻഡിംഗ് കമ്മിറ്റിയോ,ഭരണസമിതിയോ ശുപാർശ ചെയ്തിട്ടുണ്ടോ.? വിശദാംശങ്ങൾ ലഭ്യമാക്കുക | ബാധകമല്ല | വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ശിപാർശ സമർപ്പിക്കാവുന്നതാണ്. |
| E | നികുതിയേതര വരവുകൾ | | |
| 1 | ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടോ.? | ഉണ്ട് | ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട് |
| 2 | കുളങ്ങൾ,മാർക്കറ്റുകൾ,ഫലവൃക്ഷങ്ങൾ എന്നിവ കൃത്യസമയത്ത് ലേലം ചെയ്ത് നൽകി മുഴുവൻ തുകയും വരവായി സ്വീകരിച്ചിട്ടുണ്ടോ? | കൃത്യ സമയത്ത് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. | ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ ലേലം ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.കുളങ്ങൾ ലേലം ചെയ്ത് നൽകി വരവ് തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. |

1-11-1 വസ്തു നികുതി- 443920/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ 443920/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഹെഡ് | തുക |
|---|---|---|
| 431100101 | Receivables For Property Tax On Residential Buildings(Current) | 7709 |
| 431100102 | Receivables For Property Tax On Residential Buildings (Arrears) | 58369 |
| 431100103 | Receivables For Property | 94768 |

| | | |
|---|---|---|
| | Tax On Non-Residential Buildings (Current) | |
| 431100104 | Receivables For Property Tax On Non-Residential Buildings (Arrears) | 283074 |
| ആകെ | | 443920 |

കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശം (ഓഡിറ്റ് എൻക്വയറി നം 56/2022-23, 11.09.2023) ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക പിരിച്ചെടുക്കുവാൻ ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-11-2 മൊബൈൽ ഫോൺ ടവറിന്റെ നികുതി ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. നികുതി ഈടാക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കണമെന്ന് താത്പര്യപ്പെടുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ബിൽഡിംഗ് ഐ.ഡി | കെട്ടിട നം. | ഉടമസ്ഥൻ | കുടിശ്ശിക കാലയളവ് തുക |
|---|---|---|---|
| 50248010011070 | 4/65/A | ഭാരതി ഇൻഫ്രാക്കൽ ലിമിറ്റഡ്, പാലാരിവട്ടം | 2013-14 – 2022-23= 76577 |
| 50248010005520 | 4/271 | ഭാരതി ആരതി മൊബൈൽ | 2013-14 – 2022-23= 76577 |
| 50248010011697 | 7/951/A | ടെലികോം സിവിൽ സബ് ഡിവിഷൻ,ആറ്റിങ്ങൽ | 2017-18 – 2022-23= 69615 |

കുടിശ്ശിക തുകയുടെ അടവ് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 56/2022-23, 11.09.2023) പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-11-3 ഒറ്റത്തവണ കെട്ടിട നികുതി - വിശദാംശം ലഭ്യമാക്കിയില്ല

സ.ഉ(എം.എസ്) നം.231/15/ത.സ്വ.ഭ.വ തീയതി 9.7.2015-ാം നമ്പർ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോടു കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975ലെ കേരള കെട്ടിടനികുതിനിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. ചുവടെ ചേർക്കുന്ന ഫയലുകളിൽ മേൽ ഉത്തരവ് പാലിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട നമ്പർ/ വില്ലേജ് | ഉടമയുടെ പേര് | നികുതി പ്രാബല്യത്തിൽ വന്ന അർദ്ധ വർഷം | ഉപയോഗക്രമം | പ്ലിന്ത് ഏര്യ |
|---|---|---|---|---|---|---|
| 1 | A3/7611/23 | II/88A /നെല്ലനാട് | സിനി എൻ | 2023 ഒന്നാം അർദ്ധവർഷം | പാർപ്പിടാവശ്യം | 153.04$m^2$ |

| | | | | | | |
|---|---|---|---|---|---|---|
| 2 | A3/1610/22 | III/433(B) | ഷിഫ | 2022 രണ്ടാം അർദ്ധവർഷം | പാർപ്പിടാവശ്യം | 136.33m$^2$ |

വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 56/2022-23,11.09.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11-4 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 56/2022-23, 11.09.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് അടിയന്തിരമായി നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-5 കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 1 മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 7/710 | ജി.സുകുമാരൻ നായർ | പാർപ്പിടാവശ്യം | 91 M$^2$ |
| 2 | 7/731 | ബേബി | പാർപ്പിടാവശ്യം | 78 M$^2$ |
| 3 | 7/853 | കമലമ്മ | പാർപ്പിടാവശ്യം | 98m$^2$ |
| 4 | 7/1051 | സീബ.ജി | പാർപ്പിടാവശ്യം | 85m2 |

വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 56/2022-23,11.09.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വാടക ഒടുക്കു വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ചുവടെ പറയുന്ന കടമുറികളുടെ വാടക ഒടുക്കിയതിന്റെ രസീത് വിശദാംശങ്ങൾ വാടക രജിസ്റ്ററിൽ ലഭ്യമല്ല.

| ക്രമ നം | കടമുറിയുടെ നമ്പർ | സ്ഥാപനം നടത്തുന്ന വ്യക്തി | തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തവ (മാസം, തുക) |
|---|---|---|---|
| 1 | NMS 26 | Kumari | 9/2022, 553+ GST Per Month |
| 2 | NMS 31 | Jagadamma | 11/22, 12/22, 553+ GST Per Month |
| 3 | NMS 34 | Lalitha S | 6/22, 7/22, 8/22, 852 + GST Per Month |
| 4 | NMS 40 | S Sathikumar | 8/22 To 3/23, 1400 + GST |

| | | | |
|---|---|---|---|
| | | | Per Month |
| 5 | New NMS 8 | Riyas | 5/22-12/22, 656+ GST Per Month |
| 6 | New Nms 12 | Asharaf | 1/22 To 3/23, 644+ GST Per Month |
| 7 | New Nms 16 | Sivaprasad | 1/22 To 3/23, 644+ GST Per Month |
| 8 | SC 27 | Babu .C | 6021 + GST Per Month 2018-19 To 2022-23<br>2021-22(തുക 188814)<br>2022-23(6202+ GST Per Month) |
| 9 | SC 4 | K Prabhakakran | 10/2022, 6498 + GST Per Month<br>4/22-6/22 ഒടുക്കേണ്ട തുക 23003, ഒടുക്കിയത് 21583( Rt No. 1220101671 Dtd 16.06.22) |
| 10 | OMS 1 | D. Nasarudeen | 1/23-3/23, 5772+ GST Per Month<br>10/22-12/22 ഒടുക്കേണ്ട തുക 17316, ഒടുക്കിയത് 17166( Rt No. 1220110426dtd 18.03.23) |
| 11 | OMS 3 | Muhammad Kannu Abdulsalam | 4/22-6/22, 3733+ GST Per Month |
| 12 | NMS-9 | Sathikumar | 4/22 To 12/22, 1248 + GST Per Month |
| 13 | NMS 15 | Sulfikkar Ali | 4/22 To 12/22 ഒടുക്കേണ്ട തുക 138600+ GST, ഒടുക്കിയത് 12320( Rt No. 1220110596dtd 20.03.23) |
| 13 | NMS 10 | - | 2021-22 കുടിശ്ശിക 2514 |
| 14 | New NMS 1 | | 2021-22 കുടിശ്ശിക 25132 |
| 15 | New NMS 12 | | 2021-22 കുടിശ്ശിക 4200 |
| 16 | New NMS 14 | | 2021-22 കുടിശ്ശിക 19518 |

വാടക ഒടുക്കു സംബന്ധിച്ച രസീതുകൾILGMS ൽ പരിശോധിക്കുമ്പോൾ ഏത് മാസത്തെ വാടകയാണ് ഒടുക്കിയതെന്ന Narration എല്ലാ രസീതുകളിലും രേഖപ്പെടുത്തുന്നില്ല എന്നു കാണുന്നു. AFS പ്രകാരം Rent Receivable From Buildings (Arrear) 643685/- രൂപയാണ്. കുടിശ്ശിക രജിസ്റ്റർ പ്രകാരം 2021-22 കുടിശ്ശിക ഡിമാന്റ് 240178 രൂപയാണ്. അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കിയില്ല.

നെല്ലനാട് ഗ്രാമപഞ്ചായത്ത് ഫയൽ അദാലത്തിൽ പരിഗണിച്ച പഞ്ചായത്ത് കടമുറികളിൽ വാടക കുടിശ്ശിക വരുത്തി എഗ്രിമെൻറ് വയ്ക്കാത്തവരിൽ ശ്രീ.സി.ബാബു വിപിൻ നിവാസ് ,കോക്കോട്ടുകോണം,വെഞ്ഞാറമൂട് എന്നയാൾ അദാലത്തിൽ ഹാജരാകുകയും SC NO.27 കടമുറിക്ക് 4 വർഷത്തെ വാടക കുടിശ്ശിക ഉള്ളതിൽ വർഷാവർഷമുള്ള വാടക വർദ്ധനവ് കുറച്ച് പലിശ ഇളവ് ചെയ്തു നൽകിയാൽ കുടിശ്ശിക അടവാക്കാമെന്ന് അറിയിച്ചിട്ടുള്ളത് കമ്മിറ്റി പരിശോധിക്കുകയും വാടകയിലോ പലിശ ഇനത്തിലോ തുക കുറയ്ക്കേണ്ടതില്ലെന്നും ടി കടമുറി ഒഴിപ്പിക്കുന്നതിനും

കുടിശ്ശിക തുക ഈടാക്കുന്നതിന് ടിയാനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനും ആവശ്യമെങ്കിൽ പോലീസ് സഹായം ആവശ്യപ്പെടുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും തുടർന്ന് 4 വർഷത്തെ വാടക കുടിശ്ശികയായ 354432/- (മൂന്ന് ലക്ഷത്തി അൻപത്തി നാലായിരത്തി നാനൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) രൂപയിൽ 100000/-രൂപ അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക ഗഡുക്കളായി അടവാക്കുന്നതിനും, പലിശ ഒഴിവാക്കി നൽകണമെന്നുള്ള അപേക്ഷ കമ്മിറ്റി പരിശോധിക്കുകയും പലിശ ഒഴിവാക്കുന്നതിന് സാധിക്കുകയില്ലെന്നും തുക ഗഡുക്കളായി 2022 ആഗസ്റ്റ് 31 ന് മുൻപായി അടവാക്കുന്നതിന് അനുമതി നൽകാവുന്നതാണെന്നും, ടി വ്യവസ്ഥ പ്രകാരം നടപ്പ് വർഷത്തെ കരാറിൽ ഏർപ്പെടുന്നതിനും 28.05.2022ലെ ഭരണസമിതി യോഗത്തിലെ 11(5) നം പ്രകാരം അംഗീകരിച്ച് തീരുമാനിച്ചു. എന്നാൽ 2022-23 ലും ടിയാൾ തുക ഒടുക്കിയതായി വാടക രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല( ഓഡിറ്റ് എൻക്വയറി നം 45/2022-23, 19.09.2023). ഈ സാഹചര്യത്തിൽ പരാമർശിത അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കേണ്ടതും ശ്രീ.സി. ബാബുവിനെതിരെ കുടിശ്ശിക തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-13 FTAEOS ലൈസൻസ് അപാകതകൾ

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ സംബന്ധിച്ച് അന്വേഷണ കുറിപ്പ് നൽകുകയും( ഓഡിറ്റ് എൻക്വയറി നം12 /2022-23, 14.09.2023) ആയതിന് മറുപടി ലഭ്യമാക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. റേഷൻകടക ൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നോ, ഗ്രാമ പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻകടകൾ ഉണ്ട്, പ്രസ്തുത റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശം എന്നിവ സംബന്ധിച്ച് അന്വേഷണ കുറിപ്പ് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലുള്ള 15 റേഷൻ കടകളെ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തി കടകൾക്ക് നോട്ടീസ് നൽകിയതിന്റെ രേഖകൾ ഹാജരാക്കുകയും ചെയ്തു. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | എ.ആർ.ഡി.നം |
|---|---|---|
| 1 | കോട്ടുകുന്നം | 306 |
| 2 | നെല്ലനാട് | 363 |
| 3 | കീഴായികോണം | 192 |
| 4 | തോട്ടുംപുറം | 188 |
| 5 | മൈലയ്ക്കൽ | 182 |
| 6 | മാണിക്കമംഗലം | 189 |
| 7 | പുളർ | 365 |

| | | |
|---|---|---|
| 8 | വലിയകട്ടയ്ക്കാൽ | 190 |
| 9 | കാവറ | 191 |
| 10 | കാവറ | 183 |
| 11 | കാവറ | 186 |
| 12 | മൂക്കന്നൂർ | 184 |
| 13 | മുരുർക്കോണം | 364 |
| 14 | മണ്ഡപകുന്ന് | 187 |
| 15 | പരമേശ്വരം | 395 |

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മേൽ റേഷൻ കടകൾക്ക് എതിരെ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കു ന്നു

A)സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 2414 വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങൾ ഉണ്ട് . കെട്ടിടങ്ങളുടെ എണ്ണത്തിനാനുപാതികമല്ല ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 686 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ വിഷയത്തിലെ അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ 2020-21 സാമ്പത്തിക വർഷം 486 സ്ഥാപനങ്ങൾക്കും 2021-22 504 സ്ഥാപനങ്ങൾക്കുമാണ് ലൈസൻസ് നൽകിയിരുന്നതെന്നും , ഫീൽഡ് വെരിഫിക്കേഷൻ നടത്തുകയും ,നോട്ടീസ് നൽകുകയും നിരന്തരമായി സ്ഥാപനവുമായി ബന്ധപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 2022-23 സാമ്പത്തിക വർഷം 686 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ കഴിഞ്ഞതെന്നും അറിയിക്കുകയുണ്ടായി.

B)2022-23 സാമ്പത്തിക വർഷം സ്ഥാപനം തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിലെ 9 വാർഡുകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന വ്യാപാരികൾ ലൈസൻസ് പുതുക്കിയിട്ടില്ല എന്ന് കണ്ടു. ഈ വിഷയം സംബന്ധിച്ച അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്.

| വാർഡ് നം | വാർഡ് | കെട്ടിട നം/ഉടമയുടെ പേര്/സ്ഥാപനത്തിന്റെ പേര്/ |
|---|---|---|
| I | കോട്ടുകുന്നം | I/366 , മഞ്ജു. സി, നക്ഷത്ര ബ്യൂട്ടീ പാർലർ |
| VI | മൈലയ്ക്കൽ | |
| | “ | Vi/ 930, ഹുസൈൻ, ചോയിസ് ഏജൻസി |
| | “ | VI/ 552 മുഹമ്മദ് ജഫീസ്, എ എസ് ഏജൻസീസ് |
| | “ | VI/1017, നബീസാ ബീവി, ഷാൻ ഹോട്ടൽ |
| | “ | Vi/331 A, അജിത്ത്. ആർ, AR Associates |
| | “ | VI/ 417, സുരേഷ് ബാബു, ശ്രീ അംബ ട്രേഡേഴ്സ് |
| | “ | VI/ 250, നിസ്സാം ജെ, കിഡ്നി ബേബി ഷോപ്പ് |
| | “ | Vi/133, ജയകുമാർ എം, JS Agency |

| | | |
|---|---|---|
| | “ | VI/ 217, ജലാല്യദ്ദീൻ എ, മലബാർ ഫ്രഷ് ചിപ്സ് |
| | “ | VI/172, മുഹമ്മദ് ഫായിസ്, ഗിഫായി റസ്റ്റോറന്റ് |
| | “ | VI/ 131, റയാൻ സ്റ്റേഷണറി, നിസാർ അഹമ്മദ് ഇ |
| | “ | VI/331(A), Shylabeevi R, Stationary & Provision Store |
| | “ | VI/259, സലാഹുദ്ദീൻ, എം.കെ, മൊബൈൽ സിറ്റി |
| | “ | VI/ 261 , ഷിഹാബുദ്ദീൻ എ, അൽമാസ് മൊബൈൽ |
| | “ | VI/1065 (B), Jayachandran MC, Cement Sales |
| | “ | Vi/29, Vijayakumar, Interior Work |
| | “ | VI/19, Shaji S, Ac/ Refrigerator Mechanism |
| | “ | VI/986(C), Nithin N, പാരാ സോൾ ട്രേഡ് ലിങ്ക്സ് |
| | “ | VI/688, Subeesh, GS Enterprices |
| | “ | VI/16, Shihas, KSM Fruits And Vegetables |
| | “ | VI/84, Shibu Narayanan, Narayani Vilasam Jyothishalayam |
| | “ | VI/689, Binulal GS, Insurance Claiming Verification Office |
| | “ | VI/288, Benzeer AS, Friend New Collection |
| | “ | Vi/1162(B), Shajeer, Bismi Computer Centre |
| | “ | VI /1005 B,C, Shibi Abdul Rasheed, National Bakery |
| | “ | VI/105, Rajan, Construction Company |
| | “ | Vi/196, CDEF, Jini Vijayan J,AK Amis Kids Ware |
| | “ | VI/79, Rajkumar, Renjith Tea Stall |
| | “ | VI/ 455, Thankakuttan S, തേങ്ങാകട |
| | “ | VI/962(B), Anwar BS, Horizen Builders Office |
| | “ | VI/422,ShajeerM, Nivarthanam Publications |
| | “ | VI/364, Nisarudeen, Jisha Shope |
| VII | വെഞ്ഞാറമൂട് | |
| | “ | VII/925, MH റാഫി, അൽഫാജത്ത് ഡിസൈനർ സെന്റർ |
| | “ | VII/926, Sheeba Rafi, Selection Agency |
| | “ | VII/123(B), Sunilkumar K,Koppathil Industries |
| | “ | VII/395, Vinod GS, Freez Land |
| | “ | VII/617, Bindhu Rajan, Raj Garments |
| | “ | VII/555, Aravind Gopan, Griha Builders |
| | “ | VII/6/7, Ratheesh Kumar GS, HR Digital Studio |
| | “ | VII/885, Safnan S, Oil Mill |
| | “ | VII/886, Jansy Beegum, Stationery Shop |
| | “ | VII//888E, Sirajudeen, Textiles |
| | “ | VII/614, Shyni, Hotel |
| | “ | VII/80, Bijo Thomas, റബ്ബർ വ്യാപാരം |
| | “ | VII/1030, Lekha O, Book Stall |
| | “ | VII/616 D, Al-Ameen, CM Construction Office |
| | “ | VII/397, Suresh, Saga Dress Makers |
| | “ | VII/61 B, Shammi S, Pavithram Paint Shop |

| | | |
|---|---|---|
| | " | VII/406, Anandu, Siva Traders |
| | " | VII/470, Rajesh S, Mineral Water, Food Product Distributors |
| | " | OMS 10, Asokan, Asoka Saloon |
| | " | BMS 9, Sainulabdeen, Nadiya Mobiles And Watch |
| | " | OMS 9, Abdul Rasheed, പലചരക്ക് കട |
| | " | VII/OMS 5, അബ്ദുള്ള, ഹമാരേ ബേക്കറി |
| | " | VII/452, മുഹമ്മദ് റാഷിദ്, Alco Electricals |
| | " | VII/572, Sumesh S Mohan, Revathy Hardware & Painting |
| | " | VII/883, Asharaf Khan MK, മർസാസ് ട്രേഡേഴ്സ് |
| | " | VII/888C, കൃഷ്ണൻകുട്ടി. സി, വി വി പാർക്കിങ് വേൾഡ് |
| | " | VII/559, M Noushad,NS Traders |
| | " | VII/575 B, Niyadi Traders, Nasarudeen A |
| | " | VII/17 F, Anaz A, D Are Designers And Building |
| | " | Vii/399 , Habeeb Chicken Fast Food |
| | " | VII , 874, Bismy, Agency Shafeek |
| | " | VII/454 , Hashim A, Fresh Market |
| | " | VII/88 D, ഫൈസൽ. ജെ.എസ്,helmet Hub |
| | " | VII/212(B), Anandu AB, Arun Krishna SS Cloud Devolutions |
| | " | VII/ 370, Raju K, Kripa Jewellery |
| | " | VII/ 418 A, Shibu A, Saroop, Ribons Car Care |
| | " | VII SC 2, Attukal Electronics, Krishna Ayyar |
| | " | VII, NMS 14, Manoharan Pillai, Abin Fancy |
| VIII | മാണിക്കമംഗലം | VIII/477, ജോയി.എസ്,റോഷൻ ഏജൻസി |
| | " | VIII/360, Vimalkumar RJ, Niswas Community Centre |
| | " | VIII/607, സുനിൽകുമാർ ജി, ലാൽ ഗാർമെന്റ്സ് |
| | " | VIII/18 (B) , Ayoob Khan S, Expert Hands |
| | " | VIII, 336 C, Ajithkumar A, Athithi Auto Spares |
| | " | VIII/18 E, Sajeena AK, Rock Breakers And Spare Parts |
| | " | VIII/482, V ബാബു, ഹൈ പവർ റബ്ബർ റോളർ സെയിൽസ് & പുകപ്പുര |
| | " | VIII/31(A), Siyam BS,IT Supports Computer Software Hardware Online Service |
| | " | VIII, Ramlal RS, Yamlez Kids & Fancy |
| | " | VIII/163 J, Dr, Benny PV, Seas Sevan |
| | " | VIII/18 K, ഷാജേഷ്. കെ.സി, Assans The Bakers Home |
| IX | പുളർ | |
| | " | IX/238, Aneesh J, SMART |
| | " | IX/314,Selvaraj S Arnab Books And Lottery Agency |
| | " | IX/ 220, Gopalakrishna Pillai, Viswas Community Fare Price Mediical Service |
| | " | IX/501, Manju, Galaxy Stiching Centre |

| | | |
|---|---|---|
| | " | IX/233,234, Abdul Basheer, Textiles |
| | " | IX/456, Haseena N, Bakery |
| | " | IX/371, Haridas P, Bakery |
| | " | IX/227,Ajithkumar, Steps Business Communications |
| | " | IX/437(A), A. Minas Beegum, Milana Ladies Boutique |
| | " | IX/75, Nahas NN,, Black Full Mens Wear |
| | " | IX/90, Dr. Ragitha K,Agnives Ayurveda Pharmacy |
| | " | IX/832, Satheeshkumar G, Revathy Upholsory |
| | " | IX/757 A, Salim A,Salim Pickles |
| | " | IX/ 468,469, Sasikumar K, Sithara Trading |
| | " | IX/107, A Basheer, Ancy Store |
| | " | IX/ 868, Murukan Pillai K, Stationary Shop |
| | " | IX/411, Suresh C, Express Trading |
| | " | IX/887, Vichithra VS, Thanima Flour Mill |
| | " | IX/320 N, Vinu P, Stiching Centre |
| | " | IX/289,290, Rajeev J,Sreemookambika Lottery Agency |
| | " | IX/287, Abdul Raheem, Mobiles & Accessories |
| | " | IX/412, Sudarsanan V, Fresh Quick |
| | " | IX/370 H, Shiju M, DR Phone Mobile Shop VJD |
| | " | IX/55 C1, Thahir A, Rajeev R, Hashik K,Galaxy Land And Building Solution |
| | " | IX/370 H, Sandeep DR Phone Atl Road |
| | " | IX/228, V Premlal, Amees Music |
| | " | IX/421, രാജി എ,Variety തട്ടുകട |

ഗ്രാമപഞ്ചായത്തിലുള്ള എല്ലാ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പു വരുത്തുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ലേലം അപാകതകൾ

1)പഞ്ചായത്തിന്റെ അധീനതയിലുള്ള പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ അനധികൃതമായി മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നു . 19.09.2023 ലെ സ്ഥല പരിശോധനയിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നതായും സ്റ്റാളുകൾ സെറ്റ് ചെയ്തിരിക്കുന്നതായും മീൻ സൂക്ഷിക്കുന്നതിനുള്ള പെട്ടികൾ അടുക്കി സൂക്ഷിക്കുന്നതായും ശ്രദ്ധയിൽപെട്ടു. എന്നാൽ പഞ്ചായത്തിന്റെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ആസ്തി ലേലം ചെയ്ത് നൽകിയിട്ടുള്ളതായി കാണുന്നില്ല. ലേലം ചെയ്ത് നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനും ലേലം ചെയ്ത് നൽകിയിട്ടില്ലെങ്കിൽ അനധികൃതമായി മത്സ്യ മാർക്കറ്റ് പ്രവർത്തിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനും ആസ്തി ആർജിച്ച തീയതി അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.( ഓഡിറ്റ് എൻക്വയറി നം 59/2022-23, 19.09.2023). പഞ്ചായത്തിൽ നിന്നും അധികം അകലയല്ലാതെ സ്ഥിതി ചെയ്യുന്ന ഈ ആസ്തിയിലെ അനധികൃത കൈയേറ്റത്തിൻ മേൽ കൈയേറ്റക്കാർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കേണ്ടതും പഞ്ചായത്തിന് ആദായകരമായ രീതിയിൽ ആസ്തി വിനിയോഗിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.



2) 2022-23 സാമ്പത്തികവർഷം നെല്ലനാട് ഗ്രാമപഞ്ചായത്ത് ലേലം സ്ഥിരപ്പെടുത്തി നൽകിയ ചുവടെ പറയുന്ന വ്യക്തികൾ തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| ക്രമ നം | ലേലത്തിന്റെ വിശദാംശം | ലേലം സ്ഥിരപ്പെടുത്തി ലഭിച്ച വ്യക്തി | തുക |
|---|---|---|---|
| 1 | മുസ്ലീം അസോസിയേഷൻ കോമ്പൗണ്ടിന് സമീപം നിൽക്കുന്ന തെങ്ങ് | വിനീത് ബി.എസ് | 350 GST 63 |
| 2 | NMS 40 | സതികുമാർ, സോപാനം | 1000 |

തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

3) നെല്ലനാട് ഗ്രാമപഞ്ചായത്തിലെ തയ്ക്കാട് റോഡ് പുറമ്പോക്കിലെ പാഴ്മരം, ഉദിമൂട് അംഗനവാടിയിലെ വട്ടമരം തുടങ്ങിയ മരങ്ങൾ ലേലം ചെയ്യുന്നതിനും ടി മരങ്ങൾ വാല്യുവേഷന വേണ്ടി AE LSGD യോട് നിർദേശിക്കുന്നതിനും, കോട്ടുകുന്നം അംഗനവാടിയിലെ 2 അലമാരകളും ഒരു റാക്കും ലേലം ചെയ്യുന്നതിനും തീരുമാനിച്ചതായി (20/04/2022 ലെ ഭരണസമിതി യോഗം തീരുമാന നമ്പർ : 12) ഭരണസമിതി യോഗ മിനുട്സിൽ കാണുന്നു. കൂടാതെ നെല്ലനാട് ഗ്രാമപഞ്ചായത്തിലെ 24 അങ്കണവാടികളിൽ കെട്ടികിടക്കുന്ന പഴയ ഗ്യാസ് സ്റ്റൌവ് ലേലം ചെയ്യുന്നതിന് നടപടികൾ

സ്വീകരിക്കണമെന്ന ICDS സൂപ്പർവൈസറുടെ കത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും ടി സ്റ്റൌവ് അതാത് അങ്കണവാടികളിൽ നിന്നും ശേഖരിച്ച് ലേലം ചെയ്യുന്നതിന് അംഗീകാരം നൽകി തീരുമാനിക്കുകയും ചെയ്തു (29/04/2022 ലെ ഭരണസമിതി യോഗം തീരുമാന നമ്പർ : 5). എന്നാൽ ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ലേല രജിസ്റ്ററിൽ ലഭ്യമല്ല കൂടാതെ 2022-23 വരെയുള്ള ലേല കുടിശ്ശികയുടെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.( ഓഡിറ്റ് എൻക്വയറി നം 44/2022-23, 19.09.2023). ആവശ്യമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 പെർമിറ്റ് രജിസ്റ്ററുകൾ യഥാവിധം പരിപാലിക്കുന്നില്ല.

29.01.2020 ലെ 1/1444/2019 ത.സ്വ.ഭ.വ. പരിപത്രത്തിൽ പെർമിറ്റ് രജിസ്റ്റർ പരിപാലിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശമുണ്ടെങ്കിലും പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളും എഴുതി പൂർത്തിയാക്കിയിട്ടില്ല. 13.02.2023 മുതൽ ഫയൽ നമ്പരുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത പെർമിറ്റ് ഫയലുകളിൽ സ്വികരിച്ച തുടർ നടപടി വിശദാംശങ്ങൾ രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ( ഓഡിറ്റ് എൻക്വയറി നം 67/2022-23, 19.09.2023).

## 1-16 അങ്കണവാടി കേന്ദ്രങ്ങളിലെ അനുപൂരക പോഷകാഹാര പരിപാടി- 2656430/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | അങ്കണവാടി കേന്ദ്രങ്ങളിലെ അനുപൂരക പോഷകാഹാര പരിപാടി |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ | S054/23 |
| അടങ്കൽ | 2751250(1751250 വി.ഫ ജ; 1000000കേന്ദ്രാവിഷ്കൃത) |
| ചെലവ് | 2656430(1751250 വി.ഫ ജ;905180 കേന്ദ്രാവിഷ്കൃത) |

അനുപൂരക പോഷകാഹാരം പദ്ധതി പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) കേന്ദ്രവിഷ്കൃത ഫണ്ടിനത്തിൽ ചെലവ് ചെയ്ത 905180/- രൂപയിൽ 509729/- രൂപയുടെ ബില്ല് മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ.

2) നെല്ലനാട് ഗ്രാമപഞ്ചായത്തിലെ 24 അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനായാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ബന്ധപ്പെട്ട ബിൽ നമ്പരോ തീയതിയോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്റ്റോക്കിന്റെ വിശദാംശം, അതിന്റെ വിതരണം എന്നിവ പരിശോധിക്കുവാൻ സാധിക്കുന്നില്ല.

3) ന്യൂട്രിമിക്സ് ഉൾപ്പെടെയുള്ള ഭക്ഷണസാധനങ്ങൾ വിവിധ അങ്കണവാടികളിൽ എത്തിക്കുന്നതിനായി വണ്ടി വാടക ശ്രീ സാബു ഖാൻ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തിയെ തെരഞ്ഞെടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 53/2021-22,19.09.23 ക്ക് മറുപടി നൽകിയിട്ടില്ല. അതിനാൽ അങ്കണവാടി കേന്ദ്രങ്ങളിലെ അനുപൂരക പോഷകാഹാര പരിപാടിക്കായി ചെലവ് ചെയ്ത 2656430/- രൂപ തടസ്സപ്പെടുത്തുന്നു. ബിൽ രേഖകൾ, ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 അങ്കണവാടി കേന്ദ്രങ്ങളിലെ അനുപൂരക പോഷകാഹാര പരിപാടി- 480912/- രൂപ

തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | അങ്കണവാടി കേന്ദ്രങ്ങളിലെ അനുപൂരക പോഷകാഹാര പരിപാടി (എസ് സി) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | S055/23 |
| അടങ്കൽ | 480912(വി.ഫ എസ് സി പി) |
| ചെലവ് | 480912 |
| ബിൽ നമ്പർ/തുക /തീയതി | 1) 120/ 26/11/2022-294238.00<br>2) 231/03/02/2023-186674.00 |

അങ്കണവാടി കേന്ദ്രങ്ങളിലെ അനുപൂരക പോഷകാഹാര പരിപാടി (എസ് സി) പ്രോജക്ട് പ്രകാരം 480912/- രൂപ മാവേലി സ്റ്റോർ വെഞ്ഞാറമൂടിന് നൽകിയിട്ടുണ്ട്. നെല്ലനാട് ഗ്രാമപഞ്ചായത്തിലെ 24 അങ്കണവാടികളിൽ മാവേലിസ്റ്റോറിൽ നിന്നും ഭക്ഷണസാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനായാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഫുഡ് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ബന്ധപ്പെട്ട സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ നമ്പരോ തീയതിയോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്റ്റോക്കിന്റെ വിശദാംശം, അതിന്റെ വിതരണം എന്നിവ പരിശോധിക്കുവാൻ സാധിക്കുന്നില്ല.

വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 54/2021-22,19.09.23 ക്ക് മറുപടി നൽകിയിട്ടില്ല. അതിനാൽ അങ്കണവാടി കേന്ദ്രങ്ങളിലെ അനുപൂരക പോഷകാഹാര പരിപാടിക്കായി ചെലവ് ചെയ്ത 480912/- രൂപ തടസ്സപ്പെടുത്തുന്നു. ബിൽ രേഖകൾ, ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 സ്നേഹസ്പർശം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | സ്നേഹസ്പർശം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | S059/23 |
| അടങ്കൽ | 2131250(890000 വി.ഫ ജ; 620625ബ്ലോക്ക് പ; 620625 ജില്ല പ) |
| ചെലവ് | 1580000(862000 വി.ഫ ജ; 388000ബ്ലോക്ക് പഞ്ച; 330000ജില്ല പഞ്ച) |
| ബിൽ നമ്പർ/തീയതി/ തുക | 1) 423 24/03/2023 - 108000<br>2) 460 27/03/2023 - 24000<br>3) 119 26/11/2022 - 10000<br>4) 104 14/11/2022 - 60000<br>5) 87 31/10/2022 - 660000<br>6) 117 26/11/2022 - 148000<br>7) 180 09/01/2023 - 120000<br>8) 228 01/02/2023 – 120000<br>9) 172 03/01/2023 - 330000 |

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തത്.

ഗുണഭോക്താക്കളുടെ കുട്ടികളുടെ പഠനനിലവാരം ഉയർത്തുക, അവരെ സമൂഹത്തിന്റെ മുന്നിലെത്തിക്കുക എന്നിങ്ങനെയാണ് പദ്ധതി ലക്ഷ്യം വച്ചത്. പ്രോജക്ട് പ്രകാരം ആകെ 74 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. സ.ഉ (കൈ) നം. 115/2022/തസ്വഭവ തീയതി 28.05.2022 ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരം പരമാവധി തുക ലഭ്യമാകുന്ന തരത്തിൽ ആണ് പദ്ധതി രൂപീകരിച്ചത്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 17.08.2016 ലെ 2465/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുഴുവൻ ഭിന്നശേഷിക്കാരുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സൂക്ഷിക്കേണ്ടതാണ്. ആയത് പ്രകാരമുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല .

2. പ്രോജക്ട് പരിശോധിച്ചതിൽ 74 ൽ കൂടുതൽ പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ സ്കോളർഷിപ്പ് തുകയായ28500/- രൂപ പൂർണ്ണമായും ലഭിച്ചത് വളരെ കുറച്ച് വിദ്യാർത്ഥികൾക്ക് മാത്രമാണ്. മാനസിക വെല്ലുവിളികളാൽ സമൂഹത്തിൽ വേദനയും കഷ്ടതയും അനുഭവിക്കുന്ന കുട്ടികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള മുഴുവൻ ധനസഹായ തുകയും നൽകേണ്ടതാണ്. ഇത്തരത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് തുക നൽകുന്നതിൽ കുറവ് വരുന്നതാ അംഗീകരിക്കാവുന്നതല്ല.

3. സ.ഉ (കൈ) നം. 115/2022/തസ്വഭവ തീയതി 28.05.2022 7.1. 6 ഇ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതാത് മാസം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കണമെന്നും ഒപ്പം ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളും ആസൂത്രണ മാർഗരേഖയിൽ പറയുന്ന നിരക്കിൽ വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ധനസഹായം നൽകേണ്ട ഗുണഭോക്തക്കളുടെ വിവരങ്ങൾ ഐ സി ഡി എസ് സൂപ്പർവൈസർ സിഡിപിഒ മുഖേന മുൻക്കൂട്ടി നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 55/2021-22, 19.09.23) ക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ചെലവ് രേഖകൾ ഹാജരാക്കിയില്ല 95000/- രൂപ തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ | S0164/23 | SO 159/23 | SO 160/23 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാരായ കുട്ടികളുടെ കായിക മത്സരങ്ങൾ | സ്ത്രീകളുടെ സമഗ്ര വികസനവും സുരക്ഷയും - ജ്വാല | സ്ത്രീ പദവി പഠനം- പെൺ അടയാളങ്ങൾ |
| അടങ്കൽ | 75000 വികസനഫണ്ട് | 229000 വികസനഫണ്ട് | 47500- വികസനഫണ്ട് |
| ചെലവ് | 34146 | 72276 | 11690 |
| ബിൽ നമ്പർ, തുക | 182/09.01.2023-8646<br>156/23.12.2022-25500 | 235/03.02.2023-15000/-<br>238 / 06.02.2023-2000<br>299/23.02.2023-600/-<br>334/04.03.2023-17000/-<br>386/18.03.2023- 9790/-<br>225/31.01.2023 -2386/-<br>133/12.12.2022-8500/-<br>181 /09.01.2023-17000/- | 226 / 31/01/2023-1690<br>296 / 23/02/2023-10000 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

നെല്ലനാട് ഗ്രാമപഞ്ചായത്തിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ S0164/23, SO 159/23, SO 160/23 എന്നീ പദ്ധതികളുടെ ചുവടെ പറയുന്ന ബില്ലുകൾ പ്രകാരമുള്ള ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് രേഖകൾ ആവശ്യപ്പെട്ട് അന്വേഷണകുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.(ഓഡിറ്റ് എൻക്വയറി നം 62/2022-23,19.09.2023) . രേഖകളുടെ അഭാവത്തിൽ ബില്ലുകൾ പ്രകാരമുള്ള ചെലവ് തുകയായ

95000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | ബിൽ നം | തുക | പ്രോജക്ട് നം |
|---|---|---|---|
| 1 | 156/23.12.2022 | 25500 | S0164/23 |
| 2 | 235 /03/02/2023 | 15000 | SO 159/23 |
| 3 | 238/ 06/02/2023 | 2000 | |
| 4 | 334/04/03/2023 | 17000 | |
| 5 | 133/12/12/2022 | 8500 | |
| 6 | 181 /09/01/2023 | 17000 | |
| 7 | 296/ 23/02/2023 | 10000 | SO 160/23 |
| | ആകെ | 95000 | |

## 1-20 ആശ്രയ അഗതി രഹിത കേരളം പദ്ധതി നിർവഹണത്തിൽ അപാകത 100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SO121/23 |
| പ്രോജക്ടിന്റെ പേര് | ആശ്രയ അഗതി രഹിത കേരളം പദ്ധതി |
| അടങ്കൽ | 100000(വികസനഫണ്ട്) |
| ചെലവ് | 100000 |
| ബിൽ നമ്പർ | 127/01.12.2022 |
| നിർവ്വഹണം | അസ്സിസ്റ്റന്റ് സെക്രട്ടറി |

കുടുംബശ്രീ വഴി സർവേ നടത്തി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് സർക്കാരിന്റെ അംഗീകാരം വാങ്ങി ആനുകൂല്യം നൽകുന്നതിനായ് വിഭാവനം ചെയ്തതാണ് പ്രോജക്ട്. പദ്ധതി പ്രകാരം 100000/- രൂപ കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രവർത്തനങ്ങൾ നിർമാണ സാമഗ്രികൾ വാങ്ങൽ, നേട്ടം ആസ്തി സൃഷ്ടിക്കൽ എന്നിവ ലക്ഷ്യം വച്ചാണ് പദ്ധതി വിഭാവനം ചെയ്ത് ഡി.പി.സി. അംഗീകാരം വാങ്ങിയത്. എന്നാൽ കുടുംബശ്രീയിൽ നിന്നും ഹാജരാക്കിയ ചെലവു രേഖകൾ പരിശോധിച്ചതിൽ സിവിൽ സപ്ലൈസ് കോർപറേഷനിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ വാങ്ങി ഭക്ഷ്യ കിറ്റ് വിതരണം ചെയ്തതായാണ് കാണുന്നത്. പദ്ധതി പ്രകാരമുള്ള ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രവും നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയില്ല. പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ( ഓഡിറ്റ് എൻക്വയറി നം25/2022-23, 15.09.2023)

രേഖകളുടെ അഭാവത്തിലും പദ്ധതി വിഭാവനം ചെയ്തതിനു വിരുദ്ധമായി പദ്ധതി നിർവഹിച്ചതിനാലും പദ്ധതിക്കായി ചെലവഴിച്ച 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ബഡ്സ് സ്കൂൾ വാഹന സൗകര്യം ഏർപ്പെടുത്തൽ ചെലവ് രേഖകൾ ഹാജരാക്കിയില്ല 102600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO63/23 |
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്കൂൾ വാഹന സൗകര്യം ഏർപ്പെടുത്തൽ |
| അടങ്കൽ | 300000<br>തനത് ഫണ്ട് |
| ചെലവ് | 102600 |

| | |
|---|---|
| വൗച്ചർ നം/ തീയതി /ചെക്ക് നം /തുക | 22201451/06.03.2023 /555053/06.03.2023- തുക 66600<br>22201602/30.03.2023 /54527/30.03.2023- തുക 36000 |
| നിർവ്വഹണം | അസ്സി. സെക്രട്ടറി |

ബഡ്സ് സ്കൂൾ വാഹന സൗകര്യം ഏർപ്പെടുത്തൽ എന്ന പദ്ധതിക്ക് സുലേഖ ചെലവ് പത്രിക പ്രകാരം 102600/- രൂപയുടെ ചെലവ് ഉണ്ടെങ്കിലും ചെലവ് രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം23/2022-23, തീയതി.15.09.2023). രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 102600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ആവശ്യകതാ നിർണ്ണയം നടത്താതെ ലാപ് ടോപ്പ് വാങ്ങി 36,553 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO108/23 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് |
| അടങ്കൽ | 550000<br>വികസന ഫണ്ട്-എസ് സി പി |
| ചെലവ് | 547786 |
| ബിൽ നമ്പർ | 166/ 30.12.2022-250000/-<br>385/18.03.2023- 297786/- |
| നിർവ്വഹണം | അസ്സി. സെക്രട്ടറി |

മെഡിക്കൽ, എഞ്ചിനീയറിങ്, പോളിടെക്നിക് തത്തുല്യ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന എസ്. സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നതിനായി 250000/-രൂപ വകയിരുത്തി വിഭാവനം ചെയ്ത പദ്ധതിയാണിത്. ജെം മുഖേനയാണ് വാങ്ങൽ നടപടികൾ നടത്തുന്നത്. 7 ലാപ്ടോപ്പുകൾ വാങ്ങുന്നതിന് തുക തികയാത്തതിനാൽ പദ്ധതി റിവൈസ് ചെയ്ത അടങ്കൽ തുക വർദ്ധിപ്പിച്ചു. ആദ്യ ഘട്ടത്തിൽ 7 ഗുണഭോക്താക്കൾക്കും രണ്ടാം ഘട്ടത്തിൽ 8 ഗുണഭോക്താക്കൾക്കും നൽകുന്നതിന് തീരുമാനിക്കുകയും 36 ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ച് ലിസ്റ്റ് നൽകുകയും 15 ലാപ്ടോപ്പുകൾ രണ്ട് ഘട്ടമായി വാങ്ങുകയും ചെയ്തു. എന്നാൽ സൂക്ഷ്മ പരിശോധനയിൽ 14 അർഹരായ ഗുണഭോക്താക്കളെ ലഭ്യമായുള്ളൂ എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അധികമായി വാങ്ങിയ ഒരു ലാപ് ടോപ്പ് നിർവഹണ ഉദ്യോഗസ്ഥന്റെ പക്കൽ സൂക്ഷിക്കുകയും ഈ നടപടി 31.07.2023 ലെ 1(6)ാം നമ്പർ തീരുമാനം പ്രകാരം സാധൂകരിക്കുകയും അധികമായി വാങ്ങിയ ലാപ് ടോപ്പ് തൻവർഷം ഇതേ ആനുകൂല്യത്തിനായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നുള്ള ഗുണഭോക്താക്കൾക്ക് നൽകുന്നതിനായ് നിർദ്ദേശിക്കുകയും ചെയ്തു.

സ്റ്റോർ പർച്ചേയ്സ് മാനുവൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും

സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. / 08.11.2010) എന്നിവ പ്രകാരം വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി ഒറ്റത്തവണയായിട്ടാണ് വാങ്ങേണ്ടത് . എന്നാൽ പദ്ധതി പ്രകാരം 2 തവണയായി 36,479.96 നിരക്കിൽ 7 എണ്ണവും 36,553.254 നിരക്കിൽ 8എണ്ണവും Gain Infosystems PVT LTDൽ നിന്നും വാങ്ങിയതായാണ് കാണുന്നത്. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം23/2022-23,തീയതി.15.09.2023). ഈ സാഹചര്യത്തിൽ കൃത്യമായ ആവശ്യകതാ നിർണ്ണയം നടത്താതെ അധികമായി വാങ്ങിയ ഒരു ലാപ് ടോപ്പിന്റെ വിലയായ 36,553/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികമായി വാങ്ങിയ ലാപ്ടോപ്പ് ഗുണഭോക്താക്കൾക്ക് കമ്മിറ്റി തീരുമാന പ്രകാരം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ വിതരണ കൈപ്പറ്റ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 പാഥേയം പദ്ധതി -വിനിയോഗ വിവരം ലഭ്യമാക്കിയില്ല-1,57,248 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പർ | SO107/23 | SO162/23 |
|---|---|---|
| പ്രോജക്ടിന്റെ പേര് | പാഥേയം | പാഥേയം (SC) |
| അടങ്കൽ | 218400(വികസനഫണ്ട്) | 174720(വികസനഫണ്ട്SCP) |
| ചെലവ് | 87360 | 69888 |
| ബിൽ നമ്പർ | 153/22.12.2022 | 154/22.12.2022 |
| നിർവ്വഹണം | അസ്സിസ്റ്റന്റ് സെക്രട്ടറി | അസ്സിസ്റ്റന്റ് സെക്രട്ടറി |

അഗതികളും 60 വയസിനു മുകളിലുള്ളവരുമായ ഒരു നേരത്തെ ആഹാരം പോലും ലഭ്യമാകാത്ത വയോജനങ്ങൾക്ക് ഒരു നേരത്തെ പാകം ചെയ്ത ആഹാരം കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിനായ് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകുന്നതിന് വിഭാവനം ചെയ്ത പ്രോജക്ടാണിത്.

SO107/23 നം പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 14 ഗുണഭോക്താക്കൾക്കും SO162/23 പാഥേയം (SC) പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 10 ഗുണഭോക്താക്കൾക്കും വേണ്ടിയാണ് തുക വകയിരുത്തിയിരുന്നത്. ജില്ലാ പഞ്ചായത്തിന് മേൽ പദ്ധതികൾ പ്രകാരം യഥാക്രമം 87360/- രൂപ, 69888/- രൂപ കൈമാറിയിട്ടുണ്ട്. ജില്ല പഞ്ചായത്തിന് കൈമാറിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ/ഭരണസമിതി അംഗീകരിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. പ്രസ്തുത ലിസ്റ്റിൽ മരണപ്പെട്ടവരെ ഒഴിവാക്കി, പുതുതായി ആരെയെങ്കിലും ഉൾപ്പെടുത്തിയിരുന്നുവൊ എന്നും രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

SO107/23 , SO162/23 എന്നീ പദ്ധതികൾക്കായി തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രവും ഭക്ഷണവിതരണം നടപ്പാക്കിയതിന്റെ ചെലവ് വിശദാംശങ്ങളും ലഭ്യമാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം13/2022-23, 14.09.2023). രേഖകളുടെ അഭാവത്തിൽ പദ്ധതികൾക്കായി ചെലവഴിച്ച 1,57,248/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമാണം പൂർത്തിയാക്കിയില്ല.

| പ്രോജക്ട് നമ്പർ | SO106/23 |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി |
| അടങ്കൽ | 1197000<br>വികസന ഫണ്ട്-എസ് സി പി<br>203000-തനത് ഫണ്ട് |
| ചെലവ് | 300000 |
| ബിൽ നമ്പർ | 476/28.03.2023- 300000/- |
| നിർവ്വഹണം | അസ്സി. സെക്രട്ടറി |

പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും അംഗീകരിച്ചിട്ടുള്ള കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് വേണ്ടി പഠനമുറി നിർമ്മിച്ച് നൽകുന്നതാണ് പദ്ധതി. പഠനമുറി നിർമാണത്തിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ സഹിതം കരാർ സമർപ്പിച്ചതിന് ശേഷം ആദ്യ ഗഡു 50000/- രൂപയും തുടർന്ന് അസി. എഞ്ചിനിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 75000/- രൂപ വീതം രണ്ട് ഗഡുക്കളായും നൽകുന്നു. ഒരാൾക്ക് ആകെ 200000/-രൂപ അനുവദിക്കുന്നു. പ്രസ്തുത പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

പഠന മുറി നിർമ്മാണം പൂർത്തീകരിച്ചില്ല

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | അനുവദിച്ച തുക / തീയതി |
|---|---|---|
| 1 | സനീഷ് സുനിത. എസ്, കൊച്ചുകടക്കൽ വീട്, മണ്ഡപകുന്ന്, ആലന്തറ, വെഞ്ഞാറമൂട് | 50000/ 28.03.2023 |
| 2 | അഖില സീത .സി, വെട്ടുവിളപുത്തൻ വീട്, പുളർ | 50000/ 28.03.2023 |
| 3 | സിന്ധു രഞ്ജിത്.ആർ, വള്ളിക്കാട്, കാന്തലകോണം, നെല്ലനാട്. പിഒ | 50000/ 28.03.2023 |
| 4 | അഭിനവ് പ്രസീന, ചരുവിളവീട്, ഗണപതിയാംകോട് | 50000/ 28.03.2023 |
| 5 | അനുപ്രീയ, പുളർ കിഴക്കുംകര പുത്തൻവീട് | 50000/ 28.03.2023 |
| 6 | അതുല്യ, അതുല്യ ഭവൻ, മുക്കുന്നൂർ | 50000/ 28.03.2023 |

ഗുണഭോക്താക്കൾ ചമച്ച കരാർ പത്രിക പ്രകാരം , പഠനമുറിയുടെ നിർമ്മാണം 2023 മാർച്ച് 31 നകം പൂർത്തിയാക്കേണ്ടതാണെന്നുണ്ട്. എന്നാൽ നിർമാണം പൂർത്തിയാക്കിയതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം24/2022-23, 15.09.2023). മേൽ ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഗഡുക്കൾ അനുവദിച്ചിട്ടും നിർമാണം പൂർത്തിയാക്കിയില്ലെങ്കിൽ അനുവദിച്ച തുക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 എസ് എസ് കെ വിഹിതം ഒടുക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -10,75,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പർ | S0136/23 | S0138/23 |
|---|---|---|
| പ്രോജക്ടിന്റെ പേര് | എസ് എസ് കെ വിഹിതം ഒടുക്കൽ | എസ് എസ് കെ വിഹിതം ഒടുക്കൽ |
| അടങ്കൽ | 300000 ( SCP) | 775000 ( CFC ) |
| ചെലവ് | 300000 | 775000 |
| ബിൽ നമ്പർ | 266/, 13.02.2023 | 72/26.09.2022-775000 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ |

മേൽ പദ്ധതികൾ പ്രകാരം സമഗ്ര ശിക്ഷ കേരള പ്രോജക്ട് ഓഫീസർക്ക് യഥാക്രമം300000 രൂപ, 775000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം27/2022-23, 16.09.2023). പദ്ധതികൾ പ്രകാരമുള്ള തുകകളുടെ വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ 10,75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 വിദ്യാവെളിച്ചം പദ്ധതി നിർവ്വഹണത്തിൽ അപാകം - 219480 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0135/23 |
| പ്രോജക്ടിന്റെ പേര് | വിദ്യാവെളിച്ചം പദ്ധതി |
| അടങ്കൽ | 300000 വികസനഫണ്ട് ( SCP)<br>300000 തനത് ഫണ്ട് |
| ചെലവ് | 219480 |
| ബിൽ നമ്പർ | 320/01.03.2023- 219480 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |

പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികൾക്ക് അടിസ്ഥാന ഭാഷ , ഗണിതശാസ്ത്ര ശേഷികളിൽ പിന്നോട്ട് പോകുന്ന സ്ഥിതിയുണ്ട് എന്നതിനാൽ ഇത്തരം കുട്ടികളെ കണ്ടെത്തി വിദ്യാഭ്യാസ കാര്യത്തിൽ സഹായിക്കുന്നതിനായി 600000/- രൂപ വകയിരുത്തി വിഭാവനം ചെയ്ത പദ്ധതിയാണ് വിദ്യാവെളിച്ചം. ആവശ്യമായ പഠനസാമഗ്രി തയ്യാറാക്കൽ , പ്രിന്റിങ് സ്റ്റേഷനറി ചെലവുകൾ , വിദ്യാവെളിച്ചം മെന്റർ അദ്ധ്യാപകരുടെ വേതനം, റിഫ്രെഷ്മെന്റ് ചെലവ് ,പഞ്ചായത്ത് തല കോർഡിനേറ്ററുടെ ശമ്പളം എന്നിവയ്ക്കായാണ് തുക വകയിരുത്തിയത്. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചത്. എന്നാൽ പദ്ധതി പ്രകാരം 219480/- രൂപയ്ക്ക് സിഡ്കോ ൽ നിന്ന് 248 Armed Plastic Chair( Nilkamal) 750 രൂപാ നിരക്കിൽ വാങ്ങുകയാണുണ്ടായത്. ടെൻഡർ നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. STORES PURCHASE (A) DEPARTMENT ന്റെ 14.11.2019 ലെ G. 0. (Rt.) No. 49/ 2019/SPD. നം ഉത്തരവ് പ്രകാരം സിഡ്കോയുടെ സ്വന്തം ഉൽപന്നങ്ങൾ മാത്രമാണ് സിഡ്കോയിൽ നിന്നും ടെൻഡർ കൂടാതെ വാങ്ങാവുന്നത്. സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത ഉല്പന്നങ്ങൾ ക്വട്ടേഷൻ / ടെൻഡർ നടപപടികളിലൂടെ സ്റ്റോർ പർച്ചേസ് മാന്വലിലെ ചട്ടങ്ങൾക്ക് വിധേയമായി തന്നെ വാങ്ങണം.

ഇൻവോയിസ് നം EKM/22-23/343 Dtd 27.02.2023 പ്രകാരം 248 കസേരകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ പ്രസ്തുത സ്റ്റോക്ക് എൻട്രിയോ വിതരണ കൈപ്പറ്റ് വിവരമോ ഇല്ല. ലഭിച്ച കസേരകൾ അങ്കണവാടികളിൽ വിതരണം ചെയ്തുവെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മൂന്ന് അങ്കണവാടികളിൽ 19.09.2023 ൽ സ്ഥല പരിശോധന നടത്തുകയുണ്ടായി. ഇതിൽ പേരയത്തുമൂഴി, പഞ്ഞിയൂർ(ഉദിമൂട്), എന്നീ അങ്കണവാടികളിൽ പദ്ധതി പ്രകാരമുള്ള കസേരകൾ ലഭിച്ചതായുള്ള സ്റ്റോക്ക് എൻട്രി അങ്കണവാടിയിലെ സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ല എന്ന് കണ്ടു. പുളുർ(വെട്ടുവിള)എന്ന അങ്കണവാടിയിൽ 26.02.2023 ൽ 16 എണ്ണം ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി അങ്കണവാടിയിൽ മുന്നിരിപ്പ് ഉൾപ്പെടെ 18+16 =34 എണ്ണം ഉണ്ടാകേണ്ടിടത്ത് 28 കസേരകൾ ആണുള്ളത് എന്നും ഭൗതിക പരിശോധനയിൽ കണ്ടെത്തി.

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ( ഓഡിറ്റ് എൻക്വയറി നം60/2022-23, 19.09.2023).

മേൽ സാഹചര്യത്തിൽ പദ്ധതി ലക്ഷ്യത്തിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനാലും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാത്തതിനാലും സ്റ്റോക്ക് വിതരണ കൈപ്പറ്റ് രേഖകൾ ലഭ്യമാക്കാത്തതിനാലും പദ്ധതിക്കായി ചെലവഴിച്ച 219480/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ/ വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 അധികമായി പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കി

വൌച്ചർ നം. 2200714/7.10.22 ന്റെ നോട്ട് ഫയലിൽ 02.12.2021ൽ നടത്തിയ ജോയിന്റ് ഇൻസ്പെക്ഷനിൽ 285 Street Water Tap കൾ ആണ് ഉള്ളതെന്നും അതിനാൽ വാട്ടർ അതോറിറ്റിയുടെ ബിൽ നം. 67225/22.9.22 പ്രകാരമുള്ള 312 ടാപ്പുകളുടെ ചാർജ്ജായ 150488 രൂപ നൽകേണ്ടതില്ലായെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം ചെക്ക് നം. 55793/30.9.2022 പ്രകാരം 137648/- രൂപയാണ് അടവാക്കിയിട്ടുള്ളത്. എന്നാൽ ചെക്ക് നം. 55218/30.4.22 ചെക്ക് നം. 55290/31.5.22, ചെക്ക് നം. 54578/25.6.22 എന്നിവ പ്രകാരം 150488 രൂപ വീതം ആണ് വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുള്ളത് ജൂലൈ മാസം മുതൽ 137648/- രൂപയാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം 02.12.2021ലെ സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം 285 വാട്ടർ ടാപ്പുകൾ മാത്രം ഉണ്ടായിരിക്കെ 312 വാട്ടർ ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. സംയുക്ത പരിശോധനാ റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 66 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-28 രംഗപ്രഭാത് റോഡിലെ പാലത്തിന്റെ അപകടാവസ്ഥ-തുടർനടപടി വിവരം ലഭ്യമാക്കിയിട്ടില്ല

വൌച്ചർ നം. 22200535/29.8.2022 പ്രകാരം രംഗപ്രഭാത് റോഡിലെ പാലത്തിന്റെ അപകടാവസ്ഥ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് College Of Engineering, Trivandrum ത്തിന് കൺസൾട്ടേഷൻ ചാർജ്ജിനത്തിൽ 47220/- രൂപ നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനും പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 66 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൻമേലുള്ള തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-29 മുൻകൂറായി നൽകിയ തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

1. ചെക്ക് നം. 54696/18.722 പ്രകാരം 56120/- രൂപ പാഥേയം പദ്ധതിയ്ക്കായി കുടുംബശ്രീയ്ക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. ആയത് ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 66 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. അഡ്വാൻസ് രജിസ്റ്റർ പ്രകാരം കേരളോത്സവത്തിനായി വൌച്ചർ നം. 22200913/29.11.22 പ്രകാരം 7000/- രൂപയും വൌച്ചർ നം. 22200972/6.12.2022 പ്രകാരം 31193/- രൂപയും അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. മേൽതുകകൾ ക്രമീകരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി നം. 18 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കേരള ഫിനാൻസ് കോഡ്, കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവയ്ക്കനുസൃതമായി മുൻകൂറുകൾ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം പിഴപ്പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

### 1-30 പേമെന്റ് ഓർഡർ ലഭ്യമാകുന്നതിനുമുൻപു തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിക്കുന്നു.

01.04.2022 മുതൽ 30.08.2022 വരെയുള്ള പേമെന്റ് വൗച്ചറുകൾ പരിശോധിച്ചതിൽ പേമെന്റ് ഓർഡർ ലഭ്യമാകുന്നതിനുമുൻപു തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വൌച്ചർ നം. തീയതി | ഇനം | തുക | ചെക്ക് നം. തീയതി | പേമെന്റ് ഓർഡർ നം. തീയതി |
|---|---|---|---|---|
| 222000134/20.5.2022 | Elecctricity Charge Office | 11552 | 55190/5.4.22 | 62240022100161/14.5.22 |
| 22200139/20.05.22 | Electricity Charge For Street Light | 5102 | 55190/5.4.22 | 62240022100158/19.5.22 |
| 22200147 | Salary Of MNREGS Staff | 130620 | 55189/4.4.22 | 62240022100136/12.5.22 |
| 22200120 | Salary Of Daily Wages | 111090 | 55189/4.4.22 | 62240022100093/8.5.22 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 ന് ലഭ്യമാക്കിയ മറുപടിയിൽ ദിവസവേതന ജീവനക്കാർ, കരാർജീവനക്കാർ, എം.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർ എന്നിവരുടെ ശമ്പളവും സ്ഥിരജീവനക്കാരുടെ ശമ്പളവും ഒരുമിച്ച് നൽകിയതിനാൽ പേമെന്റ് ഓർഡർ അപ്രൂവ് ആകുന്നതിന് മുൻപ് ചെക്കുകൾ പിൻവലിച്ചിട്ടുണ്ടെന്നും ഇലക്ട്രിസിറ്റി ചാർജ്ജ് പിഴ കൂടാതെ അടയ്ക്കേണ്ടതിനാലും പേമെന്റ് ഓർഡർ അപ്രൂവ് ആകുന്നതിന് മുൻപ് ചെക്കുകൾ പിൻവലിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയതിനുശേഷം മാത്രം തുകകൾ പിൻവലിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 40 പ്രകാരം പണം കൊടുക്കേണ്ട വ്യക്തിയ്ക്ക് ഉടനടി കൈമാറാനല്ലാതെ സാധാരണഗതിയിൽ ചെക്കിൽ ഒപ്പിടരുത്. പേമെന്റ് വൌച്ചർ ജനറേറ്റ് ചെയ്യുന്നതിനു മുൻപ് തന്നെ തുക കൈമാറുന്നത്

ശരിയായ നടപടിയല്ല. ചെലവുകൾ ചെയ്യുമ്പോൾ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

## 1-31 കുടുംബശ്രീ സരസ് മേള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വൌച്ചർ നം. 22200013 , ചെക്ക് നം 55208/20.4.2022 പ്രകാരം സരസ് മേളയ്ക്കായി കുടുംബശ്രീ ജില്ലാകോർഡിനേറ്റർക്ക് 5000/- രൂപ നൽകിയിട്ടുണ്ട്. അതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി നം. 18 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്

## 1-32 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ

| പ്രോജക്ട് നമ്പർ | SO221/23 | SO 53/23 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ജില്ലാ ക്യാൻസർ നിർണയ പദ്ധതി | ആരോഗ്യ സേനാ പ്രവർത്തനം |
| അടങ്കൽ | 20000 തനത് ഫണ്ട് | 100000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | 12058 | 100000 |
| ബിൽ നമ്പർ | 158/24.12.2022 | 349/13.03.2023 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ |

I) SO221/23 എന്ന പദ്ധതി പ്രകാരം ആശ ആരോഗ്യസേന പ്രവർത്തകർക്ക് ട്രയിനിങ് നടത്തുന്നതിലേക്കായി 15000/-രൂപയും ഡോക്യുമെന്റേഷൻ സ്റ്റേഷനറി എന്നീ ഇനങ്ങളിൽ 5000/- രൂപയും ഉൾപ്പെടെ 20000/- രൂപയാണ് പദ്ധതിക്കായി വകയിരുത്തി പ്രോജക്ട് അംഗീകാരം വാങ്ങിയത്. എന്നാൽ പദ്ധതി ലക്ഷ്യത്തിന് വിരുദ്ധമായി 12058/- രൂപയ്ക്ക് ഇൻസ്ട്രുമെന്റ്സ് /റീഏജെന്റ്സ് ഇൻഹൗസ് ഡ്രഗ് ബാങ്കിൽ നിന്ന് വാങ്ങിയതായാണ് കാണുന്നത്. ഇവ ലഭ്യമായതായോ സ്റ്റോക്കിലെടുത്തതായോ കാണുന്നില്ല. പദ്ധതി പ്രകാരം ആശ ആരോഗ്യസേന പ്രവർത്തകർക്ക് ട്രയിനിങ് നൽകിയിട്ടുള്ളതായും കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ( ഓഡിറ്റ് എൻക്വയറി നം47/2022-23, 19.09.2023). പദ്ധതി വിഭാവനം ചെയ്തതിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതും, ഇൻസ്ട്രുമെന്റ്സ് /റീഏജെന്റ്സ് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

II) SO 53/23 എന്ന പദ്ധതി ബില്ലും വൗച്ചറുകളും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. വൗച്ചർ പ്രകാരം തുക കൈപ്പറ്റിയവരുടെ കൈപ്പറ്റ് രസീതോ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പോ പ്രോജക്ട് ഫോറമോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പൂർണമായ രേഖകളുടെ അഭാവത്തിൽ യഥാർത്ഥ ഗുണഭോക്താക്കൾക്കാണോ തുക ലഭിച്ചതെന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം47/2022-23, 19.09.2023). ആവശ്യമായ രേഖകൾ/വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-33 ഗുണഭോക്താക്കളെ ഗ്രാമസഭാ സാധൂകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| പ്രോജക്ട് നമ്പർ | SO270/23 | SO 114/23 | SO 115/23 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | പശുവളർത്തൽ പദ്ധതി- എസ്.സി | അടുക്കള മുറ്റത്തെ കോഴി വളർത്തൽ- | അടുക്കള മുറ്റത്തെ കോഴി വളർത്തൽ- എസ്.സി |
| അടങ്കൽ | 180000 വികസന ഫണ്ട്-എസ് സി പി | 396000- വികസനഫണ്ട്- | 120000- വികസനഫണ്ട്-എസ് സി പി |

| | | | |
|---|---|---|---|
| | മറ്റുള്ളവ-60000 | | |
| ചെലവ് | 240000 | 369000 | 100800 |
| ബിൽ നമ്പർ | 469/27.03.2023–180000/- | 248/10.02.2023-159000<br>473/28.03.2023-210000 | 302/24.02.2023-63600<br>472/28.03.2023-22200<br>471/28.03.2023-15000 |
| നിർവ്വഹണം | വെറ്ററനറി സർജൻ | വെറ്ററനറി സർജൻ | വെറ്ററനറി സർജൻ |

മേൽ പദ്ധതികളുടെ ഗുണഭോക്താക്കളെ തൊട്ടടുത്ത ഗ്രാമസഭാ സാധൂകരണത്തിന് വിധേയമായാണ് ഉൾപ്പെടുത്തിയത്. സാധൂകരണം ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം46/2022-23, 19.09.2023).സാധൂകരണം ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-34 കന്നുകുട്ടി പരിപാലന പദ്ധതി 4,05,936 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 4,05,936 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പർ | S0237/23 | S0109/23 |
|---|---|---|
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി ജനറൽ വനിത | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ജനറൽ |
| അടങ്കൽ | 140897 ( വി.ഫ.ജ)<br>9103 ( തനത് ഫണ്ട്)<br>മറ്റുള്ളവ-150000 | 625000 ( വി.ഫ.ജ)<br>മറ്റുള്ളവ 625000 |
| ചെലവ് | 150000 ( വി.ഫ.ജ) | 300000 ( വി.ഫ.ജ) |
| ബിൽ നമ്പർ | 343/08.03.23-140897<br>344/08.03.2023-9103 | 400/21.03.2023 |
| നിർവ്വഹണം | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |

4 മുതൽ 6മാസം വരെ പ്രായമുള്ള പശുകുട്ടികളെ നിയമ പ്രകാരം തെരഞ്ഞെടുത്തു 32 മാസം വരെ സൊസൈറ്റി വഴി കാലിത്തീറ്റ വിതരണം ചെയ്യുന്നതാണ് പദ്ധതി. നടപ്പു സാമ്പത്തികവർഷം കന്നുകുട്ടി പരിപാലന പദ്ധതി ജനറൽ വനിത(S0237/23) , പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ജനറൽ (S0109/23) എന്നിങ്ങനെ 2 പദ്ധതികളാണ് നടപ്പിലാക്കിയത്. പദ്ധതികൾക്കായി യഥാക്രമം 1,50,000/-രൂപ, 3,00,000/-രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി തിരുവനന്തപുരത്തിന് കൈ മാറിയിട്ടുണ്ട്.

S0237/23പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതിൽ 14,688/- രൂപയും S0109/23 പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതിൽ 29,376/- രൂപയുമാണ് പദ്ധതിക്കായി ചെലവഴിച്ചതായി കാണുന്നത്. ശേഷിക്കുന്ന തുകയുടെ വിനിയോഗ സാക്ഷ്യ പത്രം കൂടി ലഭ്യമാക്കുന്നതിനായി അന്വേഷണകുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം49/2022-23, 19.09.2023). 4,05,936/- രൂപയുടെ വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ പ്രസ്തുത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 4,05,936/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 വെഞ്ഞാറമൂട് മാർക്കറ്റിൽ ക്യാമറ സ്ഥാപിക്കൽ - 183026/- രൂപ തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ | S0087/2023 |
|---|---|

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വെഞ്ഞാറമൂട് മാർക്കറ്റിൽ ക്യാമറ സ്ഥാപിക്കൽ |
| അടങ്കൽ | 200000(തനത് ഫണ്ട്) |
| ചെലവ് | 183026/- |
| ബിൽ നമ്പർ/ തുക/തീയതി | 1. ചെക്ക് നമ്പർ-5894929/28.12.2022 – 176734/-<br>2. ആദായ നികുതി - 1573/-<br>3. KBOCWW - 1573/-<br>4. CGST/SGST/IGST – 3146/- |
| നിർവ്വഹണം | സെക്രട്ടറി |

വെഞ്ഞാറമൂട് മാർക്കറ്റിൽ അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് 10 CCTV സ്ഥാപിക്കുന്നതിനും മൂന്ന് വർഷ വാറണ്ടിയോട് കൂടി പ്രവർത്തിപ്പിക്കുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഇ-ടെണ്ടർ മുഖേന ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത E Light Complete Networking Solutions എന്ന സ്ഥാപനത്തിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് (158000/- രൂപ). പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. E Light Complete Networking Solutions ന്റെ ബിൽ ഓഫ് ക്വാണ്ടിറ്റി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. E Light Complete Networking Solutions ക്വോട്ട് ചെയ്ത 158000/- രൂപ ജി എസ് ടി 12% ഉൾപ്പെടെയുള്ളതാണോ എന്നത് ബിൽ ഓഫ് ക്വാണ്ടിറ്റി ലഭ്യമല്ലാത്തതിനാൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല . ഓഡിറ്റ് എൻക്വയറി (നം 09/2022-23, 13.09.2023)ക്ക് മറുപടിയായി ജി എസ് ടി കുറച്ച തുകയാണ് നൽകിയതെന്നറിയിച്ചു.

3. നെല്ലനാട് ഗ്രാമപഞ്ചായത്തുമായി E Light Complete Networking Solutions ചമച്ച 27.09.2022 ലെ 54697 ാം നമ്പർ കരാർ ഉടമ്പടിയിൽ വാറണ്ടി കാലാവധി സംബന്ധിച്ച് പ്രതിപാദിക്കുന്നില്ല. വാറണ്ടി കാലാവധി ടെന്റർ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയത് കരാറിൽ ഉൾപ്പെടുത്തുവാൻ വിട്ട് പോയത് ക്ലറിക്കൽ മിസ്റ്റേക്കായി കണക്കാക്കാവുന്നതാണെന്നും ഓഡിറ്റ് എൻക്വയറി (നം 09/2022-23, 13.09.2023)ക്ക് മറുപടി നൽകി. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. വാറണ്ടി കാലാവധി കരാറിൽ പ്രതിപാദിക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

4. പത്ത് ക്യാമറകളുടേയും ഇൻസ്റ്റലേഷൻ, നിലവിലെ പ്രവർത്തനം എന്നിവ സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 09/2022-23, 13.09.2023)ക്ക് ക്യാമറകൾ പ്രവർത്തനക്ഷമമാണ് എന്ന് മറുപടി നൽകി, എന്നാൽ 19.09.2023 ലെ സ്ഥലപരിശോധനയിൽ മേൽ ക്യാമറകൾ പ്രവർത്തനക്ഷമമല്ല എന്ന് ബോധ്യപ്പെട്ടു. വാറണ്ടി കാലാവധി പൂർത്തിയാകാത്തതിനാൽ ക്യാമറകളുടെ തകരാർ പരിഹരിക്കുന്ന തിനായി E Light Complete Networking Solutions നെ സമീപിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം52/2022-23, 19.09.2023)ക്ക് മറുപടി നൽകിയില്ല. ക്യാമറകളുടെ പ്രവർത്തന മേൽനോട്ടത്തിനായി പഞ്ചായത്തിൽ നിന്നും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

തനതുഫണ്ടിൽ നിന്നും തുക വകയിരുത്തി നിർവഹിച്ച പദ്ധതി നടപ്പാക്കി ആറു മാസത്തിനകം ഉപയോഗശൂന്യമായത് പഞ്ചായത്തധികൃതരുടെ അനാസ്ഥ കാരണമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പൊതുപണം അലക്ഷ്യമായി ചെലവഴിക്കുന്നത് ശരിയായ പ്രവണതയല്ല. പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ച 183026/- രൂപ തടസ്സപ്പെടുത്തുന്നു. പത്ത് ക്യാമറകളും പ്രവർത്തനക്ഷമമാക്കി കൃത്യമായി മോണിറ്ററിംഗ് നടത്തി വിവരം അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-36 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - 2080000/-രൂപ തടസ്സപ്പെടുത്തുന്നു

2022-23 വർഷം നെല്ലനാട് ഗ്രാമപഞ്ചായത്ത് വിവിധ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ/ വിഹിതം | ചെലവ് | ബിൽ നമ്പർ | നിർവ്വഹണം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | S0001/23 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ഷിഫ്റ്റിംഗ് ഗാർഹിക കണക്ഷൻ നൽകൽ | 845900 (സി എഫ് സി റൈഡ്) | 845900 | 394/20.03.23 | സെക്രട്ടറി |
| 2 | S0133/23 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ഷിഫ്റ്റിംഗ്- കാടിക്കുഴി- നീലമന | 600000(സി എഫ് സി റൈഡ്) | 600000 | 396/20.03.23 | സെക്രട്ടറി |
| 3 | S0132/23 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- മുളവെട്ടപറമ്പ്- ഗോകുലം | 700000 (സി എഫ് സി റൈഡ്) | 634100 | 397/20.03.23 | സെക്രട്ടറി |
| | | ആകെ | | 2080000 | | |

19.04.2022ലെ സർക്കാർ ഉത്തരവ് (കൈ) 84/2022/തസ്വഭവ നമ്പർ ഉത്തരവ് 3.5.v പ്രകാരം ഡെപ്പോസിറ്റ് മാതൃകയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപന തലത്തിൽ അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്റർ ചെയ്യേണ്ടതും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി എസ്റ്റിമേറ്റിനനുസരിച്ച് പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇത്തരത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പഞ്ചായത്തിൽ നടപ്പിലാക്കുന്ന നിക്ഷേപ പ്രവൃത്തികൾ മോണിറ്റർ ചെയ്ത് കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 5/2022-23, 12.09.2023 ) യുടെ മറുപടിയിൽ ടി വിഷയം സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. കൂടാതെ പ്രസ്തുത ഫയലുകൾ പരിശോധിച്ചതിൽ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 10.02.2023ലെ WRD/KWA-CE(SR)/EST/1574/2023 നമ്പർ കത്ത് പ്രകാരം മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്കായി 2080000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. എന്നാൽ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷനായി ഒരു എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രത്യേകമായി എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. പല വാർഡുകളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി ഒറ്റ എസ്റ്റിമേറ്റ് നൽകാനിടയായ സാഹചര്യം ലഭ്യമല്ല. ഓരോ ഇനത്തിലും ഓരോ പ്രവൃത്തിക്കും ആവശ്യമായ തുകയാണോ വകയിരുത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച് ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ വ്യക്തമാകുമോയെന്ന് ഓഡിറ്റ് എൻക്വയറി (നം 5/2022-23, 12.09.2023 ) മുഖേന ആരാഞ്ഞതിന് ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് കൊണ്ട് പ്രത്യേകിച്ച് തടസ്സമൊന്നുമുണ്ടായില്ല എന്ന് മറുപടി നൽകി. എന്നാൽ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചത് ക്രമപ്രകാരമല്ലയെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. നെല്ലനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന് 04.03.2023ൽ 34350 ാം നമ്പർ കരാർ ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത കരാറിൽ പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തിയാക്കുന്ന തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ഭാവിയിൽ കരാർ ചമയ്ക്കുമ്പോൾ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കേരള വാട്ടർ അതോറിറ്റി തുക കൈപ്പറ്റിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിവിധ പദ്ധതികൾക്കായി വാട്ടർ അതോറിറ്റിക്ക് നൽകിയ 2080000/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ പ്രോജക്ടുകൾ പ്രകാരം പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റിയുടെ പെർഫോർമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ഗ്രന്ഥശാലയ്ക്ക് ഭൂമി വാങ്ങൽ - ആസ്തിയിൽ ഉൾപ്പെടുത്തിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0090/2023 |
| പ്രോജക്ടിന്റെ പേര് | ഗ്രന്ഥശാലയ്ക്ക് ഭൂമി വാങ്ങൽ |
| അടങ്കൽ | 200000(തനത് ഫണ്ട്) |
| ചെലവ് | 161630/- |
| ബിൽ നമ്പർ/തുക/ തീയതി | 1.ചെക്ക് നമ്പർ- 55909/ 02.09. 2022 – 153000/-<br>2.ചെക്ക് നമ്പർ- 55454/ 20.09 .2022 – 8630/- |

നെല്ലനാട് ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് നമ്പർ 26,340/11 ൽപ്പെട്ട വസ്തുവിൽ ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് വിഹിതമുപയോഗിച്ച് ഗ്രന്ഥശാല കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ടെങ്കിലും വസ്തു പഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ വസ്തു കൈമാറി കിട്ടുന്നതിനായി ഭൂമി വാങ്ങുന്നതിനായി 200000/- വകയിരുത്തിയതാണ് പ്രോജക്ട്. പ്രസ്തുത പ്രോജക്ട് പ്രകാരം ഗ്രന്ഥശാലയ്ക്ക് ലഭ്യമായ 3.240 സെന്റിൽ രണ്ട് സെന്റ് സംഭാവനയായും ബാക്കി 1.240 സെന്റ് വിലയ്ക്കുമാണ് വാങ്ങിയിട്ടുള്ളത്. വസ്തുവിന്റെ വിലയായ 153000/- രൂപ (സെന്റിന് 124000/- രൂപ വീതം) സ്ഥലമുടമയായ ശ്രീ ഗോപാലകൃഷ്ണകുറുപ്പ് എന്നയാൾക്കും ആധാരം എഴുതിയതിനുള്ള ഫീസ് 8630/- രൂപ ശ്രീ കുഞ്ഞുകൃഷ്ണപിള്ളയ്ക്കും നൽകിയിട്ടുണ്ട്. വിലയാധാരം പേജ് 5 പ്രകാരം ഈ സർവ്വേ നമ്പറിന് ഒരു ആറിന് 108900/- രൂപ ക്രമത്തിൽ ഫെയർ വാല്യൂ നിശ്ചയിച്ചിട്ടുള്ളതാണ്. കൂടാതെ 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 5 (1) സി പ്രകാരം ആർജ്ജിക്കൽ ഉദ്ദേശിക്കുന്ന വസ്തുവിന് നൽകുന്ന വില ബന്ധപ്പെട്ട തഹസീൽദാർ/ജില്ലാ കളക്ടർ രേഖാമൂലം നിശ്ചയിക്കുന്ന വിലയിൽ കവിയുന്നില്ലെന്ന് ഉറപ്പ് വരുത്തണമെന്നും പറയുന്നു. ഇത്തരത്തിൽ പ്രസ്തുത വസ്തുവിന് വില നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 08/2022-23 13.09.2023)ക്ക് വില്ലേജ് ഓഫീസിൽ നിന്ന് സെന്റ് ഒന്നിന് 125000/- രൂപ വരെ വാല്യുവേഷൻ ലഭിച്ചിട്ടുണ്ടെന്നും നിലവിലുള്ള ഉത്തരവ് പ്രകാരം 1000000/-രൂപ വരെയുള്ള മൂല്യനിർണ്ണയത്തിന് ക്ഷമതയുള്ളതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ ആസ്തിയായി അടിയന്തിരമായി ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38 വ്യവഹാര രഹിത പഞ്ചായത്ത് - തുടർ നടപടി വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0091/2023 |
| പ്രോജക്ടിന്റെ പേര് | വ്യവഹാര രഹിത പഞ്ചായത്ത് |
| അടങ്കൽ | 100000(തനത് ഫണ്ട്) |
| ചെലവ് | 25000 |
| ബിൽ നമ്പർ/ തുക/തീയതി | ചെക്ക് നമ്പർ- 54708/21.07.2022 - 25000/- |

നെല്ലനാട് ഗ്രാമപഞ്ചായത്തും തിരുവനന്തപുരം മാർ ഗ്രിഗോറിയസ് കോളേജുമായി ചേർന്ന് നടപ്പിലാക്കുന്ന വ്യവഹാര രഹിത പഞ്ചായത്തുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാർത്ഥികളും പഞ്ചായത്ത് അംഗങ്ങളും സന്നദ്ധപ്രവർത്തകരും ചേർന്ന് വാർഡ് തലത്തിൽ 25.06.2022 തീയതിയിൽ സർവേ പ്രവർത്തനങ്ങൾ നടത്തിയതിന് ഉച്ചഭക്ഷണം നൽകിയ വകയിൽ 25000/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ചെലവിന് 08.06.2022 ലെ പഞ്ചായത്ത് കമ്മിറ്റി 12(3)ാം നമ്പർ തീരുമാനപ്രകാരം അംഗീകാരവും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് നടത്തിയ തുടർപ്രവർത്തനങ്ങൾ, വ്യവഹാര രഹിത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 07/2022-23,13.09.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ വ്യവഹാര രഹിത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പഞ്ചായത്ത് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരു ത്തുന്നു. തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയുടെ നിർവ്വഹണ സാധ്യത പരിശോധിക്കുന്നതിനുള്ള ചുമതല പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. ഭാവിയിൽ പ്രോജക്ടുകൾ വിഭാവനം ചെയ്യുമ്പോൾ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-39 കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വാർഷിക അറ്റകുറ്റപ്പണി

| | |
|---|---|
| പ്രോജക്റ്റ് നം | S0100/22 |
| പ്രോജക്റ്റിന്റെ പേര് | കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വാർഷിക അറ്റകുറ്റപ്പണി. |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 150000 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 136644 |
| ബിൽ നം | 146/19.12.2022 |

ഗ്രാമ പഞ്ചായത്ത് ഓഫീസിലെ കംമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും , പരിപാലനവും സമയബന്ധിതമായ അറ്റകുറ്റ പ്രവർത്തനവും നടത്തുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റ്. കെൽട്രോണുമായാണ് വാർഷിക അറ്റകുറ്റ പണി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. 30.12.2022 മുതൽ 29.12.2023 വരെ കാലയളവിലേക്കാണ് എ എം സി പുതുക്കിയിട്ടുള്ളത്. ടാക്സ് ഇൻവോയ്സ് നം. IIS/13843/22-23, 17.01.2023 പ്രകാരം കെൽട്രോണിന് 136644/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന വിശദാംശങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി (നം 10/2022-23 13.09.2023)ക്ക് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

വാറണ്ടി കാലാവധി കഴിഞ്ഞ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സെർവർ, യുപിഎസുകൾ, എന്നിവയെയാണോ എ എം സിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് പരിശോധിക്കുവാൻ ആവശ്യമായ രജിസ്റ്റർ ലഭ്യമാക്കിയില്ല. കൂടാതെ കെൽട്രോണുമായി ചമച്ച കരാറിലെ ഖണ്ഡിക 2.14 പ്രകാരം ഒരു കലണ്ടർ വർഷം നാല് തവണയെങ്കിലും എ എം സിയിൽ ഉൾപ്പെട്ട ഉപകരണങ്ങളുടെ ജനറൽ സർവീസും പരിശോധനയും കെൽട്രോൺ നടത്തണം എന്ന് നിഷ്കർഷിക്കുന്നു. കെൽട്രോൺ പരിശോധന നടത്തിയതിന്റെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 1-40 തെരുവ് വിളക്ക് മെയിന്റനൻസ് - അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവ് വിളക്ക് മെയിന്റനൻസ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | S0084/23(Spillover) |
| അടങ്കൽ | 1005000(CFC Untied) |
| ചെലവ് | 1000000 |
| ബിൽ നമ്പർ/തീയതി/തുക | 1)60/05.09.2022 - 438060/-<br>2)71/ 22.09.2022 - 139455/-<br>3)466/27.03.2023 - 422485/- |

2021-2022 വർഷത്തിൽ ആരംഭിച്ച 20,00,000/- അടങ്കലുള്ള ഈ പദ്ധതി സ്പിൽ ഓവർ ആയി 2022-23വർഷത്തിൽ പൂർത്തീകരിക്കാനായി തീരുമാനിച്ചു. പദ്ധതി പ്രകാരം, ഗ്രാമ പഞ്ചായത്തിലെ 16 വാർഡുകളിലും നിലവിലുള്ള തെരുവ് വിളക്കുകൾ, മിനിമാസ്ററ് എന്നിവയുടെ അറ്റകുറ്റപണികൾ നടത്തി മെയിന്റ നൻസ് നടത്തുന്നതിനായി ലക്ഷ്യമിട്ടിരുന്നു. ആയത് പ്രകാരം ജെനീഷ് എ ,മേലേകുഴിഞ്ഞവിള എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറുമായി 07.01.2022 തീയതിയിൽ 05/2021-22 നമ്പർ പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കുകയും തെരുവ് വിളക്ക് പോസ്റ്റ് ഒന്നിന് 285/-രൂപ, മിനിമാസ്റ്റ് ലൈറ്റ് ഒന്നിന് 3450/- രൂപ, തെരുവ് വിളക്ക് ഇല്ലാത്ത പോസ്റ്റിൽ ഓട്ടോമാറ്റിക് സിസ്റ്റം സ്ഥാപിക്കുന്നതിന് സെറ്റ് ഒന്നിന് 315/-രൂപ എന്നീ നിരക്കിൽ കൂലി നൽകുന്നതിനും കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

* പദ്ധതി പ്രകാരം വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിയ്ക്കുന്നതെന്നിരിക്കെ മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ ഏതെല്ലാം ഇനത്തിൽപെട്ട തെരുവു വിളക്കുകളാണ് അറ്റകുറ്റപണി നടത്തിയത് ,പോസ്റ്റ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. സാക്ഷ്യപത്രത്തിലെ റിപ്പയർ ചെയ്ത ലൈറ്റുകളുടെ എണ്ണം, കരാറുകാരൻ നൽകിയ റിപ്പയർ ചെയ്ത ലൈറ്റുകളുടെ ലിസ്റ്റുമായി പൊരുത്തപ്പെടുന്നില്ല. ഉദാ: രണ്ടാം ഘട്ട മെയിന്റനൻസിൽ വാർഡ് 8 ൽ മെമ്പറുടെ സാക്ഷ്യ പത്രം പ്രകാരം 6 ലൈറ്റുകളുടെ മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നാൽ കരാറുകാരന്റെ ലിസ്റ്റ്

പ്രകാരം 9 ലൈറ്റുകളാണ് മെയിന്റനൻസ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. അതേ പോലെ നാലാം ഘട്ട മെയിന്റനൻസിൽ 14 വാർഡിൽ മെമ്പറുടെ സാക്ഷ്യ പത്രത്തിൽ 98 ലൈറ്റുകളും കരാറുകാരന്റെ ലിസ്റ്റിൽ 61 ലൈറ്റുകളും മെയിന്റനൻസ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വ്യത്യസ്ഥമായ കണക്ക് വരാനുണ്ടായ സാഹചര്യം വ്യക്തമല്ല.

* തദ്ദേശ സ്വയംഭരണവകുപ്പിന്റെ 07.11.2017ലെ 117/ഡി.എ3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസ് ബി ക്ലാസ് ലൈസൻസ് എന്നിവയും, തൊഴിലാളികൾക്ക് ഇലക്ട്രിക്കൽ ലൈസൻസും പ്രവർത്തി പരിചയവും ഉണ്ടായിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ലൈസൻസിനോട് ഒപ്പം ഇൻഷ്വറൻസ് രേഖയും നൽകേണ്ടതാണ്. എന്നാൽ ജെനീഷ് എ, കരാറുകാരന്റെ ബി ക്ലാസ് ലൈസൻസ് പകർപ്പ് മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. തൊഴിലാളികളുടെ ലൈസൻസ് വിവരം, ഇൻഷ്വറൻസ് രേഖ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

* കേടാകുന്ന വിളക്കുകളുടെ വിവരവും ഓരോ വാർഷികപദ്ധതികളിലും മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്ന വിളക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമല്ല. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015ലെ ജി2-44274/2015ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ തെരുവ് വിളക്ക് പരിപാലനത്തിന് പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തികവർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ, സ്റ്റോക്ക് ഔട്ട് രജിസ്റ്ററുകൾ റികൺസൈൽ ചെയ്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

* പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണെന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11 .നമ്പർ കുറിപ്പ് (ഇ) നിർദ്ദേശിച്ചിട്ടുള്ളത്. ആയത് പ്രകാരം 2022-23വർഷത്തെ പരാതി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

* തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയും സംരക്ഷണവുമായി ബന്ധപ്പെട്ട സർക്കുലർ നം 3055/ഉ അ 3/2011 /തസ്വഭവ /18.09.11 പ്രകാരമുള്ള മാർഗ്ഗരേഖ ഖ -2.(ബി) പ്രകാരം തെരുവ് വിളക്കുകളുടെയും അനുബന്ധ വസ്തുക്കളുടെയും വിശദാംശങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിലെയും കെ എസ് ഇ ബിയിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തേണ്ടതാണ്. സംയുക്ത പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 14/2022-23, 14.09.2023)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

* കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രമേ പ്രവൃത്തി നടത്താവൂ എന്ന് സ.ഉ(സാധാ)നം.3140/2015/തസ്വഭവ തി.16.10.2015 പ്രകാരം നിഷ്കകർഷിച്ചിട്ടുള്ളതാണ്. വെഞ്ഞാറമൂട് കെ എസ് ഇ ബി ഡിവിഷനിൽ ഉൾപ്പെട്ട ടി പഞ്ചായത്തിൽ നിന്നും തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നത് സംബന്ധിച്ച് കത്തു നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. അനുമതിയും ലഭ്യമായതായി വിവരം ഫയലിൽ ഇല്ല. ക്ലിയറൻസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല .

* കരാറുകാരനിൽ നിന്നും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം, പ്രതിമാസ മോണിറ്റിംഗ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പദ്ധതി തുടർ വർഷങ്ങളിൽ പഞ്ചായത്തിൽ നടപ്പിലാക്കുമ്പോൾ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾ, സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -₹457266 തടസ്സപ്പെടുത്തുന്നു

ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. തുകകളുടെ വിനിയോഗ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 04/2022-23, 12.09.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹457266 തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| പ്രോ നം | പദ്ധതി | സ്ഥാപനം | ബിൽ നമ്പർ | തുക | ഫണ്ടിനം | ലഭ്യമാക്കേണ്ട രേഖകൾ | നിർവ്വഹണം |
|---|---|---|---|---|---|---|---|
| S0105/23 | ഐ കെ എംന് വിഹിതം നൽകൽ | ഇൻഫോർമേഷൻ കേരള മിഷൻ | 1. 53/ 31.08.2022 | 82163 5103 | വി. ഫണ്ട് ജനറൽ | വിനിയോഗ സാക്ഷ്യപത്രം | സെക്രട്ടറി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 2.252/ 10.02.2023 | | | | |
| S0101/23 | ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണത്തിന് തുക നൽകൽ | ചെയർപേഴ്സൺ ആൻഡ് മെമ്പർ സെക്രട്ടറി , ജില്ലാ പ്ലാനിംഗ് ഓഫീസ് | 64/ 12.09.2022 | 350000 | വി. ഫണ്ട് ജനറൽ | വിനിയോഗ സാക്ഷ്യപത്രം | സെക്രട്ടറി |
| S0265/2023 | ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ | കെ എസ് ഇ ബി | ചെക്ക് നമ്പർ- 55067/ 31.03.2023 | 20000 | തനത് ഫണ്ട് | വിനിയോഗ സാക്ഷ്യപത്രം | സെക്രട്ടറി |
| | ആകെ | | | 457266 | | | സെക്രട്ടറി |

## 1-42 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - 67469/- രൂപയുടെ മരുന്ന് ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0067/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 200000 |
| ബിൽ നമ്പർ | 90/02.11.2022 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം ₹ 200000/- ഹോംകോയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ലഭ്യമായ മരുന്നിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം./തീയതി | തുക |
|---|---|
| എൽ എഫ് -661/25.07.2023 | 132531.00 |

67469/- രൂപയുടെ (₹200000- ₹132531) മരുന്ന് ലഭിച്ചതിന്റെ വിശദാംശം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ തുകയ്ക്കുള്ള മരുന്നു ലഭ്യമായതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 22/22-23, 15.09.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. 67469/- രൂപയുടെ മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 പ്ളാസിറ്റിക് മാലിന്യങ്ങൾ തരം തിരിക്കാതെ നൽകി- വരവിനത്തിൽ തുക ലഭിക്കാതെ പഞ്ചായത്തിന്റെ ചെലവിൽ കരാറെടുത്ത സ്ഥാപനത്തിന് മാലിന്യ നീക്കം ചെയ്യുന്നതിന് തുക അനുവദിച്ചു

നെല്ലനാട് ഗ്രാമ പഞ്ചായത്തിൽ നിന്നും അജൈവ മാലിന്യങ്ങളും പാഴ് വസ്തുക്കൾ ഉൾപ്പെടെയുള്ള പുന: ചംക്രമണ സാദ്ധ്യതയുള്ള മറ്റ് സാധനങ്ങളും ലെഗസി മാലിന്യങ്ങളും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നെല്ലനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും , കൃഷ്ണതീരം ഇക്കോട്ടൂറിസം പ്രൊമോട്ടേഴ്സ് , വർക്കലയും തമ്മിൽ 1-2-22 ന് കരാർ ഒപ്പു വച്ചിട്ടുള്ളതാണ്. 1-2-22 മുതൽ 11 മാസം വരെയാണ് കരാർ കാലാവധി. കരാർ ഖണ്ഡിക 1 പ്രകാരം തരം തിരിച്ച മാലിന്യങ്ങൾക്ക് ക്ളീൻ കേരള കമ്പനി നൽകുന്നതിലും 25 പൈസ അധികം നൽകി രണ്ടാം കക്ഷി ഏറ്റെടുത്ത് നീക്കം ചെയ്യുമെന്നും , ഖണ്ഡിക 2 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രധാന എം സി എഫിൽ നിന്നും രണ്ടാം കക്ഷിയുടെ ചെലവിൽ തരം തിരിച്ച പ്ളാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്ത് കൊണ്ടു പോകുന്നതാണ്,ഖണ്ഡിക 3 പ്രകാരം പ്ളാസ്റ്റിക്ക് ഇതര മാലിന്യങ്ങൾ രണ്ടാം കക്ഷി ഗ്രാമ പഞ്ചായത്ത് പ്രദേശത്തു നിന്ന് നീക്കം ചെയ്ത് രണ്ടാംകക്ഷിയുടെ കിളിമാനൂരുള്ള ഗോഡൌണിൽ എത്തിക്കുന്നതിനുള്ള വാഹന വാടക ഒന്നാം കക്ഷി വഹിക്കേണ്ടതാണ്. അത്തരം മാലിന്യങ്ങൾ ( ലെഗസി മാലിന്യമുൾപ്പെടെ) ശേഖരിക്കുന്നതിന് പ്രത്യേക ഫീസൊന്നും തന്നെ ഒന്നാം കക്ഷി രണ്ടാം

കക്ഷിക്ക നൽകേണ്ടതില്ല. ഖണ്ഡിക 5 പ്രകാരം തരം തിരിക്കാത്ത പ്ലാസ്റ്റിക്ക് മാലിന്യങ്ങൾക്ക് രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് പണം നൽകുന്നതല്ല. മേൽ സ്ഥാപനത്തിന് തനതു ഫണ്ടിൽ നിന്നും താഴെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

| വൌച്ചർ നം | തുക |
|---|---|
| 22200197/9-5-22 | 22500 |
| 22200160/25-5-22 | 14500 |
| 22200360/1-7-22 | 10000 |

പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ആവശ്യപ്പെട്ടുകയുണ്ടായി.

1. തൻ വർഷം പ്ലാസ്റ്റിക് നൽകിയതിന് ടി സ്ഥാപനത്തിൽ നിന്നും എത്ര തുക ലഭിച്ചിട്ടുണ്ട് എന്നുള്ളതിന്റെ രേഖകൾ

2. 30000/- രൂപയിൽ കൂടുതൽ തനതു ഫണ്ടിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തതിന് ചെലവഴിച്ചതിന് പ്രോജക്റ്റ് വെക്കാതിരുന്നതിന്റെ കാരണം

3. തൻ വർഷം മാലിന്യം ഏതെല്ലാം തിയ്യതികളിലാണ് കൊണ്ടു പോയതെന്നും , എത്ര കിലോഗ്രാം വീതം കൊണ്ടുപോയതെന്നും ലെഗസി മാലിന്യം, തരം തിരിച്ച പ്ലാസ്റ്റിക് മാലിന്യം എന്നിവയുടെ അളവുകൾ

4. മാലിന്യ നീക്കവുമായി ബന്ധപ്പെട്ട രജിസ്റ്റർ/രേഖകൾ എന്നിവ .

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 36/18-9-23 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഹരിത കർമ്മ സേനാംഗം ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം താഴെ ചേർക്കും പ്രകാരം മാലിന്യം കരാറെടുത്ത കമ്പനി കൊണ്ടുപോയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| തിയ്യതി | അളവ് |
|---|---|
| 14-2-22 | 140 |
| 16-2-22 | 170 |
| 23-2-22 | 225 |
| 3-3-22 | 290 |
| 19-3-22 | 140 |
| 1-4-22 | 155 |
| 2-4-22 | 180 |

ടി രജിസ്റ്റർ പ്രകാരം ആകെ 1300 കി ഗ്രാം പ്ലാസ്റ്റിക് കമ്പനി കൈപ്പറ്റിയിട്ടുള്ളതാണ് എന്നാൽ ഒരു രൂപ പോലും പഞ്ചായത്തിന് വരവു ലഭിച്ചിട്ടില്ല. ഇത്തരത്തിൽ പഞ്ചായത്തിന് നഷ്ടം വരുന്ന രീതിയിൽ മാലിന്യ നീക്കം അനുവദിച്ചത് ഏത് സാഹചര്യത്തിലാണെന്നും ആയതിന് ഉത്തര വാദികളിൽ നിന്നും നഷ്ടതുക ഈടാക്കാതിരുന്നതിലും വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-44 എറിപാറ കോളനി റോഡ് കരാറുകാരൻ നഷ്ട തുക അടവാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം (പ്രോജക്ട് നം.125 വകയിരുത്തൽ -2320589/-രൂപ-SCP) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം ആരംഭിച്ച എറി പാറ കോളനി റോഡ് നവീകരണം എന്ന പ്രവൃത്തി 2019-20 (പ്രോജക്ട് നം.164) 2020/21(പ്രോജക്ട് നം.81)-വർഷങ്ങളിൽ തുടരുകയും 2020-21 വർഷം 1339095/- രൂപയുടെ പാർട്ട് ബിൽ അനുവദിക്കുകയും 2021-22- വർഷം പ്രോജക്ട് നം.153എന്നിങ്ങനെ തുടർന്നു വരുന്നു.2021-22 സാമ്പത്തിക വർഷം അസി.എഞ്ചിനീയറുടെ അപേക്ഷ പ്രകാരം പദ്ധതി പൂർത്തീകരണത്തിനായി 200000/-(രണ്ട് ലക്ഷം രൂപ മാത്രം) രൂപ തനത് ഫണ്ട് കൂടി അധികമായി വകയിരുത്തുകയുണ്ടായി എന്ന് കമ്മറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിരവധി തവണ കരാറുകാരനെ നേരിട്ടും അസി.എഞ്ചിനീയർ മുഖേനയും നോട്ടീസ് നൽകി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയെങ്കിലും ടി കരാറുകാരൻ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നും പട്ടികജാതി വിഭാഗത്തിൻറെ വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ടി പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറുകാരൻ നാളിതുവരെയും തയ്യാറാകാത്തത് ഗൌരവതരമായ കുറ്റമാണെന്നും 20-4-22 ലെ കമ്മിറ്റി

വിലയിരുത്തുകയും ടി പ്രവൃത്തിയുടെ നഷ്ടം മനസിലാക്കി കരാറുകാരനെതിരെ കേസ് കൊടുക്കുന്നതിനും നഷ്ട പരിഹാരം കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ആയതിനായി നാളിതുവരെ ടി പദ്ധതിയുടെ ഭാഗമായി ചെയ്തിട്ടുള്ള പ്രവൃത്തിയെ സംബന്ധിച്ചും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തത് കൊണ്ട് നിലവിൽ കരാറുകാരൻ ചെയ്ത പ്രവൃത്തി കേട്പാട് സംഭവിച്ച് നഷ്ടപ്പെട്ടിട്ടുള്ളതും കാരണം ടി പ്രവൃത്തി യുടെ ഇപ്പോഴത്തെ അവസ്ഥയും നഷ്ടവും തിട്ടപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി 20-4-22 ലെ അജണ്ട-7 തീരുമാനം നമ്പർ 1.

പ്രകാരം കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി ആരാഞ്ഞ് നൽകിയ ഓഡിററ് എൻക്വയറി നം 50/19-9-23 ന് ലഭ്യമാക്കിയ മറുപടിയിൽ ടി റോഡ് വളരെ കീഴ്ക്കാം തുക്കായതാണെന്നും അന്നത്തെ ബില്ലിൽ Earth Filling , Retaining Wall എന്നിവ ചെയ്യിച്ച് ബിൽ നൽകിയതായാണ് അളവു പുസ്തകത്തിൽ കാണുന്നതെന്നും കോൺക്രീറ്റ് പ്രവർത്തി മാത്രമാണ് ബാക്കിയുണ്ടായിരുന്നതെന്നും ,ചെയ്ത എർത്ത് ഫില്ലിംഗ് കാലവർഷത്തിൽ ഒലിച്ചു പോയതിനാൽ ആയതിന്റെ നഷ്ടം 34531 രൂപ തിട്ടപ്പെടുത്തി റിപ്പോർട്ട് സെക്രട്ടറിക്ക് നൽകിയതിന്റെ രേഖയും നഷ്ടത്തുക 34531 രൂപ അടവാക്കുന്നതിനായി ആവശ്യപ്പെട്ട് കരാറുകാരന് നൽകിയ കത്തും ലഭ്യമാക്കിയിട്ടുണ്ട്. നഷ്ട തുക ടിയാൻ അടവാക്കിയ സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നോ , റവന്യൂ റിക്കവറി നടപടി വഴിയോ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-45 ആസ്തി സംരക്ഷണം, ആസ്തി രജിസ്റ്റർ കാലികമാക്കൽ എന്നിവ പൂർണ്ണമായും നടപ്പിലായില്ല

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.

ബി.പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെ വിശദാംശങ്ങളും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (39/18-9-23) ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന്റെ ഭാഗമായി നിലവിൽ റോഡ് R-TRACK പ്രവർത്തിയിലെ വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ല എന്നും ആയതുകൂടി പൂർത്തിയായാലെ റോഡ് മാപ്പിംഗ് പൂർണ്ണ മാവുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-46 ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചില്ല- കമ്മറ്റി തീരുമാന പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

28-5-22- തീരുമാനം നം -6 പ്രകാരം നെല്ലനാട് ഗ്രാമപഞ്ചായത്ത് 2019-2020 സാമ്പത്തിക വർഷം ഭവന പുനരുദ്ധാരണ പദ്ധതി ഗുണഭോക്താവായ ശ്രീ.വിജയൻ, തെക്കുംകര പുത്തൻവീട്, അമ്പലമുക്ക് എന്നയാൾ 25000/- രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) കൈപ്പറ്റിയിട്ടുണ്ടെന്നും എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ലാത്തതായും തുക തിരിച്ചടക്കാനോ പണിപൂർത്തിയാക്കോനോ കഴിയാത്ത സാഹചര്യമാണുള്ളത് എന്ന് ടിയാൻ കത്ത് മുഖേന അറിയിച്ചിട്ടുണ്ടെന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യുടെ കത്ത് കമ്മിറ്റി പരിശോധിക്കുകയും ടി തുക ഈടാക്കുന്നതിനുള്ള നിയമാനുസരണ നടപടിക്കായി നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി വിവരം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ. വിജയൻ എന്നവരുടെ കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-47 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

2018-19 വർഷം മുതലുള്ള ലൈഫ് അക്വിറ്റൻസ് രജിസ്റ്റർ ( Sc) പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കരാർ വർഷം | അവസാനം തുക കൈപ്പറ്റിയത് | ആകെ കൈപ്പറ്റിയത് |
|---|---|---|---|
| ഷീജ രശ്മി<br>ശിൽപ നിവാസ്<br>ചെമ്പട്ട വിള | 2018-19 | 29-8-2019 | 200000 |
| രാജൻ<br>കാരിഞ്ചിപുത്തൻ വീട്<br>വെഞ്ഞാറമൂട് | 2018-19 | 25-2-20 | 360000 |
| സതീഷ്. അമ്മൂസ് ഭവൻ, മാരിയം, വെഞ്ഞാറമൂട് | 2019-20 | 5-4-19 | 40000 |
| കുഞ്ഞുമോൾ, കാവറ വീട് , തണ്ട്രാം പൊയ്ക | 2019-20 | 13-3-23 | 300000 |
| ചന്ദ്രൻ, ചരുവിള പുത്തൻ വീട്, മുളവെട്ടു പറമ്പ് | 2020-21 | 31-3-22 | 300000 |
| സുമ . എസ്. കാവറ വിള, പുത്തൻ വീട് | 2020-21 | 12-1-23 | 200000 |
| ഉഷ. കെ<br>ബംഗ്ളാവിൽ വീട്<br>പുളൂർ | 2021-22 | 26-11-2021 | 40000 |
| വിജി. ജിജിൻ നിവാസ്, വലിയ കട്ടക്കൽ | 2021-22 | 27-3-23 | 200000 |
| രാജീവൻ<br>വെട്ടുവിള വീട് , വെഞ്ഞാറവൂട് | 2021-22 | 27-3-23 | 340000 |
| കുമാരി<br>അശ്വ മാളിക<br>പാലത്തറ<br>പരമേശ്വര | 2021-22 | 29-9-2021 | 40000 |

ഗുണഭോക്താക്കളുമായി ഏർപ്പെടുന്ന കരാർ പ്രകാരം 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തികരിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ കരാർ വച്ച് 4 വർഷം വരെയായിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത വിഷയത്തിൽ വ്യക്തത വരുത്തുന്നതിനാവശ്യപ്പെട്ടതിൽ ക്രമ നം -1 ഷീജ, രശ്മി എന്നിവരുടെ വസ്തുവിലേക്കുള്ള വഴി തർക്കത്തിലും സാധന സാമഗ്രികൾ സൈറ്റിലെത്തിക്കാൻ കഴിയാത്തതിനാലും തുടർന്നുള്ള പണികൾ ചെയ്യാൻ നിർവ്വാഹമില്ലാത്ത അവസ്ഥയിലാണെന്നും ടി തുക തിരികെ ഈടാക്കുന്നതിനുള്ള നിയമനടപടിക്കായി ശുപാർശ ചെയ്യുക മാത്രമെ നിർവ്വാഹമുള്ളു എന്നാണ് മറുപടി നൽകിയിരിക്കുന്നത്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

മറ്റു ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-48 എം സി എഫുകളുടെ പ്രവർത്തനം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് ( സാധാ) 617/2023/എൽ എസ് ജി ഡി തിയ്യതി - 15-3-23പ്രകാരം പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ തീ പിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട ,സുരക്ഷാ മുൻകരുതലുകളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഖണ്ഡിക 3. പ്രകാരം എം സി എഫ് , മിനി എം സിഎഫ് എന്നിവക്ക ചുറ്റും പാഴ്വസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും ഖണ്ഡിക -6 പ്രകാരം പാഴ്വസ്തു സംഭരണ ശാലകളിൽ നിന്നും പാഴ് വസ്തു യഥാസമയം പാഴ് വസ്തു നീക്കം നടക്കുന്നുണ്ട് എന്നും സംഭരണ കേന്ദ്രങ്ങളിലും അതിന് സമീപവും പാഴ് വസ്തുക്കൾ കുന്നുകൂടി കിടക്കുന്നില്ല എന്നും ,എം സി എഫ് , മിനി എം സി എഫ് എന്നിവിടങ്ങളിൽ അഗ്നി സുരക്ഷാ സംവിധാനം ഉണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണെന്നും, പാഴ് വസ്തു സംഭരണ ശാലകളിൽ നിരന്തരം പരിശോധന നടത്തുന്നതിനായി ഒരു ഓഫീസറെ അതാത് തദ്ദേശ സ്ഥാപന സെക്രട്ടറി ചുമതലപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് എൻക്വയറി നം 35/18-9-23 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-49 ടേക്ക് എ ബ്രേക്ക് ശൌചാലയ സമുച്ചയം- ഉദ്ഘാടനം കഴിഞ്ഞ് ആഴ്ചക്ൾക്കള്ളിൽ കേട്ടുപാടുകൾ വരുത്തി- ഉത്തരവാദികൾക്കെതിരെ സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കിയില്ല

ടേക്ക് എ ബ്രേക്ക് സമുച്ചയം- KSRTC സ്റ്റാന്റ്

പ്രോജക്റ്റ് നമ്പർ 12- പ്രകാരം 1228016/- രൂപ തൻവർഷം ചെലവഴിച്ച ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കിയ വെഞ്ഞാറമൂട് കെ എസ് ആർ ടി സി സ്റ്റാന്റിലെ ടോയ്ലറ്റ് കോംപ്ലക്സ് ഓഡിറ്റിന്റെ ഭാഗമായുള്ള സ്ഥല പരിശോധനയിൽ

പരിശോധിച്ചതിൽ രണ്ടു ടോയ്ലറ്റുകളിലെ ഫ്ലഷ് ടാങ്കുകൾ തള്ളി താഴെയിട്ട നിലയിലും ഒന്നിലെ ഫിറ്റിംഗ്സുകൾ കേടുവരുത്തിയ നിലയിലുമാണ്.



കേടു പാടുകൾ വരുത്തിയതിന് ഉത്തരവാദികൾക്കെതിരെ പോലീസിൽ പരാതി നൽകുകയോ , കേടുപാടു വരുത്തിയവരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതിന്റെയും വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ഉത്തരവാദികളിൽ നിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-50 ഇ - ടെണ്ടർ ഇനത്തിൽ ലഭിച്ച തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് കൈമാറാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ കറന്റ് അക്കൌണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു.

2022-23 വർഷം ഇ ടെണ്ടർ ഫീസിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ച 128525/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ അടവാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (38/18-9-27) ടെണ്ടർ ഫോറം വില അസിസ്റ്റന്റ് എഞ്ചീനീയറുടെ പേരിലുള്ള കറന്റ് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക കൈമാറാതെ കറന്റ് അക്കൌണ്ടിൽ സൂക്ഷിക്കുന്നത് ഈയിനത്തിലെ പലിശ വരവ് കുറവാക്കുന്നുണ്ട് ആയതിനാൽ തുക തനതു ഫണ്ടിൽ എത്രയും വേഗം അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-51 കമ്മറ്റി തീരുമാനം നടപ്പിലായില്ല

പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിൻറെ ഭാഗമായി അളന്നു തിരിച്ച് സർവ്വേകല്ലുകൾ സ്ഥാപിക്കുന്നതിനും വേലികെട്ടി തിരിക്കുന്നതിനുമായി വിവരം ലഭ്യമാക്കുന്നതിനും ടി പ്രവൃത്തിക്കാവശ്യമായ തുകയ്ക്കുള്ള പ്രോപ്പോസൽ സമർപ്പിക്കുന്നതും സംബന്ധിച്ച കത്ത് പ്രകാരം പുറമ്പോക്ക് ഭൂമിയുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും പ്രോപ്പോസൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് അപ്രകാരം തയ്യാറിയ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി പ്രകാരം(65/19-9-23) ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-52 ഭവന പുനരുദ്ധാരണം (ജനറൽ)- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 126/23 |
| പ്രോജക്റ്റിന്റെ പേര് | ഭവന പുനരുദ്ധാരണം( ജനറൽ). |
| അടങ്കൽ | 3200000 |
| ചെലവ് | 31000000 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പഞ്ചായത്തിലെ നിലവിൽ മെയിന്റനൻസ് ചെയ്ത് വാസയോഗ്യമാക്കാൻ കഴിയുന്ന ജനറൽ കുടുംബാംഗങ്ങൾക്ക് 100000/- രൂപ വച്ച് നൽകുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. സുലേഖ ചെലവു പത്രിക പ്രകാരം 3100000/- രൂപ ചെലവു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2200000 രൂപയുടെ ചെലവു രേഖകളാണ് ലഭ്യമാക്കിയിരിക്കുന്നത്.

2. പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി,ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ ഉ (കൈ) 115/22 തസ്വഭവ തിയ്യതി- 28-5-2022,ഖണ്ഡിക-6-7 4 പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനായി തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് ഫയലിൽ ഉൾപ്പെടുത്തിയതായി പരിശോധനയിൽ കണ്ടില്ല.

A. സുമതി. ബംഗ്ളാവ് വിള വീട്

B. ശാന്തകുമാരി അമ്മ, കാവു വിള പുത്തൻ വീട്

C. വിലാസിനി, സനിൽ ഭവൻ

D.ജമീല. വെട്ടിയോട്, ലക്ഷം വീട്

F. ലീല.എസ്. എൽ ആർ സദനം

3. ഗുണഭോക്താക്കളിൽ ഭൂരിഭാഗവും മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

4. സുമതി,ബംഗ്ളാവ് വിള വീട് എന്ന ഗുണഭോക്താവിന് 100000രൂപ അനുവദിച്ചിട്ടുണ്ട്. ടിയാളുടെ അപേക്ഷക്കൊപ്പം അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് വച്ചിട്ടില്ല.

5. ശിവകുമാർ . എം, ശ്രീകൃഷ്ണവിലാസം എന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൌണ്ട് സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ എന്നു നൽകിയ പ്രകാരം ടി അക്കൌണ്ടിലേക്ക് തുക പോവുകയും പിന്നീട് ആ അക്കൌണ്ട് ക്ളോസ് ആയതിനാൽ ബാങ്ക് മാറുകയും ചെയ്തു( ഇന്ത്യൻ ബാങ്ക് , വെഞ്ഞാറമൂട്) പുതിയ അക്കൌണ്ടിലേക്ക് തുക പോയതിന്റെ ബില്ല് പരിശോധനക്ക് ലഭ്യമാക്കിയില്ല.

6. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വാസന്തി, കിടാക്കുഴി വീട് എന്നവർക്ക് ആനുകൂല്യം അനുവദിച്ചതായി കാണുന്നു.

മേൽ അപാങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറി നം 21/15-9-23 ന് മറുപടി ലഭ്യമാക്കിയില്ല. പരാമർശപ്രകാരമുള്ള അപാകങ്ങളിൽ എടുത്ത നടപടി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2022-23 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1 | സ്നേഹസ്പർശം( പ്രോജക്റ്റ് നം-59/23) | 388000 |
| 2 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 185558 |
| | ആകെ | 573558 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2399559 | 573558 | 2973117 | 573558 | 2399559 |

2022-23 ൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1. | സ്നേഹസ്പർശം | 330000 |
| 2. | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 93899 |
| 3. | ഹരിത ഭവനം സംയുക്ത പ്രോജക്റ്റ് | 28000 |
| | ആകെ | 451899 |

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | AFS പ്രകാരമുള്ള നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|
| 21620* | 451899 | 473519 | 451899 | 0 | 21620* |

വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | മുൻകൂർ നൽകിയ തുക | | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കി യിരിപ്പ് തുക |
|---|---|---|---|---|---|---|
| | | പദ്ധതി നം, പദ്ധതിയുടെ പേര് | നൽകിയ തുക | | | |
| കെ.എസ്.ഇ.ബി | | 265, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>95, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്(SO)<br>2, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 20000<br>18801<br>262585 | 301386 | ഇല്ല | 301386 |
| കേരള വാട്ടർ അതോറിറ്റി | | 1, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ഷിഫ്റ്റിംഗ് ഗാർഹിക കണക്ഷൻ നൽകൽ<br>133, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ കാരിക്കുഴി, നീലമന<br>132, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ മുളവെട്ട് പറമ്പ്, ഗോകുലം | 845900<br>600000<br>634100 | 2080000 | ഇല്ല | 2080000 |

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| | 2021-22 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്+തിരികെ ഒടുക്കിയത് | 2022-23B-18ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 5870336 | 2080000 | 7950336 | 3187728 | *4762608 |
| കെ.എസ്.ഇ.ബി | 423308 | 301386 | 724694 | - | **423308 |

*സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം തൻവർഷം വാട്ടർ അതോറിറ്റിയിൽ ആകെ 2080000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽത്തുക Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. 460500201 എന്ന ജേണലിന്റെ ലഡ്ജർ പ്രകാരം മുന്നിരിപ്പായ 5870336/- ൽ നിന്ന് വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിച്ച 1107728/- കുറവ് ചെയ്ത് 4762608/- രൂപയാണ് ഡെപ്പോസിറ്റ് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

**സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം തൻവർഷം കെ.എസ്.ഇ.ബിയിൽ ആകെ 281386 രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ മേൽത്തുക Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. 460500202 എന്ന ജേണലിന്റെ ലഡ്ജർ പ്രകാരം മുന്നിരിപ്പായ 423308/- രൂപ തന്നെയാണ് ഡെപ്പോസിറ്റ് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലോൺ | 22047486 | 8760000 | 30807486 | 3166116 | 27641370 |

## 4-5 സ്ഥിര നിക്ഷേപം

പഞ്ചായത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് | തുക |
|---|---|
| സെൻട്രൽ ബാങ്ക് | 6779728 |

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ഖ.1.1.11 ൽ ചേർത്തിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ.സംക്ഷിപ്തവിവരം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 52693059 |
| ഓഡിറ്റ് വർഷത്തെ വരവ് | 65835083 |
| ആകെ | 118528142 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66554466 |

| | |
|---|---|
| നീക്കിയിരിപ്പ് | 51973676 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 80,49,451 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 190782441/- രൂപയും ചെലവ് 194014829 /- രൂപയുമാണ് .

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2656430 | ശ്രീമതി. സാവിത്രി , ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-17 | 480912 | ശ്രീമതി. സാവിത്രി , ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-19 | 95000 | ശ്രീമതി. സാവിത്രി , ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-20 | 100000 | ശ്രീ ഹുസൈൻ കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 102600 | ശ്രീ.രാജീവ്. റ്റി. കെ അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 36553 | ശ്രീ.രാജീവ്. റ്റി. കെ അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 157248 | ശ്രീ ഹുസൈൻ കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 1075000 | ശ്രീമതി. പുഷ്പകുമാരി. വി, ഹെഡ് മിസ്ട്രസ് |
| 1-26 | 219480 | ശ്രീമതി. പുഷ്പകുമാരി. വി, ഹെഡ് മിസ്ട്രസ് |
| 1-34 | 405936 | ഡോ. ഇന്ദു ലേഖ.വി.എം,വെറ്റിനറി സർജൻ |
| 1-35 | 183026 | ശ്രീമതി. ബിജി ജോസഫ്, സെക്രട്ടറി |
| 1-36 | 2080000 | ശ്രീ. ജോയ് കുമാർ. വി,സെക്രട്ടറി |
| 1-41 | 432163(82163+350000) | ശ്രീമതി. ബിജി ജോസഫ്, സെക്രട്ടറി |
| 1-41 | 25103( 20000+5103) | ശ്രീ. ജോയ് കുമാർ. വി,സെക്രട്ടറി |
| ആകെ | 8049451 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഹുസൈൻ കെ അസിസ്റ്റന്റ് സെക്രട്ടറി | റിട്ടയേർഡ് | വടക്കനിൽ , കുറ്റിമൂട്, വെള്ളുമണ്ണടി |
| ശ്രീ.രാജീവ്. റ്റി. കെ അസിസ്റ്റന്റ് സെക്രട്ടറി | നെല്ലനാട് പഞ്ചായത്ത് | രാജീവം . NEAR PVT BUS STAND, MANKADY, KILIMANOOR |
| ശ്രീമതി. സാവിത്രി | ഐ സി ഡി എസ് സൂപ്പർവൈസർ, മാണിക്കൽ പഞ്ചായത്ത് | ചിഞ്ചുമ, മന്തിക്കുഴി, പരുത്തി കുഴി . പി ഒ, നെല്ലനാട് |
| ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി | സെക്രട്ടറി, വെമ്പായം ഗ്രാമപഞ്ചായത്ത് | കടകംപള്ളിൽ ഹൗസ്, CNRA 137A1, ചാത്തിയോട്, നാലാഞ്ചിറ പി.ഒ |
| ശ്രീ. ജോയ് കുമാർ. വി,സെക്രട്ടറി | സെക്രട്ടറി, നെല്ലനാട് ഗ്രാമപഞ്ചായത്ത് | സുഗതൻ ഏരിയ കാട്ടായിക്കോണം പോത്തൻകോട് |
| ഡോ. ഇന്ദു ലേഖ.വി.എം,വെറ്റിനറി സർജൻ | വെറ്റിനറി സർജൻ,നെല്ലനാട് | ശശീന്ദു, സ്നേഹപുരി റസിഡൻസ് അസോസിയേഷൻ, കരുമം പി ഒ |
| ശ്രീമതി. പുഷ്പകുമാരി. വി, ഹെഡ് മിസ്ട്രസ് | ആലന്തറ യു.പി.എസ് | പൗർണ്ണമി, മുളമൂട്, മുതുവിള.പി.ഒ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.റ്റി.വി.എം ജിപി 13/892/2022 തീയതി 17.10.2022 | 1 (3-5) |
| 2009-10 | | 1 (3-4) |

| | | |
|---|---|---|
| 2010-11 | | 4 (3-6(A,B), 3-7(B), 3-8, 3-9 |
| 2011-12 | | 5 (2-1, 3-3, 3-8, 3-9, 3-12) |
| 2012-13 | | 9 (3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15) |
| 2014-15 | | 5 (3-1, 3-3, 3-4, 3-5, 3-7, 3-10) |
| 2015-16 | | 1 (3-3) |
| 2016-17 | | 10 (2-1, 2-6, 3-2, 3-3, 3-4, 3-9, 3-10, 3-11, 3-15, 3-16) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം ജിപി 10/2347/2018 തീയതി 15.02.2019 | 25 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/459/2020 തീയതി 29.05.2020 | 32 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1113/2021 തീയതി 07.01.2023 | 36 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1145/2021 തീയതി 07.01.2023 | 30 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.13/139/2023 തീയതി 17.02.2023 | 36 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(5) dated 27-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nellanad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nellanad Grama Panchayat for the year 2022-2023

Date: 09/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Nellanad Grama Panchayat for the Year 2022-2023.

**1.Major Observations**

1. Discrepancies/omissions in carrying forward of the closing balance in the year in respect of assets/liabilites are detailed below

i) As per AFS RP 40(b) of previous year SBI-e-payment account balance is Rs.1030582. But according to this year's AFS, the outstanding amount in the head is Rs. 1030587.

3)Payment voucher- Misclassification. Detailes appended below i)

According to the Sulekha Expenditure Statement, a total of Rs.2080000 has been deposited with the Water Authority for the year. But the above was not included in the title
Advance to implementing agencies.

ii) According to Sulekha Expenditure Statement, a total of Rs 281386 has been invested in KSEB this year. But the above

was not included in the title Advance to
implementing agencies.
iii) An amount of Rs.1107728/- has been booked receipt as per RP-49 Advance to implementing agencies -deposit with kerala water authority. According to the conerned ledger, the unspent amount deposited in the Water Authority in the form of Finance Commission Grant-Tide has been returned. The balance amount of Finance Commission grant under Schedule B-4 does not reflect this as it is erroneouslt received in own fund account.

4. Non production of investment and other share certificate for physical verificaton. F.D receipt of Rs.1779728/- on investments as per schedule B-12 has not been
made available for verification. The bank statement has been made available for inspection

5.Deficit account for the institution as per income and expenditure statment. There is a deficit of Rs.3232388/-

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit
eg. ratios, notes to accounts
2. Cash flow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance pf cash and cash equivalance
3. Misclassification of receipt voucher. For examples

| Receipt No. date | Amount | Title to be booked as per receipt | Title as received |
|---|---|---|---|
| 1220103312/26.9.22 | 1500 | As per the register of paramedical Institutions , it should have been booked under profession tax | Renewal of registration |
| 1220100018/5.4.2022 | 500 | Licence fee of FACTEOS | Registration fee for paramedical institutions |
| 1220100475/27.4.22 | 3500 | Profession tax&renewal of licence fees | Renewal of licence fee |
| 1220101844/27.6.22 | 2700 | Profession tax -traders | Renewal of registration |
| 1220102415/1.8.22 | 1000+1500 | Licence fee of FACTEOS-1000<br><br>Profession tax-1500 | Renewal of licence fee |

4. Amounts are withdrawn by cheque even before entry in the bank book. Examples are given below.

| Voucher no.& date | Item | Amount | Cheque no. date | payment order no.date |
|---|---|---|---|---|
| 222000134/20.5.2022 | Elecctricity charge office | 11552 | 55190/5.4.22 | 62240022100161/14.5.22 |
| 22200139/20.05.22 | Electricity charge for street | 5102 | 55190/5.4.22 | 62240022100158/19.5.22 |

| | | | | |
|---|---|---|---|---|
| | light | | | |
| 22200147 | Salary of MNREGS staff | 130620 | 55189/4.4.22 | 62240022100136/12.5.22 |
| 22200120 | Salary of daily wages | 111090 | 55189/4.4.22 | 62240022100093/8.5.22 |

5. The following registers are not maintained/does not match with accounts not reliable for audit

eg. Appropriation control registers of stateshare and central share

6. Lapses in making timely and accurate demand entries inrespect of tax and non tax revenue

eg. There is no demand entry in the property tax ledger at the beginning of the year and every month thereafter. The entry has been made only on 31.03.2023

7. The demand registers are not periodically reconciled with accounts

8. Grant liability amount shown as liability in Balancesheet does not match with Bank account apened for the specified grant account

eg.i)As per schedule B-4, there is a balance of Rs.181076- under the head SSA. But as per B-17 the balance in the said account is Rs.716666/-.

ii)As per schedule B-4, there is a provision of Rs.97541 under the title of literacy scheme grant. But as per B-17 the balance in the said account is Rs.35019/-

9. Amount used for asset creation using specific grant account not transferred to Capital contribution and treated as revenue income

| project | amount | Remarks |
|---|---|---|
| 31,Rennovation of venjarammoodu market | 874658 | Toilet and dressing room are constructed at market |

10. Demand registers does not match with Financial statements

| Item | As per demand register/Sanchaya | Demand asper A.F.S | Collection asper register/sanchaya | Collection as per A.F.S | Balance as per register/sanchaya | Balance as per A.F.S |
|---|---|---|---|---|---|---|
| property tax Residential Arrear+cureent | 3974514 | 4003270 | 3911288 | 3903534 | 62532 | 66078 |
| Property tax Non ResidentialArrear+cureent | 7202397 | 7062412 | 6806317 | 6796921 | 359828 | 377842 |
| Rent of shopping complex | 4075166 | 5260492 | 3963316 | 4504957 | 111850 | 755535 |

11. providing provision on doubtful debit without ascertaining year bar break up of arrears not providing adequate provision for doubtful debits

12.1. Schedules of the following financial statement is not produced

eg. Schedule B1 which includes the statement of adjusted entries for the current year

13. Discrepancies/omissions in carrying forward of the closing balance in the year in respect of assets/liabilites are detailed below

| Head code | closing balance asper balance sheet of AFS 2021-22 | Opening balance as per general ledger trial balance of AFS 2022-23 |
|---|---|---|
| 320200104 | 0 | 438061 |

| | | |
|---|---|---|
| 350300112 | 0 | 5 |
| 415110001 | 0 | 3069159 |
| 415120008 | 0 | 4868033 |
| 450210101 | 30795630 | 50674405 |
| 450210102 | 1030582 | 18654 |
| 450210103 | 14933784 | àÂÂÂÂÂÂµÂÂÂÂÂÂ¦ |
| 450250102 | 1000000 | 0 |
| 450410101 | 66393 | 0 |
| 450420101 | 425523 | 0 |
| 450430101 | 18654 | 0 |
| 450610102 | 30710 | 0 |
| 450610103 | 696418 | 0 |
| 450610104 | 34088 | 0 |
| 450610105 | 2661272 | 0 |
| 450650109 | 1000000 | 0 |
| 320200112 | 438061 | 0 |
| 340200102 | 615510 | 0 |
| 350200116 | 18528 | 0 |
| 410300101 | 2533191 | 0 |
| 410710101 | 2478673 | 0 |
| 410710103 | 1957311 | 0 |
| 410710199 | 432049 | 0 |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്